# മലയാളരാജ്യം

## ചിത്രവാരിക.

SAHRUDAYA PUBLIC LIBRARY ✻ K. JACOB THOMAS MEMORIAL MANNARGHAT
R-85

പുസ്തകം ൧. | ൧൧൦൮ ചിങ്ങം ൨൫-ാംനു- തിങ്കളാഴ്ച. | ലക്കം ൧.



വോൺ ഹിൻഡൻബർഗ്ഗിൻെറ 8(-ാമത്തു ജന്മദിനം ആഘോഷിക്കപ്പെട്ട അവസരത്തിലെ 'കുടുംബചിത്രം.'
അദ്ദേഹത്തിൻെറ പുത്രനും പുത്രഭാര്യയും പൌത്രരുമാണു് ചിത്രത്തിൽ കാണപ്പെടുന്ന മററംഗങ്ങൾ.

U. P. S.

# ഇന്നത്തെ ഏററവും മഹനീയരായ പതിനൊന്നു ഭാരതീയർ.

കെ. ഈശ്വരദത്തു്.

ഇന്നു് ജീവിച്ചിരിക്കുന്ന ഭാരതസന്താനങ്ങളിൽ അത്യന്തം മഹനീയരായ ആ പതിനൊന്നുപേർ ആരെല്ലാം? പതിനൊന്നു എന്ന സംഖ്യയ്ക്കുതന്നെ പ്രസക്തിഎന്തു്? ഒരു 'ടീം' സാധാരണയായി പതിനൊന്നു പേരായതുകൊണ്ടുമാത്രം. ആ മഹാപുരുഷർ ആരെല്ലാമെന്ന ചോദ്യംതന്നെ വീണ്ടും ചോദിക്കാം. ചോദ്യം കേവലം ലഘുവാണു്. എന്നാൽ അതിനു ഒരു ഉത്തരം കല്പിക്കയെന്നതു വളരെ വളരെ വിഷമമത്രേ പട്ടിക രചിക്കുവാൻ തുടങ്ങുന്ന ഒരാൾക്കുമാത്രമേ അതിൻെറ വൈഷമ്യം ഗ്രഹിക്കാൻ കഴികയുള്ളൂ. ഏററവും വലിയ രാജതന്ത്രവിശാരദനാരെന്നോ, ഏററവും വലിയ കവിയാരെന്നോ, ഏററവും വലിയ ശാസ്ത്രജ്ഞനാരെന്നോ, ഏററവും വലിയ തത്വചിന്തകനാരെന്നോ, മനുഷ്യപ്രയത്നങ്ങളുടെ ഇന്നയിന്ന വകുപ്പുകളിലെ അഗ്രഗണ്യന്മാരായുള്ളവർ ഏതേതു ആളുകളെന്നോ ഉള്ള ചോദ്യത്തിനു എളുപ്പത്തിൽ ഉത്തരം പറവാൻ സാധിച്ചേക്കാം. എന്നാൽ ഏററവും മഹനീയരായ പതിനൊന്നു ആളുകളുടെപേർ കുറിക്കുവാൻ തുടങ്ങുന്നതു വൈഷമ്യമേറിയ ഒരു സാഹസംതന്നെയാണു്. എന്തെന്നാൽ ഒരു തരംതിരിപ്പു ആ ചോദ്യത്തിൻെറ വിഷയത്തിൽ സുഗമമല്ല. മാഹാത്മ്യം എന്നതിൻെറ അത്ഥവ്യാപ്തിയെ ആശ്രയിച്ചാണു മുഖ്യവൈഷമ്യം സ്ഥിതിചെയ്യുന്നതു്.

ദൈവാധീനത്താൽ, ഇതു വോട്ടെണ്ണിതീച്ചപ്പെടുത്തേണ്ടുന്ന ഒരു കാൎയ്യമല്ല. ജനസ്വാധീനത എന്ന വിഷയത്തിലെ ഒരു മത്സരമല്ല ഇതു്. പ്രാമാണ്യം ഉള്ള ഒരു മനുഷ്യൻ ഔന്നത്യംഉള്ള ഒരുവൻ എന്ന ആശയത്തിൽനിന്നു കേവലം ഭിന്നമാണെന്നും ഔന്നത്യമുള്ള മനുഷ്യൻ ഒരു മഹാൻ ആയിരിക്കണമെന്നില്ലെന്നും—മിക്കപ്പോഴും അതങ്ങനെയല്ലെന്നു ഉറപ്പിച്ചുതന്നെ പറയാവുന്നതാണു്—എല്ലാവരും സമ്മതിക്കുമല്ലോ. ഒരു ദൃഷ്ടാന്തംകൊണ്ടു ഈ ആശയത്തെ വിശദീകരിക്കാൻ അനുവാദമുള്ളപക്ഷം, മൗലാനാഷൗക്കത്താലി പ്രാമാണ്യമുള്ള ഒരുവനാണെന്നും അതിൽകവിഞ്ഞ ഒരു സ്ഥാനം അദ്ദേഹത്തിനില്ലെന്നും പറയാവുന്നതാണു്. പ്രൊഫസ്സർ ഹാരോൾഡ് ലാസ്കിയുടെ "എൻെറസ്നേഹിതൻ സർ തേജ് ഒരു ഔന്നത്യമുള്ള മനുഷ്യനാണു്" എന്ന അഭിപ്രായത്തോടു ആരും യോജിക്കും. പതിനൊന്നുപേരുടെ പട്ടിക ഞാൻ നിമ്മിക്കാൻതുടങ്ങുന്നതിൽ അദ്ദേഹത്തിൻെറ പേരു ഉൾപ്പെടുമോ എന്നു പറവാൻ സാധിക്കുന്നതല്ല—ഏതായാലും ഈ ഘട്ടത്തിൽ എനിക്കതു തിർച്ചപ്പെടുത്തുവാൻ വയ്യ. ഗാന്ധിജി ഉൾപ്പെടുമെന്നുള്ളതു് നിർവിവാദം. എന്നാൽ ഒരു മഹാനായ മനുഷ്യനെന്നാൽ എന്താണു്? ഒരു മഹാനെന്നതിനെ വണ്ണിക്കാമെന്നല്ലാതെ ശരിയായി നിർവചനം ചെയ്യുന്നതു അത്ര എളുപ്പമല്ല. ഡിസ്രേലിയെക്കാൾ കൂടുതലായി അതിനെ നിർവചിച്ചിട്ടുള്ള മററു വല്ലവരും ഉണ്ടോ എന്നും എനിക്കറിവില്ല. അദ്ദേഹത്തിൻെറ വാക്കുകൾതന്നെ ഈ സന്ദർഭത്തിൽ വിവരിക്കാം. അദ്ദേഹത്തിൻെറ വിജ്ഞാനശാലയിൽനിന്നു ഒരു വിസ്മയാവഹമായഭാഗം താഴെ ചേക്കാം.

'ഒരു മഹാൻഎന്നാൽ എന്താണു്? ഒരു സംസ്ഥാനത്തെ ഭരിക്കുന്ന മന്ത്രിയായിരിക്കുമോ? ഒരു ഘോരയുദ്ധംജയിച്ചു മടങ്ങുന്ന ധീരസേനാനിയായിരിക്കുമോ? വിൻഡ്സർയൂനിഫാറം ധരിച്ചിരിക്കുന്ന ഒരു മാന്യനോ? കീത്തിമുദ്രകൾ അണിഞ്ഞുനില്ക്കുന്ന ഒരു ഫീൽഡ്മാർഷൽ ആയിരിക്കുമോ? ഒരു ഇടപ്രഭുവോ നാടുവാഴിയോ? ഒരു മഹാരാജാവോ ചക്രവത്തിയോ ആയിരിക്കുമോ? ഒരു മഹാൻ ഇതിൽ ഏതൊന്നും ആയിരിക്കാം. എങ്കിലും ഇവരിൽ ആരുംതന്നെ ഒരു മഹാപുരുഷനായിരുന്നേതീരു എന്നില്ലെന്നുള്ളതു നമുക്കെല്ലാം നിത്യം തോന്നുന്നതുമാത്രമാണു്. ഏതൊരുമനുഷ്യൻ തൻെറകാലത്തെ ജനതയുടെ ചിത്തത്തെ സ്പർശിക്കുന്നുവോ അവനത്രെ മഹാൻ.'

ഇതു് ഇന്നുജീവിക്കുന്ന ഭാരതീയരിൽ ഏററവും മഹനീയസ്ഥാനത്തു ശോഭിക്കുന്നവരെ നിണ്ണയിക്കുക എന്ന സന്തോഷകരമായ വിനോദത്തിൽ ഏപ്പെട്ടിരിക്കുന്ന ഒരുവനു ഒരു അധിഷ്ഠാനതത്വമായിതീരുന്നു അതു ശരിയായ അധിഷ്ഠാനമാണുതാനും

ആദ്യത്തെപേരു കുറിക്കുന്നതിനു യാതൊരു വിഷമവുമില്ല. അതിനെപ്പററി സന്ദേഹം ലേശംപോലുമില്ല. അദ്ദേഹത്തിൻെറ സ്ഥാനം സുവ്യക്തമാണു്. ആലങ്കാരികനായ മെക്കാളിയുടെ വചനങ്ങളിൽ പറയുന്നപക്ഷം, ലോകത്തിലെ അത്യുന്നതപവ്വതശൃംഗങ്ങളിൽവച്ചു പ്രഥമസ്ഥാനം എവറസ്റ്റിനും, മഹാനദികളിൽവച്ചു പ്രഥമസ്ഥാനം മിസ്സിസ്സിപ്പിക്കും, ശ്ലക്ഷ്ണശിലാനിർമ്മിതമായ സ്മാരകമന്ദിരങ്ങളിൽ വച്ചു പ്രഥമസ്ഥാനം ടാജ്മഹാളിനും കല്പിക്കുന്നതിൽ കവിഞ്ഞ തീർച്ചയോടുകൂടി മഹാത്മാഗാന്ധിയെ ഇന്നു ജീവിക്കുന്ന ആളുകളിൽവച്ചു ഏററവും മഹാൻ എന്നു നിർദ്ദേശിക്കാവുന്നതാണു്. അദ്ദേഹത്തെപ്പററി പറയുമ്പോൾ ഇൻഡ്യയിലെ എന്നു പരിമിതമാക്കേണ്ട ആവശ്യമേയില്ല. അദ്ദേഹം അതുല്യനെന്നു മാത്രമല്ല, അദ്വിതീയനെന്നുകൂടിപ്പറയണം. ഷേക്സ്പീയറിനെക്കുറിച്ചു സമകാലികനായ സാഹിത്യകാരൻ എഴുതിയിരിക്കുന്നതുതന്നെ അദ്ദേഹത്തെക്കുറിച്ചും പറയാവുന്നതാണു്.

'നമ്മൾ നിർവഹിച്ചിട്ടുള്ളതിൽ ഏററവും വലിയകാൎയ്യമാണു് അദ്ദേഹം. ലോകരണാങ്കണത്തിൽ അദ്ദേഹമാണു നമ്മുടെ നായകൻ. അദ്ദേഹവുമായിടഞ്ഞു ഖഡ്ഗമുയത്തുവാൻ ഒരുവനുമില്ല. സിറിയസ്സിനെപ്പോലെഅദ്ദേഹത്തിൻെറ മഹസ്സു ഒന്നു പ്രത്യേകംതന്നെ. നമ്മുടെ നഭസ്സിൽനിന്നു അദ്ദേഹത്തെ കുറവുചെയ്യുക. അദ്ദേഹം ജനിച്ചിരുന്നില്ലെന്നു ഒരു ക്ഷണനേരത്തേയ്ക്കു സങ്കല്പിക്കുക. ജീവിതത്തിൻെറ ഭാവനാസമ്പത്തു ഒരു താഴ്ന്ന കക്ഷ്യയിലേക്കു സംപതിച്ചുപോകുന്നു. നാം വെറും—അയാഗോവിൻെറ വാക്കുകൾതന്നെയാവട്ടെ—ഒരു തുച്ഛവസ്തുവായി തീരുകയും ചെയ്യുന്നു.'

കുറഞ്ഞാൽ രണ്ടുജനതയുടെഎങ്കിലുംഭാഗധേയങ്ങളെ സവിശേഷം ബാധിച്ച നയപ്രമാദങ്ങളും പരിമിതികളും അദ്ദേഹത്തെ സംബന്ധിച്ചു പറയാനുണ്ടായിരുന്നാലുംഅദ്ദേഹത്തിൻെറ മാഹാത്മ്യം, ആ സാന്നിധ്യത്തിൽ മററു തേജസ്സുകൾ മങ്ങിപ്പോകത്തക്കവണ്ണം അത്രയ്ക്കു സ്വയംദീപ്തമാണു്. ലോകത്തെ അദ്ദേഹം തൻെറആശയങ്ങൾകൊണ്ടും മാനസികമാഹാത്മ്യത്തിൻെറ ബഹിഃപ്രകാശനങ്ങൾകൊണ്ടും വിഷമിപ്പിച്ചു എന്നു പറയണം. ഗോഖലെ പറഞ്ഞതുപോലെ അദ്ദേഹം സാമാന്യമൃൽപിണ്ഡങ്ങളിൽനിന്നു വീരപരാക്രമികളെ സൃഷ്ടിച്ചു. മിസ്റ്റർ സി. ആർ. റെഡ്ഡിയുടെ അനനുകരണീയവാക്യത്തിൽ പറയുന്നപക്ഷം അദ്ദേഹം നമ്മെ അജ്ഞാതതത്തിൽനിന്നു ചരിത്രത്തിലേക്കു കൊണ്ടുവന്നാക്കി. ഒററവാക്കിൽപറഞ്ഞാൽ, അദ്ദേഹം നിസ്തുലനാണു്.

നമ്മുടെ മഹാപുരുഷന്മാരിൽ രണ്ടാമനെയും തുല്യധൈൎയ്യത്തോടുകൂടി കുറിക്കുമെന്നുള്ളതും ആശ്വാസംതന്നെ. ദേശീയമായ ഒരു മഹാപ്രബുദ്ധതയ്ക്കു മററു സകലരേക്കാൾ കൂടുതൽ നിദാനമായ മഹാപുരുഷനിൽനിന്നു, ആ പ്രബുദ്ധതയ്ക്കുഒരു ബഹിഃപ്രകാശനനാദം, പാശ്ചാത്യമോ പൗരസ്ത്യമോ ആയ എല്ലാശ്രുവണപുടങ്ങളേയും, എത്രയും സ്വർഗ്ഗീയമായ ഒരു മാധുരീവിശേഷത്തോടുകൂടി സല്ക്കരിച്ചു ഒരു നാദലഹരി, നൽകിയ മഹാപുരുഷനിലേക്കു കടക്കുന്നതിൽ ഒരു വിശിഷ്ടമായ ഔചിത്യംതന്നെയുണ്ടു്. 'രവീന്ദ്രനാഥൻ നമ്മുടെ ദേശീയതയ്ക്കു ഒരു സാർവരാഷ്ട്രികവൈശിഷ്ട്യം പ്രദാനം ചെയ്യുകയും, അതിനെ കലാസംഗീതങ്ങളെക്കൊണ്ടും തൻെറ വചനവശ്യതകൊണ്ടും സമ്പന്നമാക്കുകയും, അപ്രകാരം അതു ഇൻഡ്യയുടെ പ്രബുദ്ധമായ ആത്മാവിൻെറ പൂർണ്ണോജ്ജ്വലമോടുകൂടിയ പതാകയായതീരുകയും ചെയ്തിരിക്കുന്നു' എന്നു പണ്ഡിതജവഹരിലാൽ പ്രസ്താവിച്ചിട്ടുള്ളതു സർവസമ്മതംതന്നെയായിരിക്കുന്നതാണു്.

അടുത്തതു ആരാണു്? യഥാർത്ഥമായ വൈഷമ്യമാണു ഇവിടെ നേരിടുന്നതു്. ഉചിതസ്ഥാനങ്ങൾ നിർണ്ണയിക്കുവാനുള്ള വൈഭവം എനിക്കില്ലെന്നു വച്ചൊഴിയുകതന്നെ വേണ്ടിയിരിക്കുന്നു. എൻെറ പട്ടികയിലെഅടുത്ത നാലു സ്ഥാനങ്ങൾ ഒരുചെറുസംഘം പ്രതിഭാവിശിഷ്ടന്മാൎക്കാണു നൽകേണ്ടതെന്നു എനിക്കു തോന്നുന്നുണ്ടെങ്കിലും, ബോസ്, റായി, രാമൻ, രാധാകൃഷ്ണൻ എന്നി നാലുപേരെ, പരിഷ്കൃതലോക

ത്തിൻെറ മതിപ്പിൽ ഇന്ത്യായുടെ സ്ഥാനത്തെ അതിമാത്രം ഉയത്തിയിട്ടുള്ളവരെന്നു സവ്വസമ്മതി സിദ്ധിച്ചുകന്ന ഈ ദാല്യപേരെ, ഏതു മുറയ്ക്കാണ് എൻെറ പട്ടികയിൽ സ്ഥാപിക്കേണ്ടതെ എന്നിക്ക നിശ്ചയമില്ല.

അവരിൽ ഏററവും യംക്രട്ടിയ സർ ജെ. സി. ബോസ്—അഹ ിന ഇന്ന ൭൦ വയസ്സു പ്രായമുട—അദ്ദേഹത്തിൻെറ സ്വന്ത വാചകത്ത ന്ന പറയുന്നതായാൽ 'പൌരസ്ത്യ പാശ്ചാത്യശാസ്ത്രവിജ്ഞാനങ്ങളെ മനുഷ്യവ ൻെറ നന്മയ്ക്കായി ഗാഢതരമായ ബന്ധത്തിൽ അടുപ്പിക്കുവാൻ' നിരന്തര ചെയ്തിട്ടുണ്ട്. ഫലമോ? അദ്ദേഹം ശാസ്ത്രജ്ഞന്മാരിൽ അഗ്രഗണ്യനെന്ന ്, പുതിയ ലോകത്തെ പ്രകാശിപ്പിച്ചു ന്നു, മററു ജനവംശങ്ങൾക്ക സാധ്യമിട്ടില്ലാത്ത വിധത്തിൽ ഇൻഡ്യൻസംസ്കാരത്തിനു ഒരു ശാശ്വതത്വം പ്രദാനം ചെ ന്ന അജയ്യവും, അവിനാശവും ആ ധമ്മവിശേഷം തന്നിൽ ഉൾക്കൊള്ളു ഒരുവനെന്നു്,അംഗീകരിക്കപ്പെട്ടിരിക്ക ദി ഫോർട്ടുനൈററ്ലി റിവ്യൂ' എന്ന ികയുടെ ലിറററി എഡിററർ പ്ര ിരിക്കുന്നതായി കാണുന്നതിൽ കവി ലത്താ യ ഒരു പ്രശംസ എൻഡ ഹത്തിനു നൽകുവാൻ കഴിവുള്ളതു് മ ജഗദീശനിൽ മുപ്പതു ശതവർഷ ാര പ്രതിഭാസമ്പത്തു മുഴവൻക്രട്ട ൽ തമായി, തുല്യമായ മറെറാന്നിനെ നിൻ ത്യലോകത്തുനിന്നു കണ്ടുകൂടുവാൻ ചിത ത്ത തരത്തിലുള്ള ഒരു ശാസ്ത്രീയ ി പരിണമിച്ചിരിക്കുന്നു.'

അത്യുന്നതസ്ഥാനഗന്ത തന്ത്രവിജ്ഞാനി, ഒരു വ്യാവ താവ്, ഉപാധ്യായൻ, രാജ്യപ്രണ ാരി 'ലഘുജീവിതവും ഉൽകൃഷ്ട എന്നതിൻെറ ജീവൽദൃഷ്ടാന്തങ്ങ വൻ എന്നീ നിലകളിൽ സർ ിക്ക ഇന്നത്തെ ഭാരതീയമഹാപുരു ട ക്രട്ടത്തിൽ സുനിശ്ചിതമായ ാന്ത നെയുണ്ട്. 'മഹത്വം ഇത്ര വലം ലഘുരൂപത്തിൽ കാണപ്പെട്ട ായിട്ടില്ല' എന്നതു ഗാന്ധിജിയെ ൽപിന്നെ ആചാര്യ റായിയേക്കാ ൽ സമുചിതമായി മററാരെയും പ വാൻ സാധിക്കുന്നതല്ല. അദ്ദേഹ നിസ്തന്ദ്രമായ വ്യവസായം, ഒരിക്ക നേരിടാത്ത ചൈതന്യം, സംഘ യ്യും, സ്വരാജ്യസ്നേഹവൈവശ്യം, സ്നേഹ പാരവശ്യം, അഭ്യസ്തവിദ്യരായ ങ്ങളുടെ തൊഴിലില്ലായ്മ, ജനങ്ങ ദ്രാവസ്ഥ എന്നിതുകളുമായി അ ചെയ്യുന്ന നിരന്തരസമരം ഇവയെല്ലാ മദ്ദേഹത്തിൻെറ നാട്ടാക്കു നാദാ സ കമായി ശോഭിക്കുന്നു.

ശാസ്ത്രവിജ്ഞാനത്തിൽ നേ പ്ര സ് സമ്പാദിക്കുകയെന്നതു സ യ ഒരു വൈശിഷ്ട്യമല്ല. അൻപ ത വയസ്സിനു മുമ്പു അതു സമ്പാദിച്ച നു ള്ളതു മനുഷ്യമാഹാത്മ്യത്തിൻെറ അ മു ദ്രയുമത്രേ. എയിൻസ്റ്റിൻെറ നിക ർ സർ സി. വി. രാമൻ സ്ഥിതിചെയ്യു

ന്നുള്ളതു ഇൻഡ്യയ്ക്കു അഭിമാനാസ്പദമാണ്. 'റേഡിയേഷൻ' എന്നതിനെ സംബന്ധിച്ചുണ്ടായിരുന്ന ധാരണയെ സമൂലപരിവർത്തനം ചെയ്ത ഒരു കണ്ടുപിടിത്തത്തിനു അദ്ദേഹത്തോടാണു ശാസ്ത്രലോകം കടപ്പെട്ടിരിക്കുന്നതു്. ശാസ്ത്രലോകത്തിൽ അതു അദ്ദേഹത്തിൻെറ നാമത്തെ ഒരു ശാശ്വതസമ്പാദ്യമാക്കിത്തീർത്തിട്ടുമുണ്ട്.

തത്വചിന്തകനായ ഒരുവൻെറ യോഗ്യതാനിർണ്ണയത്തിൽ ആശ്രയവിഷയമായി മുഖ്യകൃതിയൊന്നുമില്ലെന്നുള്ളതു തത്വചിന്തയുടെ സുവ്യക്തപരിമിതികളിൽ ഒന്നുമാത്രമാണ്. എന്നിരുന്നാലും സർ എസ്സ്. രാധാകൃഷ്ണനെ ഇന്നത്തെ ഭാരതീയമഹാപുരുഷന്മാരുടെ ക്രട്ടത്തിൽ ഉൾപ്പെടുത്തുവാൻ എളുപ്പമാണ്. പ്രതിഭാപരമായ സംസ്കൃതഭാവം, അഗാധമായ തത്വജ്ഞാനസമ്പത്തു എന്നിവയ്ക്കു അദ്ദേഹം അതിവിശിഷ്ടോദാഹരണമാണ്. മാധുര്യപ്രകാശങ്ങളുടെ സങ്കലനമെന്നു മാത്യൂ ആർനോൾഡ് വിവക്ഷിക്കുന്ന ആ അപൂർവ്വയോഗമാണു അദ്ദേഹം ആവിഷ്കരിക്കുന്നതു്. പണ്ഡിതനും ചിന്തകനും എന്ന നിലയിൽ അദ്ദേഹം വിവിധജനവംശസമ്മതമായ സ്ഥാനത്തുതന്നെ എത്തിക്കഴിഞ്ഞിരിക്കുന്നു. പാശ്ചാത്യപൌരസ്ത്യലോകങ്ങളെ പരസ്പരം വ്യാഖ്യാനിച്ചു മനസ്സിലാക്കുന്ന വിഷയത്തിൽ അദ്ദേഹം പ്രതിദ്വാപരവും ആദ്ധ്യാത്മവുമായ സ്ഥാനപതിത്വം വഹിക്കുന്നു. ആശയങ്ങളുടെ പ്രസ്ഫുടമായ വിശദീകരണം, ഹൃദയാവർജ്ജകമായ പ്രകാശനം എന്നിവയിൽ അദ്ദേഹത്തിനു നിസർഗ്ഗസിദ്ധമായുള്ള മാഹാത്മ്യം തുല്യസ്ഥാനീയരുടെ അസൂയയ്ക്കും—ചിലപ്പോൾ മനോഭംഗത്തിനും—വിഷയമായിട്ടുണ്ട്. ഒരു വാചകത്തിൽ 'ഒരു ജീവിതത്തിൻെറ സൂക്ഷ്മരഹസ്യങ്ങളെ' അടക്കിവയ്ക്കുന്നതിനു അഥവാ പ്രപഞ്ചത്തിൻെറ രഹസ്യങ്ങളെ ഒരു സൂത്രവാക്യത്തിൽ സമ്പുടീകരിക്കുന്നതിനു അദ്ദേഹത്തിനുള്ള പ്രത്യേക വൈദഗ്ദ്ധ്യം വളരെ ചുരുക്കംപേർക്കുപോലും ഇല്ല.

എൻെറ പട്ടിക പൂർത്തിയാക്കുന്നതിനു അഞ്ചുപേരുകൾക്രടി ആവശ്യമുണ്ട്. മുന്നോട്ടു പോകുന്തോറും വൈഷമ്യം ക്രടുന്നതു സ്വാഭാവികംതന്നെ. ഒരു പക്ഷേ ആ വൈഷമ്യം ഞാൻ ഭയപ്പെടുന്നതിൽ സ്വല്പം കുറവാണ്. മഹാത്മജിയെമാത്രം ഒഴിവാക്കിയാൽ നമുക്കു ഇന്നുള്ള വംശീയപ്രവർത്തകന്മാരിൽ പ്രഥമസ്ഥാനാർഹനായ മഹാപുരുഷൻെറ കാര്യം ഞാൻ ഇതുവരെ പ്രസ്താവിച്ചുകഴിഞ്ഞില്ലല്ലോ. നേഷൻെറ ആജന്മസേവകൻ, ഏതു വിഷമസന്ധിയലും പാഞ്ഞെത്തി നിവാരണം സാധിച്ചിട്ടുള്ള ദേഹം, അവ്യഭിചരിതമായ രാജ്യസ്നേഹവും അകളങ്കിതപൌരുഷവും നിറഞ്ഞ മനുഷ്യൻ, പുരാതനപാരമ്പര്യത്തിൻെറയും അധുനാതനചിത്തഗതിയുടെയും ഒരു അപൂർവ്വയോഗം, എന്നിങ്ങനെ പണ്ഡിത മദനമോഹനമാളവ്യ അനുപേക്ഷണീയരുടെ ക്രട്ടത്തിൽ പ്രശോഭിക്കുന്നു.

അടുത്തതാരു്? അടുത്ത സ്ഥാനം റൈററു ആണറബിൾ വി. എസ്. ശ്രീനിവാസശാസ്ത്രിക്കാണെന്നാണു വ്യക്തിപരമായി എൻെറ വിചാരം. അദ്ദേഹത്തിൻെറ ഉൽക്കർഷം ഇൻഡ്യയുടെ ആധുനികചരിത്രത്തിൻെറ വിശിഷ്ടപ്രകാശനങ്ങളിൽ ഒന്നാണ്. ഗോഖലയുടെ പിൻഗാമിയും ഗാന്ധിജിയുടെ മിത്രവും ഇന്ത്യയുടെ ദാസനും രാജ്യതന്ത്രവിശാരദനും, സാമ്രാജ്യത്തിൻെറ വാഗ്മിയും സ്ഥാനപതിയും, എന്ന നിലയിൽ മി. ശാസ്ത്രി ചരിത്രം സഞ്ജാതമാക്കിയിരിക്കുന്നു 'ഒരു രാജ്യതന്ത്രവിശാരദൻെറ വിശാലതയും ഒരു പണ്ഡിതൻെറ അഗാധതയും, ഒരു മതപ്രചാരകൻെറ ഉല്ക്കടോൽസാഹവും സഞ്ചയിക്കുന്ന ഒരു മനുഷ്യവർഗ്ഗസ്നേഹി' എന്നു ലോകം മുഴവനും അദ്ദേഹത്തെ സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിൻെറ ചൈതന്യസമ്പത്തിനെ പുകഴ്ത്തുന്നതുപോലെതന്നെ അദ്ദേഹത്തിൻെറ ശീലമാഹാത്മ്യത്തിനെ ജനങ്ങൾ സമാദരിക്കയും ചെയ്യുന്നു. ഇന്ത്യയുടെ 'നാഷണൽ' അഭിലാഷങ്ങളിലെ ഉത്തമാംശങ്ങളുടെ എല്ലാം പ്രാതിനിധ്യം വഹിക്കുന്നയാളും അപ്രതിഷേധ്യമായ ഉദ്ദേശശുദ്ധിയിൽ ഗാന്ധിജിയുടെ തുല്യനും, പ്രായോഗികജ്ഞാനത്തിൽ അദ്ദേഹത്തെ തുലോം അതിശയിക്കുന്നവനും' എന്നു 'ദി നേഷൻ ആൻഡു അതീനിയം' എന്ന പത്രം അദ്ദേഹത്തെ പുകഴ്ത്തുന്നതിൽ അതിശയോക്തിയില്ല

റൈററു ആണറബിൾ വി. എസ്. ശ്രീനിവാസശാസ്ത്രിയിൽനിന്നു റൈററു ആണറബിൾ സർ തേജ്ബഹദൂർ സപ്രുവിലേക്കു കടക്കുന്നതു ഏറെക്കുറെ അപരിത്യാജ്യമെന്ന ബോധത്തോടുക്രടിയാണ്. 'സകലതരത്തിലുമുള്ള കാര്യങ്ങളിൽ സകലതരത്തിലുമുള്ള ആളുകളാൽ' (ഗ്ലാഡ്സ്റ്റൻ പ്രശംസിക്കപ്പെട്ടിരുന്നു എന്നു പറയപ്പെടുന്നതുപോലെതന്നെ) അദ്ദേഹം വിമർശിക്കപ്പെടുന്നുണ്ടെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ ആരുംതന്നെ അദ്ദേഹത്തിൻെറ മാഹാത്മ്യത്തെ നിഷേധിക്കുന്നില്ല. നിയമജ്ഞനെന്ന നിലയിൽ അദ്ദേഹം സവിശേഷവൈദഗ്ദ്ധ്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഭരണവ്യവസ്ഥാപനസംബന്ധമായ നിയമപാണ്ഡിത്യത്തിൽ അദ്ദേഹത്തിനു തുല്യരായി അധികംപേരില്ലെന്നു മാത്രമല്ല അദ്ദേഹത്തെ അതിശയിക്കുന്നവർ ആരുംതന്നെയില്ലതാനും. രാജ്യകാര്യപ്രവർത്തകൻെറ നിലയിൽ അദ്ദേഹം നേഷൻെറ താല്പര്യങ്ങൾക്കുവേണ്ടി സ്വന്ത രാജ്യത്തു വർഗ്ഗീയസംഘങ്ങളോടും എതിരാലോചനാസംഘങ്ങളോടും എന്നപോലെതന്നെ വിദേശത്തു അന്യന്മാരുടെ താല്പര്യങ്ങളോടും നയഭേദങ്ങളോടും ശക്തിമത്തായി സമരം നിർവ്വഹിച്ചിട്ടുണ്ട്. രാജ്യതന്ത്രകോവിദൻ എന്ന നിലയിൽ അദ്ദേഹം ഗോഖലയ്ക്കു തുല്യമായ സ്ഥാനഗൌരവംസമ്പാദിക്കയും ഫെഡറൽ ആശയത്തിൻെറ അംഗീകാരത്തിനും സംപ്രാപ്തിക്കുംവേണ്ടി സധൈര്യം പോരാടുകയും ചെയ്തിട്ടുണ്ട്. ഒരു മനുഷ്യവ്യക്തിയെന്ന നിലയിൽ അദ്ദേഹം 'താൻ പറകയും പ്രവർത്തിക്കയും ചെയ്തിട്ടുള്ള സകലതിൻെറയും സമന്വയത്തെക്കാൾ' അധികനാണ്. ഉത്തരയിന്ത്യയെ ഭരിക്കുന്ന വംശമെന്നു പറയാവുന്ന കാശ്മീര 'പണ്ഡിത'ന്മാരുടെ ക്രട്ടത്തിൽ പണ്ഡിതമോതിലാലിനെക്കഴിഞ്ഞാൽ ഇദ്ദേഹമാണു മുഖ്യൻ. പാണ്ഡിത്യപ്രകടനത്തിനുള്ള ആർത്തിയില്ലാത്ത പാ

ണ്ഡിത്യം, അലങ്കാരനിഷ്ഠയില്ലാത്ത വാഗ്മിത, ഹൈന്ദവപാരമ്പര്യം, പാശ്ചാത്യ വിദ്യാഭ്യാസം, ഇസ്ലാമികപ്രചോദനം എന്നിവയുടെ സുഭഗസംയോഗത്തിൽനിന്നുത്ഭവിച്ച സംസ്കാരവിശേഷം എന്നിവയെല്ലാം അദ്ദേഹത്തിൽ സമ്മേളിക്കുന്നു. ഇന്ത്യയുടെ നാമത്തിൽ സംസാരിക്കുവാനുള്ള അധികാരത്തിനുവേണ്ടി അദ്ദേഹം ഒരിക്കലും ഒരു കക്ഷിയേയൊ സംഘത്തേയൊ ആശ്രയിച്ചിരുന്നില്ലെന്നുള്ളതിൽ കൂടുതലായി ഒരു പ്രശംസ അദ്ദേഹം ഇന്ത്യൻരാഷ്ട്രീയകാര്യങ്ങളിൽ സ്വയമേ സംസ്ഥാപിച്ചിട്ടുള്ള ഉൽകൃഷ്ടസ്ഥാനത്തിനു നൽകുവാനില്ല. അദ്ദേഹത്തിൻെറ രാഷ്ട്രീയകാംക്ഷകളെപ്പററി സംസാരിക്കുന്നവർ വാസ്തവമറിയുന്നില്ല. രാഷ്ട്രീയകാര്യങ്ങളുടെ ധൂളിപടലത്തിലും ശബ്ദബഹുലതയിലുംനിന്നു എപ്പോൾവേണമെങ്കിലും ഒഴിഞ്ഞു തൻെറപുസ്തകസഞ്ചയവും 'പൈപ്പു'കളുംനൽകുന്നനിസ്സീമവിനോദത്തെ കൈവരിക്കുന്നതിനു അദ്ദേഹം സദാ സന്നദ്ധനാണു്. അദ്ദേഹത്തിൻെറ പ്രത്യേകതരത്തിലുള്ള മാതൃഭൂസേവനം, ജന്മസിദ്ധമായ ഗുണപൌഷ്കല്യം, വിശേഷിച്ചും സല്ക്കാരസന്നദ്ധത, എല്ലാററിനുംപുറമേ അദ്ദേഹത്തിൻെറ സാന്നിദ്ധ്യത്തെ പ്രാധാന്യമുള്ളതാക്കിത്തീക്കുന്ന ആ അനിർവ്വചനീയമായ ഓജോമഹിമ—ഇവയെല്ലാം അദ്ദേഹത്തിനു ഇന്ത്യയിൽ ഇന്നു ജീവിക്കുന്ന മഹാപുരുഷന്മാരുടെ ഏതൊരു പട്ടികയിലും സ്ഥാനം നൽകുന്നു.

ഇനിയും രണ്ടു സ്ഥാനങ്ങൾകൂടി പൂരിപ്പിക്കേണ്ടതായുണ്ടു്. അതിലേക്കു വലിയൊരു 'താക്കംതള്ളു'മുണ്ടുതാനും. എൻെറ പട്ടികയിൽ ഒരു വനിതാസാന്നിദ്ധ്യം ഉണ്ടായിരിക്കേണ്ടതാണെന്നു വ്യക്തമായിത്തന്നെ തോന്നുന്നുണ്ടു്. വനിതാജനബഹുമതികൊണ്ടല്ല,നീതിബോധംകൊണ്ടുമാത്രമാണു ഞാൻ മിസ്സിസ് സരോജിനിനായിഡുവിനെ ഇന്നത്തെ ശ്രേഷ്ഠഭാരതീയരിൽ ഒരാളെന്നുൽഘോഷിക്കുന്നതു്. ലോകമഹതികളിൽ ഒരാളായി അവർ അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്. കവയിത്രി, സ്വരാജ്യപ്രണയിനി, സമാധാനസംസ്ഥാപിക, ശുശ്രൂഷകി (പണ്ടുകടിയിലെ ഫ്ളോറൻസുനൈററിംഗേൽ)—എന്നിങ്ങനെ വിപുലവും രസഭൂയിഷ്ഠവുമായ ഭാഗങ്ങളാണു അവർ നിർവ്വഹിച്ചിട്ടുള്ളതു്. അവർ ലോകത്തെ മന്ത്രബദ്ധമാക്കുന്നു. 'ഒരു വിശിഷ്ടഗാനത്തിൻെറ അനുരണനത്തെ ഗ്രഹിക്കുവാനും, ഒരു ഉൽകൃഷ്ടമായ വാഗ്വിലാസത്തിൻെറ മന്ത്രമഹിമയെ ഉൾക്കൊള്ളുവാനും ശക്തമായ' ശ്രവണപുടത്തോടുകൂടിയ ഏതൊരാളാണു അവരാൽ വശീകരിക്കപ്പെടുകയും ചൈതന്യത്രസ്തതയനുഭവിക്കയും ചെയ്യാത്തതു്? അവർ ഭാരതീയമഹിമയുടെ മാധുര്യ്യചിഹ്നങ്ങളിൽ ഒന്നത്രേ.

ഒരു വിഷമസന്ധിയിൽ ഞാൻ ഇതാഎത്തിയിരിക്കുന്നു. ഗണനാർഹമായ പല നാമങ്ങളിൽനിന്നു ഒരെണ്ണത്തിനുമാത്രമേ എൻെറ പട്ടികയിൽ സ്ഥാനമുള്ളു. ആ സ്ഥാനം സുമുഖനും പരിഷ്കൃതാശയനുമായ യുവപ്രവാചകൻശ്രീ: ജെ. കൃഷ്ണമൂർത്തിക്കുതന്നെ കൊടുക്കയൊ? അദ്ദേഹം പുരോഹിതന്മാരുടെയോ വ്യവസ്ഥിതമായ ഒരു 'മത' ത്തിൻെറയോ സഹായംകൂടാതെ താൻ ലക്ഷ്യപദം പ്രാപിച്ചിരിക്കുന്നു എന്നു സമർത്ഥിക്കുകയും എല്ലാ മനുഷ്യരെയും അതേവിധത്തിലുള്ള ലക്ഷ്യപ്രാപ്തിയിലേക്കു സമാഹ്വാനംചെയ്കയും ചെയ്യുന്നു. ഇൻഡ്യയിലെ രാഷ്ട്രീയനഭോമണ്ഡലത്തെ മഹാദീപ്തിപ്രവാഹത്തിൽ ആറാടിച്ചു്, ഇപ്പോൾ പ്രപഞ്ചത്തിൻെറ സൂക്ഷ്മരഹസ്യങ്ങളെപ്പററി മനനംചെയ്തുവരുന്ന ശ്രീയുത് അരവിന്ദഘോഷിനു ആ സ്ഥാനം നൽകട്ടെയോ?അതല്ലെന്നുണ്ടെങ്കിൽ 'ഇൻഡ്യയിലെ ഏററവും ശരിയായി ചിന്തിക്കുന്നയാൾ' എന്നു പ്രശംസിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നസർ, പി. എസ്സ്. ശിവസ്വാമിഅയ്യരെയാണോ ഞാൻ ഉൾപ്പെടുത്തേണ്ടതു്?

ഇവരെല്ലാം മഹാന്മാർതന്നെയെങ്കിലും എൻെറ പട്ടികയിലെ ഒഴിവുള്ളസ്ഥാനംപൂരിപ്പിക്കുന്നതു ഇവരാരുമല്ല. ഭാവിയിലേക്കുള്ള ആളും, ഇൻഡ്യൻജനതയുടെ കല്പനാശക്തിയെ വശീകരിക്കയും അവരുടെമേൽ സ്വാധീനശക്തിയുറപ്പിക്കയും ചെയ്തുകഴിഞ്ഞിരിക്കുന്നദേഹവുമായ ഒരു മഹാപുരുഷനു പ്രാഥമ്യം നൽകേണ്ടതാണെന്നു ഞാൻ കരുതുന്നു. അതു പണ്ഡിതജവഹരിലാൽനെഹ്റുവല്ലാതെ ആരാണു്? അവിനാശയശസ്വിയായ പണ്ഡിതമോതിലാലിൻെറ പുത്രൻ ജവഹരിലാൽ പിതാവിനേയോ, ഇപ്പോൾ പ്രസ്താവിച്ചുകഴിഞ്ഞ മഹാത്മാക്കളേയോകാൾകൂടുതലായി 'തൻെറകാലത്തെ ജനതയുടെ ചിത്തത്തെ സ്പർശിച്ചിട്ടുണ്ടു്.' അദ്ദേഹം അദ്ദേഹത്തിൻെറ ചിത്തത്തെ അറിയുന്നു. അദ്ദേഹം വിപന്മയമായി ജീവിക്കുന്നു. അദ്ദേഹം 'സാഹസങ്ങൾ മുതിരുന്നു, അവയുടെ വേദനകളിൽകുണ്ഠിതപ്പെടുന്നുമില്ല.' മി. ബ്രെയിൽസ്ഫോർഡ് സംക്ഷേപിച്ചതുപോലെ ഈ മനുഷ്യൻ യോദ്ധാവാണു്.' ഒരു മായികനായ നേതാവിൻെറ സമരപ്രിയനായ അനുഗാമിയായി പരിലസിക്കുന്ന ജവഹരിലാൽ, മി. ബെർനായിസിൻെറ സുന്ദരമായ വാക്യത്തിൽ പറയുന്നതായാൽ 'യുവലോകത്തിൻെറ ദിവ്യപ്രവാചക'നത്രേ. അദ്ദേഹത്തെ ഒരു മുസ്സോളിനിയോ ഒരു ഹിററ്ലറോ ആയിതീരാൻ കഴിയുന്നവിധത്തിലുള്ള ശക്തികളെ നിഗ്രഹംചെയ്തിരിക്കുന്ന ഒരുവനായും പറഞ്ഞുവരുന്നുണ്ടു്.

ഇങ്ങനെ എൻെറ ആ പ്രകാശോജ്വലമായ പട്ടിക, ഗാന്ധി ടാഗോർ, ബോസ്സ്, റായി- രാമൻ, രാധാകൃഷ്ണൻ, മാളവ്യ, ശാസ്ത്രി, സപ്റു, സരോജിനി, ജവഹരിലാൽ എന്നീനാമങ്ങളാൽ തിളങ്ങുന്നു. ലോകത്തിലെ ഏതൊരു ജനതയുടേയും പതിനൊന്നു മഹാപുരുഷന്മാരോടു കിടനിൽക്കുവാൻ ഇവക്കു കഴിയുകയും ചെയ്യും. അവരെല്ലാം തുല്യമാഹാത്മ്യമുള്ളവരല്ലെന്നു തീർച്ചതന്നെ. കാര്യ്യങ്ങളുടെ സ്ഥിതിക്കു അതു സംഭവ്യവുമല്ല മാത്രവുമല്ല, സമകാലികങ്ങളായ യോഗ്യതാനിർണ്ണയങ്ങൾ കാലത്തിൻെറ നികഷത്തിൽ തേഞ്ഞുമാഞ്ഞുപോകാം. ഓരോവർഷവും മുന്നോട്ടുചെല്ലുംതോറും സമകാലികമഹാന്മാരുടെ മാഹാത്മ്യം കുറഞ്ഞുവരുന്നു. മനസ്സിൽ നല്ലതിൻവണ്ണം പതിയുന്ന പട്ടികയിലെ ചില, ഒരു പ[illegible] പല, പേരുകളും കാലം നിർദ്ദയം മാ[illegible]കളയും. ഇനി ഒരുശതാബ്ദം കഴിയു[illegible] (സ്വതന്ത്രാന്വേഷണങ്ങൾ നടത്തു[illegible] ചരിത്രവിദ്യാർത്ഥികൾക്കു) ഇന്നത്തെ മ[illegible]ർ 'മഹാത്മജിയുടെ സമകാലികന്മ[illegible]ത്രമായിതീരാം. കാലത്തിൻെറപ്രതിക്രിയകൾ—കടുംകൈകൾതന്നെയോ?—മധുര[illegible]തന്നെ, നിശ്ചയം.

(ത്രിവേണി)

# ഉദ്ക്കണ്ഠ.

(വി. കെ. നമ്പ്യാർ)

ഹ[illegible]ന്ദർപ്പമല്ലതു; മൽപുണ്യ-
മന്നതെല്ല്[illegible]ട ണ്ണാക്കിമണ്ണിനെ.
തപ്തജീവന[illegible]ിർത്തന്മഴപെയ്തുകൊ-
ണ്ടാപ്തസെ[illegible]മെന്നും ജയിക്കുക!

ആദ്യമായ്[illegible]ന്നെസൽസ്വാഗത-
മാദരാൽ [illegible]നാരാരാമവേദിക
ഇന്നുമേകാ[illegible]ീതള ചിന്തതൻ
പൊന്നുഴി[illegible]ലി ലെന്നെയാടിക്കയാം.

സോദര[illegible]യന്ന സാദരസംബുദ്ധി
മാധുരിയെ[illegible]റൊരുരൂപമായ്
മാററുവാന[illegible]തെന്നൽക്കണ്ടു
മാമകാനന[illegible]പ്പേ്, പൊറുക്കുക!

ദിവ്യമാം [illegible]മെന്നോടരുളുന്ന
നവ്യനാട[illegible]ാന്നാര ചിക്കുവാൻ.
എങ്ങിനെ[illegible]ിൻ രംഗവിധാനങ്ങ-
ളെന്നതെ[illegible]മൽതന്നെ പറയണം.

കോമള[illegible]കോടീശ്വരനല്ല;
കോകി[illegible] കോവിദനല്ലഞാൻ.
എങ്കി[illegible]ൻറജീവിതം നിൻമുമ്പി-
ലർഹ[illegible]ം പ്രേമോപഹാരമാം.

ആവി[illegible] വിധുരമാണാശയ-
മാവി[illegible]വിറയ്ക്കുന്നതൂലിക.
ഓമ[illegible]മധുരമറുപടി
മാമക[illegible]ത്തിൻ ജയക്കൊടി.


സൈൻറിഫിക്ക്
സ്വർണ്ണാഭരണങ്ങൾ
—*—
[illegible]നി സ്വർണ്ണത്തിനു പകരമുള്ളതു്)
[illegible]ഹക്കോടതിജഡ്ജിമാർ, ഗവമ്മെൻറ മന്ത്രിമാർ തുടങ്ങി പ്രശസ്തരായ പ[illegible]മാന്യന്മാരാലും പ്രശംസിക്കപ്പെട്ടതു്.




പുതിയ ക്യാററലാഗ് ഇനാം.
Th[illegible] Scientific Gold Bangles Co., Ltd,
He[illegible] Office:- 43, Byragimatam Street,
Po[illegible] Box No. 203. MADRAS.

# വാൎത്താനിവേദനം.

മാത്യൂ എം. കുഴിവേലി.

നിഗൂഢമായ പ്രകൃതിസമ്പത്തുകളെ കണ്ടുപിടിച്ചു അവയെ ജീവിതനിൎവ്വഹണത്തിനു സഹായകമാക്കുകയെന്നുള്ളതു് ആധുനികപരിഷ്കാരത്തിന്റെ പ്രധാനമായ ഒരു ഭാഗമാണു്. കാട്ടുമൃഗങ്ങളെപ്പോലെ ജീവിതം നയിച്ചുപോന്ന ആദിമമനുഷ്യനു് അചിന്ത്യവും അസാദ്ധ്യവും ആയിരുന്ന എത്രയോ മഹൽകാൎയ്യങ്ങളാണു് ഇന്നു് അവന്റെ സന്താനങ്ങൾ സാധിച്ചിട്ടുള്ളതു്. അഗാധവും, അതിവിശാലവുമായ സമുദ്രങ്ങൾ കടക്കുന്നതിനോ, അതിവിസ്തൃതമായ ഭൂവിഭാഗങ്ങൾ തരണംചെയ്യുന്നതിനോ ഇക്കാലത്തു മനുഷ്യൎക്കു യാതൊരു പ്രയാസവുമില്ല. ആവിക്കപ്പലുകളും, തീവണ്ടികളും മററു വാഹനങ്ങളും മനുഷ്യരുടെ യാത്രാസൗകൎയ്യത്തെ എത്രമാത്രം വൎദ്ധിപ്പിച്ചിട്ടുണ്ടെന്നു് ഇദാനീന്തനകാലത്തു ജീവിക്കുന്നവരായ നമുക്കു നന്നായി മനസ്സിലാകുവാൻ സാധിക്കുന്നുണ്ടോ എന്നുതന്നെ സംശയിക്കേണ്ടിയിരിക്കുന്നു പരിഷ്കാരപുരോഗതി മനുഷ്യജീവിതത്തിന്റെ നാനാവശങ്ങളെയും അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. യാത്രയിലും, സഞ്ചാരത്തിലും, ഊണിലു, ഉറക്കത്തിലും, സംസാരത്തിലും, സംഭാഷണത്തിലും, എന്നുവേണ്ട മനുഷ്യരുടെ സകലജീവിതചൎയ്യകളിലും പരിഷ്കാരം നടമാടിക്കൊണ്ടിരിക്കുന്നു. ഇക്കൂട്ടത്തിൽ വാൎത്താനിവേദനം സംബന്ധിച്ചു ഉണ്ടായിട്ടുള്ള പരിഷ്കാരത്തെ സംക്ഷിപ്തമായി വിവരിക്കുന്നതിനുമാത്രമെ ഇവിടെ ഉദ്യുക്തനാകുന്നുള്ളു

മനുഷ്യൻ ഒരു സമുദായജീവിയായതുകൊണ്ടു പരസ്പരം ആശയവിനിമയം ചെയ്യേണ്ടതു അനുപേക്ഷണീയമായ ഒരു കാൎയ്യമാണു്. ഒരാളുടെ ഇംഗിതങ്ങളെ മറെറാരാളെ അറിയിക്കേണ്ടതു പലപ്പോഴും ഒഴിച്ചുകൂടാൻവഹിയാത്ത ഒരു കാൎയ്യമാണു്. ആദ്യകാലങ്ങളിൽ മനുഷ്യർ ആംഗ്യങ്ങൾകൊണ്ടും, ചില അപൂൎണ്ണസ്വരങ്ങൾകൊണ്ടുമായിരിക്കണം പരസ്പരം ആശയങ്ങൾ അറിയിച്ചിരുന്നതു്. ഈ ആശയവിനിമയസമ്പ്രദായത്തിന്റെ അഭിവൃദ്ധിയാണു ഭാഷയുണ്ടാകുന്നതിനുതന്നെഹേതുവായിത്തീൎന്നതു്.

മനുഷ്യർ പ്രാചീനകാലംമുതൽക്കേ സഞ്ചാരപ്രിയന്മാരായിരുന്നു. അവർ പുതിയ പുതിയ പാൎപ്പിടങ്ങൾതേടി വിദൂരസ്ഥലങ്ങളിലേക്കു പോകുകയും ചെയ്തിരുന്നു. ഇപ്രകാരം പല സ്ഥലങ്ങളിൽ പാൎപ്പുറപ്പിച്ചപ്പോൾ പല സ്ഥലങ്ങളിലുള്ളവരുമായി ആശയവിനിമയം ചെയ്യേണ്ടയാവശ്യവുംഉണ്ടായി. എന്നാൽ ആദ്യകാലത്തു ഇതിനുള്ള ഏകമാൎഗ്ഗം ദൂരസ്ഥലത്തിരിക്കുന്ന ആളിന്റെ പക്കലേക്കു നേരിട്ടുപോയി കാൎയ്യംപറയുകയോ, മററാരെയെങ്കിലും അയച്ചു കാൎയ്യം പറയിപ്പിക്കുകയോ മാത്രമായിരുന്നു.

ചുരുക്കംപറഞ്ഞാൽ പ്രാചീനകാലത്തു വാൎത്താനിവേദനം സാധിച്ചുവന്നതു പ്രധാനമായി ദൂതന്മാർമുഖാന്തിരമായിരുന്നു. എങ്കിലും മററുചില ഉപായങ്ങളും ചില പ്രത്യേകസന്ദൎഭങ്ങളിൽ ഉപയോഗിച്ചിരുന്നു. ചില അപരിഷ്കൃതജാതിക്കാർ, ശത്രുക്കളുടെ ആഗമനത്തേയോ, ആക്രമണോദ്ദേശത്തെയോ, സ്വജനങ്ങളെ അറിയിക്കുന്നതിനായി അഗ്നികുണ്ഡങ്ങൾ ഉപയോഗിച്ചിരുന്നു. എവിടെയെങ്കിലും അസാധാരണമായി വലിയ ഒരു അഗ്നികുണ്ഡം ജ്വലിക്കുന്നതുകണ്ടാൽ അതു ശത്രുക്കൾ വരുന്നു എന്നുള്ള ഒരു ആപൽസൂചനയായി ജനങ്ങൾ മനസ്സിലാക്കിവന്നു. ശത്രുക്കളുടെ വരവിനെ അറിയിക്കുന്നതിനുള്ള ഈ ഉപായം പ്രഥമശ്രവണത്തിൽ വെറും സാധാരണമായ ഒരു കാൎയ്യമായി തോന്നാമെങ്കിലും ഇതിൽ ചില പ്രധാന സംഗതികൾ ലീനമായിരിക്കുന്നുണ്ടു്. ഒന്നാമതായി ഈ ഏൎപ്പാടിനു്, ദൂതന്മാരെ അയച്ചു വൎത്തമാനം അറിയിപ്പിക്കുന്നതിലുളവാകുന്ന സമയനഷ്ടം തീരെയില്ല. രണ്ടാമതായി, ഈ വാൎത്താവിനിമയസമ്പ്രദായത്തിനു സംസാരഭാഷയോ, ആംഗ്യഭാഷയോ, എഴുത്തുഭാഷയോ യാതൊന്നും ആവശ്യമില്ല. "ശത്രുക്കൾ വരുന്നു; ഓടി രക്ഷപ്പെട്ടുകൊള്ളുക" എന്നതിനുള്ള ചിഹ്നം കത്തിക്കാളുന്ന തീജ്വാലകളാണു്. സമയനഷ്ടം ഇല്ലെന്നും, സംസാരഭാഷ ആവശ്യമില്ലെന്നും ഉള്ള സംഗതികൾ പിൽക്കാലത്തെ പരിഷ്കൃതവാൎത്താവിനിമയസമ്പ്രദായങ്ങൾ കണ്ടുപിടിക്കുന്നതിനു പ്രേരകങ്ങളായിത്തീൎന്നു

പോസ്റ്റൽസമ്പ്രദായത്തെ വാൎത്താനിവേദനാഭിവൃദ്ധിയുടെ രണ്ടാമത്തെ പടിയായി ഗണിക്കാം. തീവണ്ടിയോ, മോട്ടോറോ ഉണ്ടാകുന്നതിനുമുൻപുള്ളകാലത്തു ഈ രീതികൊണ്ടു സമയലാഭം ഉണ്ടായിരുന്നില്ല. ഇക്കാലത്തുപോലും നമ്മുടെ നാട്ടിൽ അഞ്ചൽഓട്ടക്കാർ വൎത്തമാനങ്ങൾ 'പൈ'കളിലാക്കി തലയിൽ വഹിച്ചു കൊണ്ടു ഓടി വാൎത്താനിവേദനം ചെയ്യുന്നതു സാധാരണയാണല്ലോ. ഈവിധമായ അഞ്ചൽഏൎപ്പാടുകൊണ്ടു പ്രത്യേകം ദൂതന്മാരെ അയയ്ക്കുന്നതിനേക്കാൾ പണച്ചെലവു കുറയുമെന്നല്ലാതെ സമയലാഭം ഒന്നും ഉണ്ടാകുന്നില്ല.

വിദ്യുച്ഛക്തി കണ്ടുപിടിക്കുകയും, അതിനെ പലപ്രകാരത്തിൽ ഉപയോഗിക്കാൻ സാധിക്കുമെന്നു മനസ്സിലാക്കുകയും ചെയ്തതോടുകൂടെ വാൎത്താവിതരണത്തിന്റെ സുവൎണ്ണഘട്ടവും ആരംഭിച്ചു. വാൎത്താവിതരണത്തിന്റെ പ്രമുഖപ്രതിബന്ധങ്ങൾ സമയം ദൂരവും ആയിരുന്നല്ലോ. ഇലക്ട്റിസിറ്റിയുടെ ആഗമനത്തോടുകൂടി പ്രസ്തുത പ്രതിബന്ധങ്ങൾ നിശ്ശേഷം മാറിയിരിക്കുന്നു എന്നു പറയാം.

ഇലക്ട്റിസിററി അഥവാ ആലക്തികശക്തിയെന്നു പറയുന്നതു എന്താണെന്നു ക്ലിപ്തമായി പറയുക അത്ര എളുപ്പമല്ല. ഇലക്ട്റിസിററി കണ്ടുപിടിച്ചവൎക്കും, അതു പലപ്രകാരത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നവൎക്കുംതന്നെ അതെന്താണെന്നു നല്ല രൂപമുണ്ടോ എന്നു സംശയമാണു്. വൈദ്യുതദീപങ്ങൾ ഏൎപ്പെടുത്തിയിരിക്കുന്ന പട്ടണങ്ങളിൽകൂടെ അലഞ്ഞുനടക്കുന്നവനും, നിരക്ഷരകുക്ഷികളും എണ്ണയും തിരിയുംകൂടാതെ വഴിവിളക്കുകൾ കത്തുന്നതു 'ഇലക്ട്റിസിററി' കൊണ്ടാണെന്നറിയാം. വിളക്കുകൾ കത്തുന്നതിനു ആവശ്യമായ വൈദ്യുതശക്തി ഉല്പാദിപ്പിക്കുകയും, നിയന്ത്രിക്കുകയും ചെയ്യുന്ന വിദഗ്ദ്ധന്മാൎക്കുപോലും അതെന്താണെന്നു ശരിയായി അറിയാൻപാടില്ല അദൃശ്യമായ ഒരത്ഭുതശക്തി എന്നല്ലാതെ ഇതിനെപ്പററി വളരെ കൂടുതലായി അറിയാവുന്നവർ ചുരുക്കമാണു്.

വിദ്യുത്പ്രവൎത്തനംകൊണ്ടു ചില ശബ്ദങ്ങൾ പുറപ്പെടുവിക്കാൻ സാധിക്കുമെന്നും, ഇവയെ ചില ലോഹക്കമ്പികൾ വഴിയായി ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കു അയയ്ക്കുവാൻ സാധ്യമാണെന്നും ആദ്യമായി കണ്ടുപിടിച്ചതു സ്റ്റീഫൻഗ്രേയെന്നും, വീലർ എന്നും പേരായ രണ്ടു ശാസ്ത്രജ്ഞന്മാരാണു്. എങ്കിലും വാൎത്താവിനിമയത്തിനു് ഉപയുക്തമായ കമ്പിത്തപാൽ ആദ്യമായി കണ്ടുപിടിച്ചതു സിമ്മറിങ്ങ് എന്നു പേരായ ഒരു ജൎമ്മൻപ്രഫസരാണു്. നെപ്പോളിയന്റെ കാലത്തു ബവേറിയാരാജ്യം ഫ്രഞ്ചുകാരുമായി യുദ്ധത്തിലേൎപ്പെട്ടിരുന്നു. അക്കാലത്തു ബവേറിയൻസൈന്യങ്ങളെ വളരെ വേഗത്തിൽ വിവരങ്ങൾ അറിയിക്കുന്നതിനു ഉപയുക്തമായ ഒരു ഉപായം കണ്ടുപിടിക്കണമെന്നു ബവേറിയൻ ഗവൎമ്മെന്റു സിമ്മറിങ്ങിനോടാവശ്യപ്പെട്ടു. തദനുസരണം അദ്ദേഹം ചെയ്ത പരിശ്രമങ്ങളുടെ ഫലമാണു് ആദ്യത്തെ കമ്പിത്തപാൽ. സിമ്മറിങ്ങിന്റെ കമ്പിത്തപാലിൽ എ. ബി. സി. ഡി. ഇ—ഇങ്ങനെ അഞ്ചു് അക്ഷരങ്ങൾ മാത്രമെ അയയ്ക്കാൻ സാധിച്ചിരുന്നൊള്ളു.

ഡെൻമാൎക്കുകാരനായ ഒരു ശാസ്ത്രജ്ഞനാണു കമ്പിത്തപാലിൽ പിന്നീടു ഗണനീയമായ അഭിവൃദ്ധിയുണ്ടാക്കിയതു്. ഇലക്ട്രിസിററിയുടെ ഗതിവിഗതികളെ അറിയുന്നതിനു് ഒരു കാന്തസൂചി ഉപയോഗിക്കാമെന്നു് അദ്ദേഹം കണ്ടുപിടിച്ചു. പ്രസ്തുതകാന്തസൂചിയുടെ ചലനവ്യത്യാസങ്ങൾ ഓരോ അക്ഷരങ്ങളായി പരിഗണിച്ചാൽ, നിരൎത്ഥമായ ചലനങ്ങൾ അൎത്ഥപൂൎണ്ണങ്ങളാക്കാമെന്നു അദ്ദേഹം മനസ്സിലാക്കി. അദ്ദേഹത്തിന്റെ ഈ നവീന കണ്ടുപിടിത്തം കമ്പിത്തപാലിന്റെ അഭിവൃദ്ധിയെ സാരമായി സഹായിച്ചു.

ഇങ്ങനെയിരിക്കുമ്പോഴാണു പ്രസിദ്ധശാസ്ത്രജ്ഞനായ മൈക്കിൾ ഫാറഡേ, വിദ്യുത്തരംഗങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള 'തരംഗവിസൎജ്ജിനി'യന്ത്രവും, ഒരു സ്ഥലത്തുനിന്നും പുറപ്പെടുവിക്കുന്ന തരംഗങ്ങളെ മറെറാരു സ്ഥലത്തു സംഗ്രഹിച്ചു പ്രത്യേകസ്വനവിശേഷങ്ങളാക്കി രൂപാന്തരപ്പെടുത്തുന്നതിനുള്ള 'തരംഗസ്വീകരിണി'യന്ത്രവും

കണ്ടുപിടിച്ചതു്. ഈ കണ്ടുപിടിത്തങ്ങൾ കമ്പിത്തപാലിൻെറ ക്രമോന്നതമായ പുരോഗതിക്കു കാരണമായിത്തീൎന്നു.

വിദ്യുത്തരംഗങ്ങൾ ഒരു സ്ഥലത്തുനിന്നു യഥേഷ്ടം മറെറാരു സ്ഥലത്തേക്കു അയയ്ക്കാൻ കഴിയുമായിരുന്നു എങ്കിലും, ശരിയായ ഒരു കമ്പിഭാഷയില്ലാതെയിരുന്നതു കമ്പിത്തപാലിൻെറ പ്രചാരത്തിനു പ്രമുഖമായ ഒരു വിഘാതമായിരുന്നു. കമ്പിയടിക്കുന്നതു ഇംഗ്ലീഷുഭാഷയിലാണെന്നാണു സാധാരണ ജനങ്ങൾ ധരിച്ചുവച്ചിരിക്കുന്നതു്. കമ്പിയാഫീസിൽചെന്നു ഒരു ഫാറം വാങ്ങി അതിനകത്തു കുറെ ഇംഗ്ലീഷു എഴുതിക്കൊടുത്താൽ സാധുവായ കമ്പിമാസ്റ്റർ അതു അക്ഷരംപ്രതി അടിച്ചു വിടുകയാണെന്നു വിശ്വസിക്കുന്നവരും ഇല്ലാതില്ല. വാസ്തവത്തിൽ കമ്പി അടിക്കുന്നതു് ഒരു പ്രത്യേക ഭാഷയിലാണ്. അതിനു കമ്പിഭാഷയെന്നുതന്നെ പേരു പറയാം. മലയാളഭാഷയുടെ മൂലം തമിഴും സംസ്കൃതവുമോ അഥവാ പ്രാചീനദ്രാവിഡമോ ആയിരിക്കുന്നതുപോലെ കമ്പിഭാഷയുടെ മൂലം ഇംഗ്ലീഷാണെന്നേയുള്ളു. നമുക്കു ലഭിക്കുന്ന കമ്പിസന്ദേശങ്ങൾ ഇംഗ്ലീഷിൽ എഴുതിയിരിക്കുന്നതു കമ്പിഭാഷ നമുക്കു അറിയാൻ പാടില്ലാത്തതുകൊണ്ടാണു്. കമ്പിഭാഷയിൽ വരുന്ന സന്ദേശങ്ങൾ കമ്പിമാസ്റ്റർ വ്യാഖ്യാനിച്ചു ഇംഗ്ലീഷിൽ തൎജ്ജമ ചെയ്താണു നമുക്കു അയച്ചുതരുന്നതു:

കമ്പിഭാഷകൾ പലതുണ്ടെങ്കിലും അവയിൽ പ്രധാനമായിട്ടുള്ളതു 'മോർസ് കോഡ്' എന്നറിയപ്പെടുന്ന ഭാഷയാണു്. ഈ ഭാഷ കണ്ടുപിടിച്ചതു അമേരിക്കക്കാരനായ 'മോർസ്' എന്ന ഒരു മഹാനാണു്. ഇംഗ്ലീഷോ മലയാളമോ മററുഭാഷകളോ എഴുതണമെങ്കിൽ വള്ളിയും പുള്ളിയും, വളവും പുളവും എല്ലാം ധാരാളം ഉപയോഗിച്ചേ മതിയാവു. ഇലക്ട്‌റിസിററിക്കു ഈവക കാൎയ്യങ്ങൾ വളരെ പ്രയാസമാണു്. അതിനാൽ ഏററവും എളുപ്പമായ ഒരു ഭാഷയാണു മി. മോർസു കണ്ടുപിടിച്ചു കമ്പിത്തപാലിനു നൽകിയതു്. അൻപത്താറോ അൻപത്തേഴോ അക്ഷരങ്ങളുള്ള മലയാള അക്ഷരമാല പഠിക്കുന്നതു നമുക്കു അത്ര വലിയ കാൎയ്യമൊന്നും അല്ലെങ്കിലും, വെറും ഇരുപത്തിയാറക്ഷരംകൊണ്ടു കഴിച്ചുകൂട്ടുന്ന ഇംഗ്ലീഷുകാരനു അതു തീരെ രസമല്ല. അക്ഷരങ്ങൾ കറയുന്നതുതന്നെ ഭാഷയുടെ ഒരു പരിഷ്കാരലക്ഷണമായിട്ടാണു കരുതിയിരിക്കുന്നതു്. ആധുനികപരിഷ്കാരത്തിൻെറ മുന്നണിയിൽനില്ക്കുന്ന ഇലക്ട്‌റിസിററി അധികം അക്ഷരങ്ങൾ ഇഷ്ടപ്പെടുകയില്ലെന്നു ഊഹിക്കാമല്ലോ. മോർസ് കണ്ടുപിടിച്ച കമ്പിഭാഷയിൽ ആകപ്പാടെ രണ്ടേ രണ്ടു അക്ഷരങ്ങൾ മാത്രമേയുള്ളു. അവ ഒരു കുത്തും ഒരു വരയും ആണ് ( . — ) ഈ അക്ഷരങ്ങൾ പലപ്രകാരത്തിൽ കൂട്ടിച്ചേൎത്താണ് ഇംഗ്ലീഷിലെ 26-അക്ഷരങ്ങൾക്കു പകരം ഉപയോഗിക്കുന്നതു്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കാം.

. —ഏ. — . — . സി

— ... ബി.

ലേഖകൻെറ പേരു കമ്പിഭാഷയിലൊന്നു എഴുതണമെന്നുവയ്ക്കുക. ഇതിനു ആദ്യമായി 'കുഴിവേലി' എന്നുള്ളതു ഇംഗ്ലീഷിലേക്കാക്കണം. അപ്പോൾ KUZHIVELY എന്നായി രൂപാന്തരപ്പെടും. ഇനി ഇതിനെ കമ്പിഭാഷയിലേക്കു വിവൎത്തനംചെയ്യണം. അപ്പോൾ

K U Z H I V E L Y

-.-/..-/- -../.../../...-/./.- ./-.- -/

എന്നായിത്തീരും.

വാൎത്താനിവേദനോൽഗതിയുടെ അടുത്ത പടിയാണു കേബിൾ. ഇതു വെള്ളത്തിനടിയിൽകൂടെയുള്ള കമ്പിത്തപാലാണു്. ഇതു കരയ്ക്കുള്ള കമ്പിയേക്കാൾ വളരെ സുരക്ഷിതമായി നിൎമ്മിച്ചിരിക്കുന്നതും കമ്പിക്കാലുകൾ ഇല്ലാത്തവയുമാണു്. കേബിളുകൾ സമുദ്രത്തിനടിയിൽകൂടെ ഒരു കരയിൽനിന്നും മറുകരയിൽ എത്തിക്കുന്നതിനു സീമാതീതമായ പ്രയാസമുണ്ടു്. അവയ്ക്കു കേടുപാടുകൾ സംഭവിച്ചാൽ നന്നാക്കുന്നകാൎയ്യവും അത്ര എളുപ്പമല്ല.

ആദ്യമായി കേബിൾ സ്ഥാപിച്ചതു ഇംഗ്ലണ്ടിലെ ഡോവർകടലിടുക്കിൽനിന്നും ഫ്രാൻസിലേക്കാണു്. പിന്നീടു സ്കോട്ടലണ്ടും ഐർലണ്ടും തമ്മിലാണു കേബിൾ ബന്ധമുണ്ടായതു്. ഏഡനിൽനിന്നുംബോംബയിലേക്കു് ഇൻഡ്യൻ സമുദ്രത്തിൽകൂടെയിട്ടിരിക്കുന്ന കേബിൾ ഒരിക്കൽ എണ്ണായിരത്തിലധികം അടി ആഴത്തിൽവെച്ചു മുറിഞ്ഞുപോയി. ഈ കേടു പരിഹരിക്കുന്നതിനു് അസംഖ്യം ആളുകളുടെഏകദേശം ഒരുകൊല്ലത്തെ പണി ആവശ്യമായിരുന്നു.

1856-ാമാണ്ടാണ് അമേരിക്കയും ഇംഗ്ലണ്ടും തമ്മിൽ കേബിൾ ബന്ധമുണ്ടാകുന്നതിനുള്ള ശ്രമം ആദ്യമായി തുടങ്ങിയതു്. ഈ സംരംഭത്തിൻെറ പ്രധാന പ്രവൎത്തകന്മാർ അമേരിക്കക്കാരനായ ഫീൽഡ് എന്നയാളും, ഇംഗ്ലീഷുകാരനായ ബ്രൈററ് (Bright) എന്നയാളും ആയിരുന്നു. "അത്‌ലാൻറിക്കു കമ്പിത്തപാൽക്കമ്പനി" എന്ന അഭിധാനത്തിൽ ഒരു കമ്പനി സ്ഥാപിച്ചുകൊണ്ടു് അതിൻെറ ആഭിമുഖ്യത്തിലാണു ഇവർ പരിശ്രമം തുടങ്ങിയതു്. കേബിൾ ഇട്ടുതുടങ്ങിയതു് ഇംഗ്ലണ്ടിൽനിന്നുമാണു്. ഏകദേശം 350 മൈൽദൂരം ഇട്ടുകഴിഞ്ഞപ്പോൾ നിൎഭാഗ്യവശാൽ കമ്പിപൊട്ടിപ്പോയി. ഒരുകൊല്ലം മുഴുവൻ പരിശ്രമിച്ചിട്ടും മുറിഞ്ഞുപോയ കേബിളിൻെറ അഗ്രം കണ്ടെടുക്കാൻ സാധിച്ചില്ല. പിറേറക്കൊല്ലം അവർ വീണ്ടും ശ്രമംതുടൎന്നു. ഇപ്രാവശ്യം അവർ രണ്ടു കപ്പലുകളുമായി പുറപ്പെട്ടു. അത്‌ലാൻറിക്കു സമുദ്രത്തിൻെറ ഏകദേശം മദ്ധ്യഭാഗത്തു എത്തിയതിനുശേഷം, ഓരോ കപ്പലും, കമ്പിയുടെ ഓരോ അഗ്രവുംകൊണ്ടു രണ്ടുവശത്തേക്കും യാത്രതിരിച്ചു. ഒരു ഒററദിവസംതന്നെ ഇംഗ്ലണ്ടും അമേരിക്കയും തമ്മിൽ കേബിൾമൂലം ബന്ധിക്കണമെന്നായിരുന്നു അവരുടെ അഗ്രഹം. കേബിൾബന്ധം പൂൎത്തിയായ ഉടനെ ആദ്യമായി ഇംഗ്ലണ്ടിൽനിന്നും അമേരിക്കയിലേക്കു, പരീക്ഷണാൎത്ഥം ഒരു വാൎത്തയയച്ചു. ഇംഗ്ലണ്ടും അമേരിക്കയും തമ്മിൽ അനേകായിരംമൈൽ ദൂരമുള്ളതുകൊണ്ടും വെള്ളത്തിനടിയിൽകൂടെ പോകാനുള്ളതായതിനാലും, സാധാരണ കമ്പിയടിക്കുന്നതിനു് ഉപകരിക്കുന്നതിനേക്കാൾ ഉഗ്രതരമായ വിദ്യുച്ഛക്തിയാണു് അന്നു ഉപയോഗിച്ചതു്. ഈ ഉഗ്രവിദ്യുത്പ്രവാഹത്തിൻെറ കാഠിന്യത്താൽ കേബിൾ ഇടയ്ക്കുവെച്ചു ഉരുകി മുറിഞ്ഞുപോയി. അതിനാൽ വീണ്ടും മറെറാരുകേബിൾ സ്ഥാപിക്കേണ്ടതായിവന്നു.

കേബിളും, കമ്പിത്തപാലും, സന്ദേശങ്ങൾ വളരെ വേഗത്തിൽ അയക്കുന്നതിനു ഉപയുക്തങ്ങളായ ഉപകരണങ്ങൾതന്നെ. പക്ഷേ അനേകലക്ഷം കമ്പിക്കാലുകളും അനന്തദീൎഘമായ കമ്പികളും ഉണ്ടെങ്കിൽ മാത്രമേ വിദൂരസ്ഥലങ്ങൾ തമ്മിൽ ഘടിപ്പിക്കാൻ സാധിക്കുകയുള്ളു. ഇതിനുള്ള ബുദ്ധിമുട്ടും വ്യയവും ചില്ലറയൊന്നുമല്ല. കാടും മലയും, ആറും തോടും കടന്നു കമ്പിക്കാലുകൾ സ്ഥാപിക്കുന്നതു് അത്ര ക്ഷിപ്രസാദ്ധ്യമല്ല. അതിനാൽ കമ്പിയും കാലുകളും കൂടാതെ കമ്പിയടിക്കുവാൻ സാധിക്കുമോയെന്നു ചില ശാസ്ത്രജ്ഞന്മാർ പരീക്ഷണങ്ങൾ തുടങ്ങി. പലരും പല ശ്രമങ്ങളും ചെയ്തെങ്കിലും കാൎയ്യമായ ഫലപ്രാപ്തിയിൽ എത്തിയില്ല. ഒടുവിൽ 'മാക്കോണി' എന്ന ഒരു ഇത്താല്യൻ ശാസ്ത്രജ്ഞൻ ഫലപ്രദമായ ഒരുപായം കണ്ടുപിടിച്ചു. ഇതു് 1898-ാമാണ്ടാണു്. മാക്കോണി കണ്ടുപിടിച്ച ഉപായമാണു "കമ്പിയില്ലാക്കമ്പിത്തപാൽ."

വാൎത്താനിവേദനത്തിൻെറ പരിപൂൎണ്ണത ഏകദേശം ഇതോടുകൂടെ എത്തിക്കഴിഞ്ഞിരിക്കുന്നു എന്നു പറയാം. കമ്പിയില്ലാക്കമ്പിയേൎപ്പാടിനു വ്യത്യസ്തസ്ഥലങ്ങളെ കമ്പിമൂലം യോജിപ്പിക്കേണ്ടയാവശ്യമില്ല. വൎത്തമാനം അയയ്ക്കുന്ന സ്ഥലത്തും അതു സ്വീകരിക്കുന്ന സ്ഥലത്തും മാത്രം ഓരോ കമ്പിക്കാലുകളും, കുറച്ചു കമ്പിയും ഉണ്ടായിരുന്നാൽമതി. കമ്പിയില്ലാക്കമ്പിയാഫീസിൽ സ്ഥാപിച്ചിരിക്കുന്ന സാമാന്യം ഉയരമുള്ള സ്തംഭത്തിൽ വിദ്യുത്പ്രവാഹമുള്ള ഒരു കമ്പി ഘടിപ്പിച്ചിരിക്കും. ഈ കമ്പിയുടെ ഒരററം ആകാശത്തേക്കഭിമുഖമായിട്ടും മറെറയററം നിലത്തു് ഉറപ്പിച്ചും ആണു സജ്ജീകരിച്ചിരിക്കുന്നതു്. വിദ്യുത്പ്രവാഹതരംഗങ്ങൾ കമ്പിയുടെ മുകളിലത്തെ അഗ്രത്തിൽനിന്നും മോഴ്‌സ്കോഡനുസരിച്ചു വിദ്യുത്‌വീചികളായി അന്തരീക്ഷത്തിൽ നാലുപാടും വ്യാപിക്കുന്നു. വിദ്യുത്തരംഗങ്ങൾ വായുവിലും ചില ചലനങ്ങളൊ തരംഗങ്ങളൊ സൃഷ്ടിക്കുന്നു. നിശ്ചലമായ ഒരു ജലാശയത്തിൽ ഒരു കല്ല് എടുത്തിടുകയാണെങ്കിൽ നാലുവശത്തേക്കും കല്ലോലമാലകൾ വ്യാപിക്കുന്നതു നാം കണ്ടിട്ടുണ്ടല്ലോ. ഏകദേശം ഇതുപോലെയുള്ള ഒരു ചലനമാണു് അന്തരീക്ഷത്തിൽ ഉണ്ടാകുന്നതു്. ഇപ്രകാരം ഉണ്ടാകുന്ന ചലനങ്ങൾ വിദൂരസ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന സ്വീകരണയന്ത്രങ്ങളിൽ എത്തുകയും, അവയിൽ ഘടിപ്പിച്ചിട്ടുള്ള കാന്തസൂചിയുടെയോ ശബ്ദിനിയുടേയോ സഹായത്താൽ, വാൎത്തകൾ സുഗ്രഹമായിത്തീരുകയും ചെയ്യുന്നു.

വിദേശരാജ്യങ്ങളിലേക്കു വളരെ വേഗത്തിൽ സന്ദേശങ്ങൾ അയയ്ക്കാൻ സാധി

ച്ചു കഴിഞ്ഞപ്പോൾ, അന്യരാജ്യങ്ങളിലെ ജനങ്ങളുമായി നേരിട്ടു സംസാരിക്കണമെന്ന് ഒരു മോഹം ചില ശാസ്ത്രകാരന്മാർക്കുണ്ടായി. പല ശാസ്ത്രജ്ഞന്മാരും അഹോരാത്രം ഇതിനുവേണ്ടി പരിശ്രമിച്ചുതുടങ്ങി. ഒരാളുടെ സംസാരം മറ്റൊരാളുടെ കർണ്ണപുടങ്ങളിൽ എത്തുന്നതു് എങ്ങനെയെന്ന് അവർ അപഗ്രഥനം ചെയ്തുതുടങ്ങി. തൽഫലമായി ശബ്ദം വായുവിൽക്കൂടെ തരംഗരൂപത്തിലാണു സഞ്ചരിക്കുന്നതെന്നു കണ്ടുപിടിച്ചു. ഈ ശബ്ദതരംഗങ്ങൾ നമ്മുടെ കാതുകൾക്കുള്ളിൽ എത്തുമ്പോഴാണു നാം ശബ്ദം കേൾക്കുന്നതു്. വിവിധരൂപത്തിലുള്ള ശബ്ദമാണല്ലൊ സംസാരം. ഇലക്ട്രിസിറ്റിക്കു വായുവിൽക്കൂടെ തരംഗരൂപേണ സഞ്ചരിക്കുവാൻ സാധിക്കുമെന്നു കണ്ടുപിടിച്ചതിൽ നിന്നാണല്ലൊ കമ്പിയില്ലാക്കമ്പി ഉണ്ടായതു്. വിദ്യുച്ഛക്തി ഉപയോഗിച്ചു ശബ്ദതരംഗങ്ങൾ അയയ്ക്കാൻ സാധിക്കുമോയെന്നു പരീക്ഷിച്ചു നോക്കുകയും അതു സാദ്ധ്യമാണെന്നു കണ്ടുപിടിക്കുകയും ചെയ്തു. തദനന്തരമാണു ദൂരശ്രവണിയന്ത്രം കണ്ടുപിടിച്ചതു്. ഈ കണ്ടുപിടിത്തം വാർത്താനിവേദനത്തെ ഒരുപടികൂടെ അഭിവൃദ്ധിപ്പെടുത്തി. ദൂരശ്രവണിയുടെ ജനയിതാവു ഗ്രഹാംബെൽ എന്ന ദേഹമാണു്. കമ്പിത്തപാൽപോലെ തന്നെ ദൂരശ്രവണിക്കും കമ്പിയും തൂണുകളും ആവശ്യമായിരുന്നു. ഇതു വ്യയകരവും, ദുഷ്കരവും ആയിത്തോന്നുകയാൽ കമ്പികൂടാതെ ശബ്ദങ്ങൾ അയയ്ക്കുന്നതിനു പരിശ്രമം തുടങ്ങി. അധികകാലവിളംബം കൂടാതെ കമ്പിയില്ലാക്കമ്പി കണ്ടുപിടിക്കുകയും, അതിന്റെ മൂലതത്വങ്ങൾതന്നെ നിഷ്പ്രയാസം കമ്പിയില്ലാദൂരശ്രവണികൾക്കും ഉപയോഗപ്പെടുത്താമെന്നു മനസ്സിലാക്കുകയും ചെയ്തു. കമ്പിയില്ലാദൂരശ്രവണികളാണു വാർത്താനിവേദനസമ്പ്രദായങ്ങളിൽ ഏറ്റവും ആധുനികമായി സ്ഥിതിചെയ്യുന്നതു്. കമ്പിയില്ലാദൂരശ്രവണികൾക്കു പ്രക്ഷേപിണികൾ എന്നാണു പേരു പറയുന്നതു്. ഇംഗ്ലണ്ടിലെ പാർലിമെന്റിലോ അമേരിക്കയിലെ സെനറ്റിലോ നടക്കുന്ന പ്രസംഗങ്ങൾ നമുക്കു് ഈ യന്ത്രസഹായത്താൽ നമ്മുടെ വസതികളിലിരുന്നു കേൾക്കാം. ഈ യന്ത്രംകൊണ്ടു ലോകപ്രസിദ്ധന്മാരായ ഗായകന്മാരുടെ സംഗീതമാധുരലോകമെങ്ങും ആസ്വദിക്കുന്നതിനു ഇടയാകുന്നു. വിദ്യാഭ്യാസസംബന്ധമായി പ്രക്ഷേപിണികൾ ചെയ്യുന്ന ജോലി അനർഘം തന്നെയാണു്. പ്രക്ഷേപണം ചെയ്യപ്പെടുന്ന പ്രസംഗങ്ങളോ പാട്ടുകളോ കേൾക്കുന്നതിനു 'റിസീവർ' എന്ന ഒരു യന്ത്രം വാങ്ങി നമ്മുടെ വീടുകളിൽ വച്ചാൽ മതിയാകുന്നതാണു്. ഈ യന്ത്രം വളരെ ചെറുതും വിലയധികമില്ലാത്തതുമാണു്. ഉദ്ദേശം മുന്നൂറോ മുന്നൂറ്റിഅമ്പതോ രൂപ ചിലവാക്കുകയാൽ ഒരു യന്ത്രം വാങ്ങാം. പൊതുസ്ഥലങ്ങളിലും വിദ്യാലയങ്ങളിലും ഇവ ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്.

മനുഷ്യശബ്ദത്തിനു് ഇരുപതോ മുപ്പതോ വാരയ്ക്കപ്പുറം എത്താനുള്ള ശക്തിമാത്രമേ പ്രകൃതി നമുക്കു നൽകിയിട്ടുള്ളു എങ്കിലും, അതിനെ അനേകായിരം മൈൽ അകലെ എത്തിക്കുന്നതിനു് ഇന്നു നമുക്കു സാധിക്കുന്നു. ഇംഗ്ലണ്ടിലോ അമേരിക്കയിലോ ഉള്ള ഒരാളുമായി നമുക്കു നേരിട്ടു സംസാരിക്കാമെന്നു പറയുന്നതു എത്ര അത്ഭുതകരവും അവിശ്വസനീയവും ആയ ഒരു കാര്യമാണു്. പക്ഷെ ഇന്നത്തെ ശാസ്ത്രത്തിനു് അതീതമായി യാതൊരു അത്ഭുതവും ഇല്ലെന്നതന്നെ വന്നിരിക്കുന്നു.

ഇപ്രകാരം മനുഷ്യൻ വാർത്താനിവേദനകാര്യത്തിൽ ഓരോ പടി ഉയർന്നുയർന്നു ആധുനികകാലത്തു അതിന്റെ പരിപൂർണ്ണതയിലെത്തിയിരിക്കുന്നു. ഇനിയും എന്തെല്ലാം അത്ഭുതങ്ങൾ കണ്ടുപിടിക്കുമോ? ആർക്കറിയാം?

# ജീവചൈതന്യത്തിന്റെ ഭൗതികാധിഷ്ഠാനം.

എസ്സ്. മഹമ്മദ് സുലൈമാൻ ബി. ഏ

ജീവന്റെയും ജീവൽചൈതന്യത്തിന്റെയും കാരണം, ഉൽപത്തി മുതലായവയെപ്പറ്റി ചർച്ചചെയ്യുന്നതിൽ ചിന്തകന്മാർ എക്കാലത്തും വ്യാപൃതന്മാരായിരുന്നിട്ടുള്ളതായിട്ടാണല്ലൊ കാണപ്പെടുന്നതു്. ഈശ്വരപ്രകാശിതമതങ്ങളും, പ്രാചീനപരിഷ്കൃതരാജ്യങ്ങളായ ഗ്രീസിലും ഇൻഡ്യയിലുമുണ്ടായിരുന്ന തത്വചിന്തകന്മാരും, വിവിധങ്ങളും വ്യത്യസ്തങ്ങളുമായ അനുമാനങ്ങളെയും സിദ്ധാന്തങ്ങളെയും അവശേഷിപ്പിച്ചിട്ടുണ്ടു്. ഇവയിൽ ഒന്നു ദൈവസന്ദേശവും മറ്റേതു ചിന്താസന്താനവും ആന്തരികപ്രേരണയുമാകുന്നു. ഈ ലേഖനത്തിലുദ്ദേശിക്കുന്നതു, ഈ വിഷയത്തെപ്പറ്റി ആധുനികശാസ്ത്രപര്യവേക്ഷണപ്രവീണന്മാരുടെ അഭിപ്രായങ്ങളും അനുമാനങ്ങളും അവയ്ക്കാസ്പദങ്ങളായ സാക്ഷ്യങ്ങളും എന്തെല്ലാമെന്നു അന്വേഷിക്കുകമാത്രമാകുന്നു.

ജീവൽചൈതന്യത്തിന്റെ ഭൗതികാധിഷ്ഠാനം ജീവാസമാകുന്നു ദ്രവ്യവും ജീവനും അവിഭാജ്യമാണു്. സർവ്വ സജീവവസ്തുക്കൾക്കും പൊതുവായി ഒരുവിധ ആസ്പദവസ്തുവുള്ളതായിക്കാണാം. അനവസാനമായ വൈവിദ്ധ്യങ്ങൾ ഭൗതികവും ആദർശപരവുമായ ഐകരൂപ്യത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. അണുരൂപിയായ ഒരു ജലകൃമിയുടെയും ഒരു തിമിംഗലത്തിന്റെയുമിടയ്ക്കും, അണുമാത്രസസ്യപായലിനും ആലുവൃക്ഷത്തിനിടക്കും, ആകൃതിയിലും പ്രകൃതിയിലും ഘടനയിലും എന്തുപൊരുത്തമാണുള്ളതു്? സചേതനത്തിന്റെ വിവിധരൂപങ്ങളിലും അന്തർലീനമായിരിക്കുന്ന ജീവന്റെ ഏക ഭൗതികാധിഷ്ഠാനതത്വത്തെപ്പറ്റി ചിന്തിക്കുന്ന യാതൊരു വ്യക്തിക്കും ഇപ്രകാരമൊരാക്ഷേപം തോന്നാവുന്നതാണു് എന്നാൽ ബാഹ്യമായി വൈവിധ്യം കാണപ്പെടുന്നുവെങ്കിലും, ശക്തിയിലും രൂപത്തിലും ഘടനയിലും സാരമായ ഏകത ജീവലോകം മുഴുവനിലും വ്യാപിച്ചിരിക്കുന്നുവെന്നു ശാസ്ത്രപര്യാന്വേഷണങ്ങൾകൊണ്ടു തെളിയിക്കപ്പെട്ടിരിക്കുന്നു.

ശക്ത്യൈക്യം:—മനുഷ്യന്റെ കുഴഞ്ഞിയതും വിവിധവുമായ സർവ്വ വ്യാപാരങ്ങളെയും മൂന്നുവിധത്തിൽ തരംതിരിക്കാം. അവ, തന്റെ ദേഹത്തെ പോഷിപ്പിച്ചു അഭിവൃദ്ധിപ്പെടുത്തുന്നതിലൊ, അഥവാജഢത്തിലെ വിവിധഭാഗങ്ങളുടെ സ്ഥാനങ്ങളെ മാറ്റുന്നതിലോ, അല്ലെങ്കിൽ വർഗ്ഗത്തിന്റെ നിലനില്പിലോ ആണു്. ഉന്നതശക്തിയെന്നു ശരിയായി വിചാരിക്കപ്പെടുന്ന ബുദ്ധിയുടെയും അനുഭവത്തിന്റെയും മനസ്സിന്റെയും വ്യാപാരങ്ങളെക്കൂടിയും ഈ തരംതിരിപ്പിന്റെ പരിധിയിൽനിന്നും തള്ളിയിട്ടില്ല. ഒരു ചെടിയുടെ ചെറുരോമത്തിലുള്ള ജീവധാതുവിന്റെ സങ്കോചത്തിൽ അടങ്ങിയിരിക്കുന്ന അത്ഭുതകരമായ ശക്തിയെ പരിഗണിക്കുക. എന്നാൽ താഴ്ന്നതരം സസ്യങ്ങൾക്കും ഉയർന്നതരം ചെടികൾക്കും, സസ്യങ്ങൾക്കും ജന്തുക്കൾക്കും, ഈ ശക്തിയുടെ പരിമാണത്തിൽ—സ്വഭാവത്തിലല്ലാ—വ്യത്യാസമുണ്ടു്. ഇതു അവയുടെ പ്രവൃത്തിവിഭജനത്തിന്റെ വ്യാപ്തിയെ ആശ്രയിച്ചിരിക്കുന്നു. താഴ്ന്നതരം ജീവികളിൽ ശരീരത്തിന്റെ എല്ലാഭാഗങ്ങൾക്കും ആഹാരപോഷണം, ചലനം, പുനരുൽപാദനം മുതലായ എല്ലാ പ്രവൃത്തികളും അനുഷ്ഠിക്കുന്നതിനു കഴിവുണ്ടു്. എന്നാൽ ഉയർന്നതരം ജന്തുക്കളിൽ ഓരോ അംഗവും പ്രത്യേക പ്രവൃത്തി ചെയ്യുന്നു. സസ്യങ്ങൾ ലോഹദ്രവ്യങ്ങളിൽനിന്നും അവയുടെ ജീവൽധാതുക്കളെ ഉല്പാദിപ്പിക്കുന്നു. എന്നാൽ ജന്തുക്കൾക്കാകട്ടെ തയാറാക്കപ്പെട്ട ജീവൽധാതുക്കളാണു ലഭിക്കേണ്ടതു്. ഇപ്രകാരം ജന്തുവർഗ്ഗം സസ്യവർഗ്ഗത്തെ ആശ്രയിച്ചിരിക്കുന്നു. ഈവിധം എല്ലാ ജീവജാലങ്ങളുടെയും പ്രവൃത്തികൾ മൗലികമായി ഒരേതരത്തിലാണെന്നു കാണാവുന്നതാണു്.

രൂപൈക്യം: ഒരു ജീവൽബീജമാണു ശരീരഘടനയുടെ ഏറ്റവും ചെറിയ അംശം. ശരീരം അതിന്റെ പരമപ്രാരംഭാവസ്ഥയിൽ ഈവിധം ചെറിയ ബീജങ്ങളുടെ ഒരു സഞ്ചയം മാത്രമാകുന്നു. അതിന്റെ പരിപൂർണ്ണാവസ്ഥയിൽ ശരീരം വിവിധമാറ്റങ്ങളോടുകൂടിയ ഈവിധ ബീജങ്ങളുടെ സമുച്ചയങ്ങളാണു്. ജീവന്റെ ചുവട്ടിൽ ചെല്ലുമ്പോൾ അതിന്റെ എല്ലാ പ്രവൃത്തികളും ബീജമില്ലാത്ത ഒറ്റ ജീവധാതു നിർവ്വഹിക്കുന്നതായിക്കാണാം. ഇത്തരത്തിലുള്ള അസംഖ്യങ്ങൾ ആഴികളുടെ അടിത്തട്ടുകളായിത്തീർന്നിട്ടു പാറകളായി രൂപാന്തരപ്പെട്ടിട്ടുണ്ടു്. സസ്യങ്ങളുടെ കഥയും ഇതുതന്നെയാണു്. ഈവിധ താഴ്ന്നതരത്തിലുള്ള ജന്തുസസ്യജീവധാതുക്കളുടെ വ്യത്യാസം, ഖരദ്രവ്യത്തെതിന്നു ജന്തുവർഗ്ഗങ്ങളുടെ പ്രത്യേക സ്വഭാവമായ ചലനം, ഘനസാധനാഹാരം ഇതുകളുണ്ടെന്നുള്ളതാണു്. ഇപ്രകാരം ജീവധാതുക്കൾ, ഏറ്റവും പ്രാഥ

മികമായാലും ബീജമായാലും, സർവ്വ ജീവങ്ങളുടെയും അധിഷ്ഠാനരൂപമെന്നു കാണാവുന്നതാണ്. അതിനാൽ എല്ലാ ജീവൽശക്തികളും ബന്ധപ്പെട്ടവയും സർവ്വജീവൽരൂപങ്ങളും ഒരേ മൌലികസ്വഭാവത്തോടുകൂടിയവയുമാകുന്നു. ജീവൽധാതുക്കളുടെ ഘടകദ്രവ്യങ്ങളിലും ഇതുപോലെ ശ്രദ്ധേയമായ ഐക്യതയുണ്ടെന്നു രസതന്ത്രപര്യവേക്ഷണങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു.

ജീവൽവസ്തുക്കളുടെ ഘടന: എല്ലാവിധ ജീവധാതുക്കളിലും കാർബൺ (ഇംഗാലം), ഹൈഡ്രജൻ (അബ്ജനകം), ആക്സിജൻ (അംലവാതം), നൈററജൻ എന്നീ നാലു ധാതുക്കളുടെ കുടിലങ്ങളായ രാസയോഗങ്ങൾ അടങ്ങിയിരിക്കുന്നു. ഇതു പ്രോട്ടീൻ (Protein) എന്നറിയപ്പെടുന്നു. ആൽബുമിൻ (Albumine) എന്നും പറയാറുണ്ട്. ഈ വസ്തു നാല്പതും അൻപതും സെൻറിഗ്രേഡു ഡിഗ്രിക്കിടക്കുള്ള ചൂടുകൊണ്ടു കട്ടിയായി ഉറച്ചുപോകുന്നു. ജീവാസം എന്നറിയപ്പെടുന്ന ജീവൻെറ ഭൌതികാധിഷ്ഠാനത്തിൻെറ സ്വഭാവത്തിൽ ഒരു പൊതുവായ നിർഭേദത്വം കാണപ്പെടുന്നു എന്നാൽ മൌലികവസ്തുവിൽ ചില പ്രത്യേക മാററങ്ങളും കാണപ്പെടുന്നുണ്ട്.

ജീവൽവസ്തുവിൻെറ ഉത്ഭവവും അവസാനഗതിയുമെന്ത്? അതു സ്വയമേ അനശ്വരവും പരിവർത്തനരഹിതവുമായ അണുക്കളായി, അനവസാനമായ പുനർജന്മം സ്വീകരിച്ചു, അസംഖ്യം ഘടനാവൈവിധ്യത്താൽ, നാം കാണുന്ന അനവധി ജീവൽരൂപങ്ങളിലായി സംഘടിച്ചു വിശ്വത്തിൽ സർവ്വത്ര വ്യാപിച്ചിരിക്കയാണോ? അഥവാ ജീവൽവസ്തു സാധാരണ പദാർത്ഥത്തിൻെറ രാസഘടനാരീതിയിൽനിന്നും വ്യത്യസ്തമായവിധത്തിൽമാത്രം യോഗംചേർന്നുണ്ടായതാണോ? അല്ലെങ്കിൽ ഇതു സാധാരണദ്രവ്യങ്ങളാൽ സംഘടിതമായി അതിൻെറ പ്രവൃത്തി അവസാനിച്ചതിനുശേഷം വീണ്ടും സാധാരണദ്രവ്യമായി പിരിയുന്നതാണോ? ജീവാസം ഏതുരൂപത്തെ സ്വീകരിച്ചാലും—പായലോ വൻവൃക്ഷങ്ങളോ, കൃമിയോ മനുഷ്യനോ ആകട്ടെ—അവസാനമായി മരിക്കയും അതിൻെറ ഘടകാംശങ്ങളായ ലോഹങ്ങളായും നിർജ്ജീവവസ്തുക്കളായും വിച്ഛിന്നമാകയും ചെയ്യുന്നതുമാത്രമല്ല എപ്പോഴും മരിച്ചുകൊണ്ടേയിരിക്കയും ചെയ്യുന്നു. പരസ്പരവിരുദ്ധമായി തോന്നാമെങ്കിലും അതിനു മരിക്കാതെ ജീവിക്കാൻ കഴികയില്ല. ജീവൽധാതുവിനു ഓരോ പ്രവൃത്തിക്കുശേഷവും ക്ഷയം സംഭവിക്കുന്നുണ്ട്. എല്ലാ പ്രവർത്തനത്തിലും വ്യയം അന്തർഭവിച്ചിരിക്കുന്നു. ചൈതന്യത്തിൻെറ പ്രവർത്തനത്തിൽനിന്നുളവാകുന്ന ജീവാസത്തിൻെറ നഷ്ടം ഓരോ പ്രയത്നത്തിനുശേഷവും പരിഹരിക്കപ്പെടുകയും അതിൻെറ പൂർവ്വപൂർണ്ണാവസ്ഥയിലേക്കു പുനരുദ്ധരിക്കപ്പെടുകയും ചെയ്യുന്നു. ഈ ജോലി നിർവഹിക്കപ്പെടുന്നതു ശരീരപാചകശാലയിൽ ആഹാരംമൂലമാകുന്നു. ജന്തുക്കൾ ആഹാരത്തിലുള്ള നിർജ്ജീവാസങ്ങളെ സജീവാസങ്ങളായി പരിവർത്തനം ചെയ്യുന്നു; എന്നാൽ അവയ്ക്കു ജീവാസങ്ങളെത്തന്നെ നിർമ്മിക്കുവാൻ കഴിയുന്നില്ല; അവയ്ക്കു തയാർചെയ്യപ്പെട്ട ജീവാസങ്ങളാണു ആവശ്യം. ഇപ്രകാരം ജീവാസങ്ങളുടെ ഉൽപത്തി വിശ്വത്തിലുള്ള സാധാരണ ധാതുക്കളിലും അവയെ നിർമ്മിക്കുന്ന സസ്യലോകത്തിലും നിന്നാണെന്നു പ്രത്യക്ഷമാകുന്നു. ഇതിൽനിന്നും ജന്തുക്കൾക്കു ജീവാസത്തിനുള്ള കുടിലമായ ധാതുക്കളെ ഉയർന്നതരത്തിലുള്ള സജീവാസങ്ങളായി പരിവർത്തനം ചെയ്യുന്നതിനു കഴിയുന്നുവെന്നും സസ്യാദികൾക്കു കാർബാണിക് ആസിഡ്, ജലം, അമ്മോണിയാ മുതലായ ലഘുവായ മിശ്രവസ്തുക്കളെ സജീവാസങ്ങളുടെ പടിയിലേക്കു— അവയ്ക്കു സമമായല്ലെങ്കിലും—ഉയർത്തുന്നതിനു കഴിവുണ്ടെന്നും സിദ്ധമാകുന്നു. ജീവൽവസ്തുക്കൾ, അവയുടെ ചൈതന്യസ്വഭാവം ഹേതുവാൽ, തുടർച്ചയായി മരിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു കർബാണിക് ആസിഡ്, ജലം, അമ്മോണിയാ, ഇവകളായി വിച്ഛിന്നമാകുന്നു. ഈ വക സാധാരണ ധാതുരൂപങ്ങളിൽനിന്നുമാണ്—ഇതിൽനിന്നും താഴ്ന്നതരം ധാതുക്കളിൽ നിന്നല്ലാ—സർവ്വജീവജാലങ്ങളേയും പ്രവർത്തിപ്പിക്കുന്ന എല്ലാ ജീവാസങ്ങളും സൃഷ്ടിക്കപ്പെടുന്നതു്. ജന്തുക്കൾ വിച്ഛിന്നമാക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന ശക്തികളെ സസ്യങ്ങൾ ശേഖരിച്ചു ഉൾക്കൊള്ളുന്നു. ജീവൽധാതുവിൻെറ ആസ്തിക്യം കർബാണിക് ആസിഡ്, വെള്ളം, അമ്മോണിയാ, മുതലായ ചില രാസയോഗങ്ങളുടെ പൂർവ്വാസ്തിക്യത്തെ ആശ്രയിച്ചിരിക്കുന്നു. ഇവയിൽ ഏതെങ്കിലും ഒന്നിൻെറ അഭാവം ജീവൽഭാനങ്ങളെ ഇല്ലാതാക്കുന്നു! ജീവാസങ്ങൾ ജന്തുവർഗ്ഗത്തോടു ഏതുവിധം ബന്ധിക്കപ്പെട്ടിരിക്കുന്നുവോ അതേവിധം തന്നെ ഈ രാസയോഗങ്ങൾ സസ്യവർഗ്ഗത്തിൻെറ ജീവാസങ്ങളോടുബന്ധപ്പെട്ടിരിക്കുന്നു. കർബാണിക് ആസിഡ്, വെള്ളം, അമ്മോണിയാ മുതലായ രാസയോഗങ്ങൾതന്നെയും അവയുടെ ഘടകാംശങ്ങളായ ഭൂതവസ്തുക്കളെപ്പോലെ നിർജ്ജീവങ്ങളാകുന്നു. എന്നാൽ ചില പ്രത്യേകപരിതാവസ്ഥകളിൽ അവ ഒന്നിച്ചുചേരുമ്പോൾ കുറേക്കൂടി കുടിലമായ രാസയോഗങ്ങളായി—ജീവാസങ്ങളായി—പരിണമിക്കുന്നു. ഈ ജീവാസങ്ങളാണ് ചൈതന്യഭാനങ്ങളെ പ്രകടിപ്പിക്കുന്നതു്.

രാസയോഗങ്ങൾ, സ്വഭാവത്തിൽ, അവയുടെ ഘടകവസ്തുക്കളിൽ നിന്നും അത്യന്തം വിഭിന്നമായിരിക്കുന്നു. ഉദാഹരണമായിവെള്ളവും അതിൻെറ ഘടകദ്രവ്യങ്ങളായ ആക്സിജനും ഹൈഡ്രജനും വിഭിന്നപ്രകൃതിയോടുകൂടിയവയാണല്ലോ. ഇതുപോലെതന്നെയാണ് ജീവാസവും അതിൻെറ ഘടകദ്രവ്യങ്ങളും. ഈ സ്ഥിതിക്കു ജീവൽവസ്തുക്കളിൽ, അവയുടെ ആസ്തിക്യത്തിനു കാരണമായ നിർജ്ജീവവസ്തുക്കൾക്കില്ലാതിരുന്ന ഒന്നു ഉണ്ടെന്നുഭാവിക്കുന്നതിനു എന്തു ന്യായമാണുള്ളതു്? അതിനാൽ ജീവനു വെള്ളത്തിൻെറ കാര്യത്തിലുള്ളതിൽ കൂടുതലായൊ ഗുണകരമായൊ ഒരു ഭാഗ്യത്തെ എന്തിനു ആശിക്കണം? അതുകൊണ്ടു ജീവാസത്തിനോ ജീവൻെറ ഭൌതികാധിഷ്ഠാനത്തിനോ സങ്കല്പിക്കാവുന്ന നിയമങ്ങൾ മററുള്ളവയ്ക്കും ഉപയുക്തമായിട്ടുള്ളവതന്നെയായിരിക്കണമെന്നുള്ളതു് ഒരു ന്യായവാദമാണല്ലൊ. വെള്ളം പ്രദർശിപ്പിക്കുന്ന ഭാനങ്ങൾ അതിൻെറ ഗുണങ്ങളാണെങ്കിൽ സജീവനിർജ്ജീവാസങ്ങൾ പ്രദർശിപ്പിക്കുന്നതും അവയുടെ ഗുണങ്ങളെയാണ്. വെള്ളത്തിൻെറ ഗുണങ്ങൾ അതിൻെറ ഘടകാണുഭാഗങ്ങളുടെ ഗുണത്തിൻെറയും സ്വഭാവങ്ങളുടെയും ഫലമാണെങ്കിൽ ജീവാസങ്ങളുടെ ലക്ഷണങ്ങൾ അവയുടെ ഘടകാണുഭാഗങ്ങളുടെ ഗുണത്തിൻെറയും സ്വഭാവങ്ങളുടെയും ഫലമാണെന്നു പറയുവാൻ വിസമ്മതിക്കുന്നതിൽ ബുദ്ധിപൂർവ്വമായ അർത്ഥമൊന്നുമില്ല. ഇതുപോലെതന്നെ ചിന്തകളും നമ്മുടെ മററു ചൈതന്യഭാനങ്ങളുടെ ഉത്ഭവസ്ഥാനമാകുന്ന ജീവാസത്തിൻെറ അണുഭാഗങ്ങളിലുണ്ടാകുന്ന പരിവർത്തനങ്ങളുടെ പ്രകടനങ്ങളാണെന്നു സ്ഥാപിക്കപ്പെടുന്നുണ്ട്.

ശാസ്ത്രവിജ്ഞാനത്തിൻെറ ചരിത്രം അറിയാവുന്നവരെല്ലാം, അതിൻെറ പുരോഗതി എപ്പോഴും, ക്രമമായും, ഇപ്പോൾ അദ്ഭുതപൂർവ്വമായുമുള്ള, ഹേതുകാര്യമെന്നു വിവക്ഷിക്കുന്ന സിദ്ധാന്തസീമയുടെ അനുക്രമമായ വ്യാപ്തിയാണെന്നും, തൻമൂലം മനുഷ്യരുടെ ചിന്തയിൽനിന്നു, ആത്മാവു സ്വയംഭൂത്വം എന്നെല്ലാം നാം പറയാറുള്ളവ ക്രമേണ ഉച്ചാടനംചെയ്യപ്പെടുന്നുവെന്നും, സമ്മതിക്കുന്നതാണ്. പദാർത്ഥവുംനിയമവും ആത്മാവിനേയും സ്വയംഭൂത്വത്തേയും വിഴുങ്ങിക്കളഞ്ഞിരിക്കുന്നു. പദാർത്ഥം ആത്മാവു എന്നതുകൾ പ്രകൃതിഭാനസമൂഹങ്ങളുടെ കല്പിതങ്ങളായ അടിത്തട്ടുകളുടെ സംജ്ഞകൾമാത്രമാകുന്നു.

എത്രതന്നെ പ്രാധാന്യമേറിയതാണെങ്കിലും നമുക്കു അജ്ഞാതവും അജ്ഞേയവുമായ വിഷയങ്ങളെക്കുറിച്ചു നമ്മെതന്നെ നാം എന്തിനു ഇത്ര വർഷമിപ്പിക്കുന്നു? ദുരിതങ്ങളും അജ്ഞതയും നിറഞ്ഞ ഒരു ലോകത്താണു നാം ജീവിക്കുന്നതു്. നമ്മിൽ ഓരോ വ്യക്തിയുടേയും സമുദായത്തിൻേറയും സ്പഷ്ടമായ കർത്തവ്യം, നമുക്കു സ്വാധീനശക്തിയുള്ള ഓരോ ചെറിയ കോണിലും ഈ ലോകത്തു നാം പ്രവേശിക്കുമ്പോൾ ഉണ്ടായിരുന്നതിനേക്കാൾ അജ്ഞതയും ദുരിതങ്ങളും കുറയുന്നതിലേക്കു വേണ്ട യത്നം ചെയ്യുക എന്നുള്ളതാണ്. ഇതു സഫലമാകുന്നതിനു രണ്ടു പൂർണ്ണമായ വിശ്വാസങ്ങൾ അത്യന്താപേക്ഷിതമാകുന്നു. ഒന്നാമതു നമ്മുടെ ശക്തികൾകൊണ്ടു തിട്ടപ്പെടുത്താവുന്ന പ്രകൃതിനിയമങ്ങളുടെ വിസ്തൃതി സീമാതീതമാകുന്നുവെന്നും, രണ്ടാമതു, നമ്മുടെ ചിന്തകൾ സംഭവങ്ങളുടെ സ്ഥിതിഗതിയെ ഒരു വിധം ബാധിക്കുന്നുവെന്നുമാകുന്നു.


## ‘ദ്രോഹിപോയ വഴിയേ!’

സംഭ്രമജനകമായ
ഒരു ഡിററക്ടീവുനോവൽ.
വായിച്ചുതുടങ്ങിയാൽ അവസാനിപ്പിക്കാതെ താഴത്തുവയ്ക്കുവാൻ സാധിക്കുന്നതല്ല.
വില അണ വ്യ.
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

ചെറുകഥാപംക്തി

# ആ വൈരമാല.

അമ്പാടി ഇക്കാവമ്മ.

സൌന്ദര്യനികേതനമായിരുന്ന അവൾ ഒരു സാധുകുടുംബത്തിൽ ജനിച്ചുപോയതു വിധിവിലാസമെന്നേ പറയേണ്ടു. പഠിപ്പും, പണവും, പദവിയും ഉള്ള ഒരാൾതന്നെയായിരുന്നു അവൾക്കനുരൂപനായ വരൻ. എന്നാൽ അങ്ങിനെ ഒരു പുരുഷനു തന്നിൽ പ്രേമം ഉണ്ടാകുവാനും, വിവാഹം ചെയ്യാനുമുള്ള ഭാഗ്യം അവളുടെ സാധുസ്ഥിതി സമ്മതിച്ചില്ല. തന്റെ രൂപത്തിനൊത്ത ഒരു യോഗ്യനെ പ്രാപിക്കുന്ന കാര്യം ദുസ്സാധമെന്നറിഞ്ഞു് അവൾ വിദ്യാഭ്യാസവകുപ്പിലെ ഒരു ചെറിയ ഗുമസ്തനെ ഭർത്താവായി വരിച്ചു. വിവാഹം കഴിഞ്ഞ ഉടനെ "സുശീല" എന്ന പേരു് അവളുടെ ഇഷ്ടത്തിനുവേണ്ടി ഭർത്താവു് "സുന്ദരി" എന്നു മാററി.

മോടി പിടിച്ച വേഷത്തിൽ വിലസുന്നതിനുള്ള ധനം അവൾക്കില്ലാതിരുന്നതിനാൽ, അവൾ വില കുറഞ്ഞ സാധാരണ വസ്ത്രം ധരിച്ചു. എന്നാൽ ഇതുകൊണ്ടുള്ള വിലക്കുറവു് അവളെ എപ്പോഴും അസഹ്യപ്പെടുത്തിയിരുന്നു.

സ്ത്രീകളുടെ സ്ഥിതി ഇക്കാലത്തു ജാതിയേയും, കുടുംബത്തേയും അപേക്ഷിച്ചല്ലല്ലോ ഇരിക്കുന്നതു്. അവരുടെ കാര്യത്തിൽ കുലമഹിമയേക്കാൾ കൂടുതൽ വില സൌന്ദര്യവിഭവത്തിനാണു്. സഹജമായ സൌകുമാര്യം, മനോവികാസം ഇവയുടെ കൂടുതൽകുറവാണു സ്ത്രീകളുടെ നിലയ്ക്കു വ്യത്യാസം വരുത്തുന്നതു്. ഈ ഗുണങ്ങൾ തന്നെയാണു്, സമുദായത്തിന്റെ താണ പടിയിൽ നില്ക്കുന്ന സ്ത്രീകളെ മാന്യസ്ഥാനങ്ങളിലേക്കുയർത്തുന്നതു്. എന്നാൽ ഈ സൌന്ദര്യം എന്നുള്ളതു് ഇന്നതാണെന്നു് ഇതുവരെ ഒരു കലാകുശലനും തീർത്തുപറഞ്ഞിട്ടില്ല. ഒരു ദിക്കിൽ സൌന്ദര്യമാതൃകയായി കരുതുന്നതു മറെറാരു ദിക്കിൽ അലങ്കോലമാണു്. ഇതുപോലെ ഒരു കാലത്തെ സൌന്ദര്യസങ്കല്പം കാലം മാറുമ്പോൾ ആഭാസമായിത്തീരുന്നു. ചീനരാജ്യത്തിലെ സ്ത്രീകൾ സൌന്ദര്യത്തിനുവേണ്ടി കാലടികൾ മരച്ചെരുപ്പിലിട്ടു ഞെരുക്കുന്നു. മലയരാജ്യത്തിലെ സുന്ദരികൾ പല്ലു കറുപ്പിക്കുന്നു. ഇന്ദുലേഖയുടെ കാലത്തെ കല്ലുവെച്ച തോട ഇപ്പോൾ കാഴ്ചബംഗ്ലാവിലേക്കുമാത്രം കൊള്ളാം. സൌന്ദര്യത്തിന്റെ ഇരുപ്പു് അധികപക്ഷവും കാമുകന്റെ കണ്ണിലാണെന്നാകുന്നു ഇന്നത്തെ അനുഭവം. ആ കണ്ണിൽ പതിയുന്ന ചിത്രത്തിനു പകിട്ടു കൂട്ടുന്നതു പലപ്പോഴും കാമം, ലോഭം, മോഹം ഇങ്ങനെയുള്ള സ്തോഭങ്ങളാണു്. അവയുടെ നിറം മായുമ്പോൾ ആദ്യം കണ്ട ഭംഗിക്കു ഭംഗം വരുന്നതും കാണാം.

നമ്മുടെ നായിക ഒരു യഥാർത്ഥ സുന്ദരി തന്നെയായിരുന്നു. ധനച്ചുരുക്കം പല വിധത്തിലും അവൾക്കു നിരാശയ്ക്കിടയാക്കി. സ്വഭവനത്തിലെ പഴയ കസാലകളേയും, ഭംഗിയില്ലാത്ത മറകളേയും, വിലകുറഞ്ഞ പാത്രങ്ങളേയും അവൾ വെറുത്തു. അവളുടെ സ്ഥിതിയിലുള്ള ഏതു സ്ത്രീയേയും ക്ലേശിപ്പിക്കാത്ത ഈ കാര്യങ്ങൾ അവളുടെ മനസ്സിനു ഉഗ്രശല്യങ്ങളായിത്തീർന്നു.

വീട്ടിൽ സമയം കളയുവാൻ വേണ്ടിമാത്രം മേനിപ്പണികൾ ചെയ്തു സുഖജീവിതം നയിച്ചുവരുന്ന യുവതികളെ കാണുമ്പോൾ അവൾ തന്റെ ദീനാവസ്ഥയെ ഓർത്തു് ഏററവും പരിതപിച്ചു; അവൾ മനസ്സുകൊണ്ടു ഈശ്വരനെയും തന്നെയും ശപിച്ചു.

സ്വദേശത്തുള്ള മാന്യന്മാരായ പുരുഷന്മാർ തന്റെ സുഹൃത്തുക്കളായിത്തീരുന്നതും അവരെ സൽക്കരിക്കുവാനായി മറകൾ, മൃദുമെത്തകൾ, കൊത്തുപണികളോടുകൂടിയ കസേരകൾ, അപൂർവ്വവും രമ്യവുമായ കാഴ്ചവസ്തുക്കൾ, സുഗന്ധം വീശുന്ന വാസനദ്രവ്യങ്ങൾ ഇവകളെക്കൊണ്ടു തന്റെ വിസ്തൃതസംഭാഷണശാല അലങ്കരിക്കുന്നതും, പല വിഭവങ്ങളോടുകൂടിയ സദ്യയ്ക്കു വട്ടം കൂട്ടുന്നതും, അവരെ വിനോദിപ്പിക്കുവാൻ പാട്ടുകൾ പാടുന്നതും മററും അവൾ പലപ്പോഴും ദിവാസ്വപ്നം കണ്ടുകൊണ്ടിരുന്നു. ചെറിയ അടുക്കളയുമ്മറത്തു് ഉപായത്തിലുള്ള ഊണിന്റെ വട്ടങ്ങൾ വിളമ്പിക്കൊടുക്കുമ്പോൾ തന്റെ ഭർത്താവു് "ഹാ! എന്തു രസം പിടിച്ച ഊണു്" എന്നു പറയാറുണ്ടായിരുന്നു. എന്നാൽ ആ സമയം അവളുടെ മനസ്സു് വെള്ളിപ്പാത്രങ്ങളിൽ വിളമ്പിട്ടുള്ള രസ്യവും ഹൃദ്യവുമായ വിശേഷഭക്ഷണപദാർത്ഥങ്ങളെ, അതിഥികളോടു അന്യോന്യം മൃദുസ്മേരം തൂകി, സുഖസല്ലാപം ചെയ്തു യഥേഷ്ടം അനുഭവിക്കുന്ന ഒരു മനോഹരഭക്ഷണമുറിയെ ധ്യാനിച്ചുകൊണ്ടിരിക്കും. തന്റെ ഇഷ്ടത്തിനൊത്ത വിശേഷവസ്ത്രങ്ങളോ ആഭരണങ്ങളോ ഒന്നുംതന്നെ അവൾക്കുണ്ടായിരുന്നില്ല. എന്നാൽ താൻ അതെല്ലാം അർഹിക്കുന്നവളാണു് എന്നവിചാരം അവളുടെ മനസ്സിൽ എപ്പോഴും കുടികൊണ്ടിരുന്നു. താൻ ഒരു വലിയ സ്ഥിതിയിലിരുന്നു, മററുള്ളവർ തന്നെ അസൂയപ്പെടുന്നതും, പുകഴ്ത്തുന്നതും, തന്നോടു പരിചയപ്പെടുവാനാഗ്രഹിക്കുന്നതും കാണുവാൻ ഹാ! അവൾ എത്ര മോഹിച്ചു!

കോൺവെൻറിൽ പഠിച്ചിരുന്ന കാലത്തു് അവൾക്കു ധനികയായ ഒരു സ്നേഹിതയുണ്ടായിരുന്നു. പക്ഷെ അവിടെനിന്നു പോന്നതിൽപിന്നെ തന്റെ മോശസ്ഥിതി കാരണം ഒരിക്കൽപോലും ആ സ്നേഹിതയുടെ വീട്ടിൽ പോകുന്നതു അവൾക്കു ദുസ്സഹമായിത്തോന്നി. തന്റെ ദാരിദ്ര്യത്തെപ്പററി പരിതപിച്ചും, നിരാശപ്പെട്ടും, മനസ്സിനെ ക്ലേശിപ്പിച്ചു പലദിവസങ്ങളും അവൾ കണ്ണുനീർ വാർത്തുകൊണ്ടിരിക്കാറുണ്ടു്.

ഒരുദിവസം അവളുടെ ഭർത്താവു്—ബാലചന്ദ്രൻ—ഒരു വലിയ ലക്കോട്ടുയർത്തിപ്പിടിച്ചുകൊണ്ടു സന്തോഷഭരിതനായി അവളുടെ മുമ്പിൽ ചെന്നു: "ഇതാ, നോക്കു, ഇതു നിനക്കായി ഞാൻ സമ്പാദിച്ചതാണു്" എന്നു പറഞ്ഞു. അവൾ സംഭ്രമത്തോടുകൂടി അതു തുറന്നു്, ഉള്ളിൽനിന്നു ഒരച്ചടിച്ച ക്ഷണക്കത്തു വലിച്ചെടുത്തു. അതിൽ ഇപ്രകാരം എഴുതിയിരുന്നു. "വിദ്യാഭ്യാസമന്ത്രിയുടെ പത്നി ഈ മാസം 18-ാംനു- രാത്രി നിശ്ചയിച്ചിട്ടുള്ള വിരുന്നുസൽക്കാരത്തിനു നിങ്ങളെ ക്ഷണിക്കുന്നു." അവളുടെ സ്മേരവദനം കാണുവാൻ കാത്തിരുന്ന ബാലചന്ദ്രനു് അപ്പോൾ ഇച്ഛാഭംഗമാണുണ്ടായതു്. എന്തെന്നാൽ, അതു വായിച്ചു സന്തോഷിക്കുന്നതിനു പകരം അവൾ ഒരു നീരസഭാവത്തോടുകൂടി "ഇതെന്തിനാണെനിക്കു്" എന്നു പിറുപിറുത്തുകൊണ്ടു് ആ കത്തു മേശപ്പുറത്തേക്കെറിയുകയാണു ചെയ്തതു്.

അപ്പോൾ ബാലചന്ദ്രൻ ചോദിച്ചു:— "എന്താണിതു സുന്ദരി, നിനക്കിതിഷ്ടമാകുമെന്നാണു ഞാൻ കരുതിയതു്. നീ ഒരിക്കലും പുറത്തുപോകാറില്ലല്ലോ. അതിനൊരു നല്ല അവസരമാണല്ലോ ഇതു്. ഇതു കിട്ടുവാൻ ഞാൻ ബുദ്ധിമുട്ടിയതു കുറച്ചൊന്നുമല്ല. ഇതിനു എന്തു തട്ടിപ്പറിക്കലും ബഹളവുമായിരുന്നു! ഈ വിരുന്നുസൽക്കാരത്തിൽവെച്ചു നിനക്കു വലിയ വലിയ ഉദ്യോഗസ്ഥന്മാരുടെ ഭാര്യമാരെയെല്ലാം കാണാം."

ഇതു കേട്ട ഉടനെ സുന്ദരി ദേഷ്യപ്പെട്ടു, ഗുമസ്തന്റെ നേരേ തിരിഞ്ഞു "ഞാൻ എന്തുടുപ്പു ധരിച്ചിട്ടാണു് അവിടെ പോവുക, എന്നു നിങ്ങൾ ആലോചിക്കയുണ്ടായോ?" എന്നു ചോദിച്ചു.

അയാൾ ഉടുപ്പിന്റെ കഥ തൽക്കാലം ഓർത്തിരുന്നില്ല. "നിനക്കു് ഒരു നല്ല ഉടുപ്പും ഇല്ലെ? ഉണ്ടെന്നാണു ഞാൻ ധരിച്ചിരുന്നതു്" എന്നു വെറുതെ ഒരു മറുപടി പറഞ്ഞു. ഈ സമയത്തു തന്റെ പ്രേയസി കരയുകയാണെന്നറിഞ്ഞു ബാലചന്ദ്രൻ വല്ലാതെ വ്യസനിച്ചു. രണ്ടു വലിയ ബാഷ്പബിന്ദുക്കൾ അവളുടെ കപോലത്തിൽ പതിക്കുന്നതു കണ്ടപ്പോൾ ബാലചന്ദ്രന്റെ മുഖം വളി.

"എന്താണിതു്, ഓമനെ ഞാൻ ഇതിൽ വല്ലതും തെററു ചെയ്തോ" എന്നു ബാലചന്ദ്രൻ പരിഭ്രമത്തോടുകൂടി ചോദിച്ചു.

സുന്ദരി തന്റെ മനഃക്ഷോഭത്തെ ഒരുവിധത്തിൽ അടക്കി, കണ്ണുനീർ തുടച്ചു ശാന്തസ്വരത്തിൽ ഇങ്ങിനെ പറഞ്ഞു. "ഒന്നുമില്ല, എനിക്കു നല്ലതായ ഉടുപ്പു് ഒന്നുംതന്നെ ഇല്ല എന്നറിയരുതെ? അതുകൊണ്ടു പാർട്ടിക്കു പോകുവാൻ കഴികയില്ല അത്രേയുള്ളു. അതുകൊണ്ടു ഭാര്യയ്ക്കു നല്ല ഉടുപ്പുകൾ കൊടുക്കുവാൻ കഴിയുന്ന ഏതെങ്കിലും ഒരു സ്നേഹിതനു് ഇതു കൊടുക്കുവാൻ വിരോധമില്ല."

ഗുമസ്തൻ വല്ലാത്ത വിഷമത്തിലായി. കുറച്ചു കഴിഞ്ഞു അയാൾ "സുന്ദരി, ഞാനൊന്നു ചോദിക്കട്ടെ, ഒരുമാതിരി നല്ല ഉടുപ്പി

ന് ഏകദേശം എന്തു ചിലവാക്കേണ്ടിവരും? വേറെ വിശേഷങ്ങൾ വരുമ്പോഴും ധരിക്കുവാൻ പററിയതായിരിക്കണം. വളരെ മേത്തരമായതൊന്നും വേണ്ട" എന്നു പറഞ്ഞു.

ഒട്ടും ധാരാളിയല്ലാത്ത തൻെറ ഭർത്താവു്, എത്രപണം ചോദിച്ചാൽ വിരോധിക്കുകയില്ല എന്നു കുറച്ചുനേരം ആലോചിച്ചു കണക്കാക്കിയതിനുശേഷം അവൾ മറുപടിപറഞ്ഞു. "എത്ര വേണ്ടിവരുമെന്നു എനിക്കു നല്ല നിശ്ചയമില്ല. പക്ഷെ ഒരമ്പതുറുപ്പികയുണ്ടെങ്കിൽ കഴിച്ചുകൂട്ടാമെന്നു തോന്നുന്നു."

ഗുമസ്തൻെറ മുഖം ഒന്നു വാടി. അയാൾ കൂട്ടുകാരൊന്നിച്ചു അടുത്ത ക്രിസ്തുമസ്സിന്നു മദിരാശിക്കു പോവാനായി വഴിച്ചിലവിനും മററുമായി അൻപതു രൂപാ ബാങ്കിലിട്ടിരുന്നു. എങ്കിലും അയാൾ ഇങ്ങിനെ പറഞ്ഞു. ആവട്ടെ ഞാൻ നിനക്കു അൻപതു രൂപാ തരാം. പക്ഷെ അതുകൊണ്ടു നല്ലൊരു ഉടുപ്പു തുന്നിക്കണം.

വിരുന്നുസല്ക്കാരത്തിന്നുള്ള ദിവസം അടുത്തുതുടങ്ങി. പക്ഷെ ദിവസം അടുക്കുംതോറും സുന്ദരിയുടെ ഉന്മേഷവും, ഉത്സാഹവും കുറഞ്ഞുതുടങ്ങി. ഉടുപ്പു തുന്നിവന്നുകഴിഞ്ഞു. ഒരുദിവസം വൈകുന്നേരം ബാലചന്ദ്രൻ അവളെ നോക്കി 'എന്താണിതു് സുന്ദരി, രണ്ടുമൂന്നുദിവസമായി നിൻെറ മുഖത്തു ഒരു പ്രസാദം കാണാത്തതു്' എന്നു ചോദിച്ചു.

സുന്ദരി:—എനിക്കു പാർട്ടിക്കുപോകുമ്പോൾ കഴുത്തിൽകെട്ടുവാൻ വല്ലതും വേണ്ടെ? ഞാൻ ഒന്നും കെട്ടാതെ പോയി നമ്മുടെ ഇല്ലായ്മയെ എന്തിനു കൊട്ടിഘോഷിക്കുന്നു? പാർട്ടിക്കു പോകാതിരിക്കയാണു ഭേദം.

ബാലചന്ദ്രൻ:—അതിനു നിനക്കു നല്ല പൂക്കൾ ധരിക്കരുതെ? ഇപ്പോൾ നല്ല പൂക്കൾ കിട്ടുന്നകാലമാണ്. കുറച്ചു പണം കൊടുത്താൽ മനോഹരമായ റോസാപ്പൂക്കൾ കിട്ടുമല്ലൊ.

ഇതവൾക്കത്ര പിടിച്ചില്ല.

സു:—പററുകയില്ല. ധനികമാരായ സ്ത്രീകളുടെയിടയിൽ ഒരു പിച്ചക്കാരിയെപ്പോലെ ഇരിക്കുന്നതു എനിക്കു പരമസങ്കടമാണ്.

ബാല:—നീ എന്തു വിഡ്ഢിയാണ്. തങ്കമ്മ നിൻെറ വലിയ സ്നേഹിതയല്ലെ. അത്ര കൂടിയേകഴിയൂഎങ്കിൽ അവരുടെ അടുക്കൽ പോയി എന്തെങ്കിലും ഒരാഭരണം തല്ക്കാലം കടംചോദിക്കരുതെ?

സു:—അതു ശരിതന്നെ. ഞാനതത്ര ഓർത്തില്ല. അങ്ങിനെതന്നെ ചെയ്യാം.

പിറേറദിവസം സുന്ദരി സ്നേഹിതയുടെ വീട്ടിൽ പോയി അവളുടെ ആവശ്യം അറിയിച്ചു.

ആ പ്രഭ്വി തൻെറ ആഭരണപ്പെട്ടികൊണ്ടുവന്നു തുറന്നു "ഇതിൽ ഇഷ്ടമുള്ളതെടുക്കാം" എന്നു പറഞ്ഞു.

സുന്ദരി ആഭരണങ്ങൾ ഓരോന്നായി എടുത്തു കഴുത്തിൽവച്ചു ഭംഗിനോക്കുവാൻ കണ്ണാടിയുടെ മുമ്പിൽചെന്നുനിന്നു. ഒരുപോലെ കൌതുകമുള്ള ആ മാലകളിൽ ഏതാണെടുക്കേണ്ടതെന്നറിയാതെ അവൾ "ഇനി വേറെ എന്തെങ്കിലും ഉണ്ടോ?" എന്നു തങ്കമ്മയോടു ചോദിച്ചു.

തങ്കമ്മ—"ഉവ്വ്, ഏതാണു നിങ്ങൾക്കു പിടിക്കുക എന്നെനിക്കറിഞ്ഞുകൂടാ. പെട്ടിയിൽയിൽനിന്നു വേണ്ടതെടുത്തുകൊള്ളുക."

ഉടനെ അവൾ ഒരു വെൽവെററുചെപ്പിൽ വെച്ചിരുന്ന ഒരൊന്നാന്തരം വൈരമാല കണ്ടുപിടിച്ചു.

അതു കണ്ടസമയം അവളുടെ ഹൃദയം ആശാധിക്യംകൊണ്ടു അസാധാരണ വേഗതയിൽ തുടിച്ചു. വിറയ്ക്കുന്ന കൈകൾകൊണ്ടു അവൾ അതു പെട്ടിയിൽനിന്നെടുത്തു. അതു കഴുത്തിൽ അണിഞ്ഞു കണ്ണാടിയുടെ മുമ്പിൽ പോയിനിന്നു. തൻെറ വർദ്ധിച്ച അഴകുകണ്ടു അവൾ മതിമറന്നുപോയി. കുറച്ചുകഴിഞ്ഞു അല്പം സംഭ്രമത്തോടുകൂടി അവൾ സ്നേഹിതയോടു ഇങ്ങിനെ ചോദിച്ചു. "ഇതെനിക്കുകെട്ടുവാൻ തരാമോ? ഇതുമാത്രം മതി."

തങ്കമ്മ:—"എന്താ സംശയം. നിശ്ചയമായും എടുക്കാം."

ഉടനെ സുന്ദരി സന്തോഷംകൊണ്ടു സ്നേഹിതയെ ഗാഢാലിംഗനംചെയ്തു ആ നിധിയും കയ്യിലെടുത്തു വീട്ടിലേക്കു പാഞ്ഞു.

സുന്ദരി പ്രതീക്ഷിച്ചിരുന്ന ആ വിശേഷദിവസം ആഗതമായി. അന്നത്തെ പാർട്ടിയിലെ ഉർവ്വശി അവൾതന്നെയായിരുന്നു. അവളുടെ രൂപകാന്തി അന്നവിടെ കൂടിയിരുന്ന സർവ്വരേയും ആകർഷിച്ചു. അവൾ ആരെന്നറിഞ്ഞു അവളോടു പരിചയപ്പെടുവാൻ അവർ ഉൽസുകരായി: മന്ത്രിപത്നിപോലും അവളോടു പ്രത്യേകം കുശലപ്രശ്നംചെയ്തു- പെൺകുട്ടികൾ കൈകൊട്ടിക്കളിച്ച കൂട്ടത്തിൽ അവളും കളിച്ചു. അവളുടെ കളി വീണ്ടും വീണ്ടും കാണണമെന്നു കാണികൾ ആവശ്യപ്പെട്ടു.

ഇതെല്ലാം കണ്ടു സുന്ദരിയുടെ സ്ത്രീസഹജമായ അഭിമാനം വളർന്നു- ആനന്ദലഹരയിൽ മുഴുകി അത്യുൽസാഹത്തോടുകൂടി അവൾ ആ രാത്രി അധികനേരം പാടിക്കളിച്ചു- മററുള്ള സ്ത്രീകളെ അപേക്ഷിച്ചു തനിക്കന്നു ലഭിച്ച ബഹുമാനവും വിജയവും അവളെ കൃതകൃത്യയാക്കി.

വിരുന്നുകഴിഞ്ഞു പിരിയുമ്പോൾ രാത്രി പന്ത്രണ്ടുമണി കഴിഞ്ഞിരുന്നു. ബാലചന്ദ്രൻ അതുവരെ ഉറക്കമിളച്ചു തണുത്തു വിറച്ചു പുറത്തു കാത്തുനില്ക്കുകയായിരുന്നു. അവൾ പുറത്തുവന്ന ഉടനെ അയാൾ വീട്ടിൽനിന്നു കരുതിക്കൊണ്ടുവന്നിരുന്ന ഒരു സാൽവ പ്രിയയെ ധരിപ്പിച്ചു. അവളുടെ പുതിയ ഉടുപ്പിൻെറ മീതെ ആ പഴയ സാൽവയുടെ മോശസ്ഥിതി ഒന്നുകൂടി വർദ്ധിച്ചുകാണുമെന്നു മനസ്സിലാക്കി, മററുള്ള സ്ത്രീകൾ പുറത്തേക്കു വരുംമുമ്പെ അവിടെനിന്നു മറയുവാൻവേണ്ടി അവൾ വേഗം നടന്നു. "ബദ്ധപ്പെടേണ്ട. ഒരു മിനിട്ടു ഇവിടെ നില്ക്കൂ. പുറത്തിറങ്ങി തണുപ്പുകൊണ്ടാൽ ജലദോഷംപിടിക്കും. ഞാൻ പോയി ഒരു വണ്ടി കൊണ്ടുവരാം" എന്നു പറഞ്ഞു ബാലചന്ദ്രൻ അവളെ തടുത്തു.

പക്ഷെ അതു കൂട്ടാക്കാതെ അവൾ പടിക്കല്ലു ചാടിയിറങ്ങി പുറത്തു വഴിയിൽ ചെന്നുനിന്നു. അവിടെ അടുത്തൊന്നും അവർ ഒരു വണ്ടിയും കണ്ടില്ല. തണുത്തു വിറച്ചു കുറെ ദൂരം നടന്നു ഒടുവിൽ ഒരു പഴയ വണ്ടിയിൽ കയറി. വണ്ടിയിൽവെച്ചു സുന്ദരി വിരുന്നുസൽക്കാരത്തിൽവെച്ചു നടന്ന സംഗതികളെല്ലാം ഭർത്താവിനോടു വിസ്തരിച്ചുപറഞ്ഞു.

വീട്ടിലെത്തിയപ്പോൾ നേരം ഒരുമണിയായി. അതോടുകൂടി സുന്ദരിയുടെ ആഹ്ളാദം അവസാനിക്കയും ചെയ്തു. ശൂന്യമായി നീണ്ടുനിൽക്കുന്ന ഭാവിയെ തൻെറ മനോദർപ്പണത്തിൽ അവൾ കണ്ടു. അതുവരെ അവർ അനുഭവിച്ച സ്വർഗ്ഗം വരുവാൻപോകുന്ന ശൂന്യതയെ ഒന്നുകൂടി കറുപ്പിച്ചു. ഗുമസ്തൻ തൻെറ അടുത്തദിവസത്തെ ജോലിയെക്കുറിച്ചാലോചിച്ചുകൊണ്ടു് കിടക്കുവാനും പോയി.

സുന്ദരി സാൽവ ഊരിയെടുത്തു, തൻെറ വിജയത്തിന്നു കാരണമായ ആ സൌന്ദര്യത്തെ ഒന്നുകൂടി കണ്ടാനന്ദിക്കുവാനായി കണ്ണാടിയുടെ മുമ്പിൽ ചെന്നുനിന്നു. ഉടനെ അവൾ ഞെട്ടി 'അയ്യോ' എന്നു നിലവിളിച്ചു. ആ വൈരമാല അവളുടെ കഴുത്തിൽ കണ്ടില്ല!

ഉറങ്ങുവാൻ ഭാവിച്ചുതുടങ്ങിയിരുന്ന ബാലചന്ദ്രൻ 'എന്താണതു്' എന്നു ചോദിച്ചു ഓടിവന്നു.

അവൾ ഭ്രാന്തുപിടിച്ചപോലെ അയാളുടെ നേരേ തിരിഞ്ഞു 'ബാലൂ, ബാലൂ, അയ്യോ ആ വൈരമാല' എന്നുപറഞ്ഞു അയാളുടെ മാറത്തുവീണു. ബാലചന്ദ്രൻ അവളെ സമാധാനിപ്പിക്കുവാൻ പലതും പറഞ്ഞുനോക്കി. രണ്ടുപേരുംകൂടി അവളുടെ ഉടുപ്പുമുഴുവൻ പരിശോധിച്ചുനോക്കി. മാല എവിടേയും കണ്ടില്ല.

ബാ—കൈകൊട്ടിക്കളി കഴിഞ്ഞപ്പോൾ അതു നിൻെറ കഴുത്തിൽ ഉണ്ടായിരുന്നു എന്നു തീർച്ചയാണോ?

സു–തീർച്ചയാണു്. ഞാനതു തൊട്ടുനോക്കുകകൂടിച്ചെയ്തു.

ബാ – പക്ഷെ അതു വഴിക്കാണു പോയതെങ്കിൽ വീഴുന്നസമയം ശബ്ദം കേൾക്കുമായിരുന്നു. അതുകൊണ്ടു വണ്ടിയിലായിരിക്കണം പോയതു്.

സു – ആയിരിക്കാം. വണ്ടിയുടെ നമ്പർ അറിയാമോ?

ബാ—ഇല്ല. നീയും നോക്കിയില്ലെ?

സു – ഇല്ല.

അവർ വിഷണ്ണരായി എന്തുചെയ്യണമെന്നറിയാതെ അന്യോന്യം നോക്കിനിന്നു. കുറച്ചുകഴിഞ്ഞു് ഗുമസ്തൻ ഉടുപ്പിട്ടു "നാം വന്നവഴിയേ പോയി ഒന്നു നോക്കിവരാം" എന്നുപറഞ്ഞു പുറപ്പെട്ടു.

സുന്ദരി അവളുടെ ഉടുപ്പു് മാററുവാൻ കൂടി ശക്തിയില്ലാതെ ചിന്താമഗ്നയായി ഒരു ചാരുകസാലയിൽ കിടന്നു. ഏഴുമണിയോടുകൂടി ബാലചന്ദ്രൻ വൈരമാലയുടെ ഒരു വിവരവും കിട്ടാതെ തിരിച്ചെത്തി. പിന്നെ അയാൾ പോലീസിൽ അറിവുകൊടുത്തു. വണ്ടികൾ ഇടുന്ന സ്ഥലങ്ങളിലെല്ലാം തിരഞ്ഞു. കഴിയുന്ന ഇടങ്ങളിലെല്ലാം അന്വേഷിച്ചു.

അവരെ പിടികൂടിയ ആപത്തിനെപ്പററി വിചാരിച്ചു വിവശയായ സുന്ദരി ആ

(ശേഷം 21-ാംപേജിൽ)





റഷ്യ ലീഗിൽ ചേരുന്നതിനേപ്പററിയുള്ള ഇതരരാജ്യക്കാരുടെ അഭിപ്രായങ്ങൾ ക്ഷണിച്ചിരുന്നല്ലൊ. അവരെല്ലാം പ്രോത്സാഹകമായ മറുപടി കൊടുത്തതായി അറിയുന്നു.

* * *

കരയ്ക്കും വെള്ളത്തിലും ഒരുപോലെ ഓടുന്ന ഒരുകാർ റൈൻപ്രദേശത്തു ഒരു ജർമ്മൻകാരൻ നിർമ്മിച്ചു പരീക്ഷിച്ചുനോക്കിയിരിക്കുന്നു. ഒഴുക്കിനെതിരായി ഈ കാർ പത്തുകിലോമീററർവേഗത്തിൽ ഓടും.

* * *

൭-ലക്ഷംപവൻ ചെലവഴിച്ചു പണിയിച്ചുസജ്ജീകരിച്ചിരിക്കുന്ന പുതിയ കേംബ്രിഡ്ജ് ഗ്രന്ഥശാല അക്ടോബർ ൨൨-ാംനു- ചക്രവർത്തി ഉൽഘാടനം ചെയ്യുന്നതാണു്.

* * *

സാറിലെ പൊതുജനവോട്ടനുസരിച്ചു, ജർമ്മനിയോടു ചേരാൻ അതു ആഗ്രഹിക്കുന്നതായി കാണുന്നെങ്കിൽ, വിവിധരാജ്യങ്ങളിലെ പ്രതിനിധികളടങ്ങിയ ഒരു മദ്ധ്യസ്ഥക്കോടതിയെ അവിടെ നിയമിക്കണമെന്നു ഫ്രഞ്ചുവിദേശകാര്യമന്ത്രിയായ ബാർതോ ലീഗ് ആഫ് നേഷൻസിലേക്കു സമർപ്പിച്ച മെമ്മോറിയലിൽ പറയുന്നു. അവിടത്തെ ഖനികൾ വെവില സഹിതമായി കിട്ടണമെന്നും ഫ്രാൻസിനു വിചാരമുണ്ടു്.

* * *

സാൽവേഷൻ ആർമിയുടെ സർവ്വസൈന്യാധിപതിയായി ഹൈകൗൺസിൽ ക്കമാൻഡർ ഇവാഞ്ജലയിൽ ബൂത്തു എന്ന വനിതയെ തിരഞ്ഞെടുത്തിരിക്കുന്നു.

* * *

ഫ്രാൻസിലെ ക്ര്യാമൺതടാകത്തിൽ ൩൦ അടി നീളമുള്ള ഒരു ഭീമജന്തുവിനെ കണ്ടിരിക്കുന്നതായി പറയപ്പെടുന്നു. അതിൻെറ ദേഹം ചെതുമ്പൽകൊണ്ടു മൂടിയിരിക്കുന്നു. അതിൻെറ കണ്ണുകൾക്കു പ്രകാശശക്തി ഉണ്ടത്രെ. അതിനേപ്പററി കൂടുതൽ കണ്ടറിയാനുള്ള ശ്രമമെല്ലാം വിഫലമായിരിക്കുന്നു.

* * *

യാർക്കിലെ ഡ്യൂക്കിൻെറ വിവാഹഘോഷംപോലെയായിരിക്കും അദ്ദേഹത്തിൻെറ സഹോദരനായ ജാർജ്ജുരാജകുമാരൻെറയും വിവാഹഘോഷം. വെസ്റ്റ്മിൻസ്റ്റർ ആബിയിൽ വിവാഹാവസരത്തിൽ കാൻറർബറിയിലെയും യാർക്കിലെയും ആർച്ചുബിഷപ്പന്മാർ ഉണ്ടായിരിക്കും. ആബിയിലേക്കു മൂന്നു പ്രത്യേകഘോഷയാത്രകളുണ്ടായിരിക്കുമെന്നറിയുന്നു. ചക്രവർത്തിയും ചക്രവർത്തിനിയും, വധുവും മാതാപിതാക്കന്മാരും, വരനും ആണു ഓരോ ഘോഷയാത്രയിലെയും പ്രധാന അംഗങ്ങൾ.

* * *

ഒരു വലിയ കുതിരസ്സവാരിക്കാരിയായ മിസ്സ് ഗ്ലാഡിസ് ലെയ്‌ലാ വാറംസ്രൻ, പാർലിമെൻറിലെ ഒരു യാഥാസ്ഥിതികമെമ്പറായ മി. ജോൺജോസഫ് സ്ററുവർട്ടണോടു രഹസ്യമായി വിവാഹംചെയ്തു. സ്ത്രീകളായ സവാരിക്കാർക്കു പങ്കെടുക്കാവുന്ന ഇംഗ്ലണ്ടിലെ ഏക കുതിരപ്പന്തയത്തിൽ (ന്യൂമാർക്കററു) ഇവർ കഴിഞ്ഞ അക്ടോബറിൽ ചെന്നു സമ്മാനം വാങ്ങുകയുണ്ടായി.

* * *

തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനുള്ള ഒരു പദ്ധതിയുടെ അംശമായി കമ്പനിയിൽ കരത്തിൽ വലിയ ഇളവു ചെയ്യാൻ ഭാവമുള്ളതായി കാണുന്നു. കുടുംബനായകന്മാരെ കരംകൊടുക്കുന്നതിൽനിന്നു ഒഴിവാക്കിയിരിക്കുന്നു. ഇൻേറണൽബിസിനസ് ഡിൽസിനു രണ്ടരശതമാനം ഇളവു ചെയ്യുന്നു. സാധാരണ സമ്പാദിക്കുന്നതിൽനിന്നു കൂടുതലായി പണം ഉണ്ടാക്കുന്നതിനുള്ള കരവും കുറവുചെയ്തിട്ടുണ്ടു്.


* * *

അഖില സിലോൺവിമൻസ്സ്കോൺഫറൻസ് അവസാനിച്ചിരിക്കുന്നു. മിസിസ് മൊല്ലാമൂർ എന്ന അദ്ധ്യക്ഷ സ്ത്രീകളുടെ ജീവിതവൃത്തികളെപ്പററി പ്രത്യേകം പറയുകയുണ്ടായി. വക്കീൽപണിക്കും ഡാക്ടർവേലയ്ക്കും അവർക്കു പ്രവേശനം നല്കുന്നതൊന്നും സ്ത്രീകളുടെ ദാരിദ്ര്യം നശിപ്പിക്കേണ്ടത്ര്യ വശ്യമാണെന്നും അവർ പറയുന്നു.

* * *

യൂണൈറെഡ് അയർലൻഡ് കക്ഷിയിൽനിന്നു് ഫ്രാങ്ക്മാക്ഡർമട്ട് രാജിവച്ചിട്ടുകൊണ്ടു് അയർലണ്ടിൽ വിപ്ലവവാദങ്ങൾ ഉണ്ടാകുമെന്നു് പ്രതിക്ഷിക്കപ്പെടുന്നു. അദ്ദേഹം പറയുന്നു: "അൾസ്റ്ററിന്റെമേൽ ഒരു തീരുമാനം ബലാൽക്കാരമായി ചുമത്താൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. അവിടെ യൂണൈറെഡ് അയർലണ്ടുകക്ഷിയെ നിരോധിച്ചിരിക്കയാണെന്നു് ജനറൽ ഓഡഫി അറിഞ്ഞിരിക്കേണ്ടതാണു്. അതിനു വിരുദ്ധമായി പ്രവർത്തിക്കുന്നതു അൾസ്റ്ററിനോടു മരത്തിനോടു കുന്നതുപോലെയാണു്. ഒരു ഏകീകൃതമായ അയർലണ്ടിനെ സൃഷ്ടിക്കാൻ പര്യാപ്തമായ യുക്തിയും പ്രേരണയും അതിനു വിരളമാകുന്നു. അൾസ്റ്ററിലെ ആളുകളുമായി ബന്ധപ്പെടാൻ മത്സരകലഹംകൊണ്ടു സാധിക്കയില്ല."

* * *



ഇൻഡ്യൻവിദ്യാർത്ഥിനികൾ ഇററലിയിൽ.

ജെനീവയിലെ സർവ്വരാജ്യവിദ്യാർത്ഥിസേവനസ്ഥാപനത്തിൻെറ ആഭിമുഖ്യത്തിൽ ഈ ഇൻഡ്യൻ വിദ്യാർത്ഥിനികൾ യൂറോപ്പിൽ സഞ്ചരിക്കുകയാണു്. ഇററലിയിൽവച്ചു സിഞോർമുസ്സോളിനി ഈ സംഘത്തെ സ്വീകരിക്കുകയുണ്ടായി. ഇതു ഫാസിസ്ററുകക്ഷി സെക്രട്ടറി (വലതുവശംനില്ക്കുന്ന പുരുഷൻ) വിദ്യാർത്ഥികൾക്കു നല്കിയ ഒരു വിരുന്നിനുശേഷം എടുത്ത ഫോട്ടോ ആണു്.

## സ്ത്രീകളായില്ലെങ്കിൽ മരണം നിശ്ചയം!



16-വയസ്സുള്ള ഗ്ലെൻ ഡീട്'റിഷ് (ഇടതുവശം) 17-വയസ്സുള്ള ജോൺ ഡീട്'റിഷ് എന്നീ ബാലന്മാർ ഓഹിയോയിൽ ബെൽമോണ്ടിലെ മിസ്സിസ് ആലിസ് ഡീട്'റിഷിന്റെ പുത്രന്മാരാണ്. 18-വയസ്സാകുമ്പോൾ ഇവർ മരിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. പ്രസ്തുത കുടുംബത്തിലെ പുരുഷന്മാർ, മൂന്നു തലമുറകളായി, 18-വയസ്സിനുശേഷം ജീവിച്ചിരുന്നിട്ടില്ല. നട്ടെല്ലിനു പിടിപെടുന്ന ഒരുതരം രോഗമാണ് ഇതിനു കാരണം. ഈ സഹോദരന്മാർക്ക് ഈ രോഗം പിടിപെട്ടതുകൊണ്ടു അവരുടെ ദേഹം ക്ഷയിച്ചു, ശോഷിച്ചു, പരിതാപകരമായ അവസ്ഥയിൽ എത്തിയിരിക്കുന്നു. ഡീട്'റിഷ് കുടുംബത്തിലെ സ്ത്രീകളെ ഈരോഗം ഇതുവരെ പിടിപെട്ടിട്ടില്ലാത്തതിനാൽ, ശസ്ത്രക്രിയകൊണ്ടു് ബാലന്മാരെ ബാലികമാരാക്കി അവരെ രക്ഷിക്കാമെന്നു ഡാക്ടർമാർ അഭിപ്രായപ്പെടുന്നു. മാതാവിനു ഇതു സമ്മതമില്ലത്രേ.

* * *

ലണ്ടൻപോസ്റ്റാഫീസിന്റെമുകളിൽ വിമാനം വന്നിറങ്ങി എയർമെയിൽ ഉരുപ്പടികൾ ശേഖരിച്ചു ക്രോയിഡനിലെ വിമാനത്തുറമുഖത്തിൽ എത്തിച്ചുകൊടുക്കുന്നതു സംബന്ധിച്ചു ഒരു പരീക്ഷണം നടത്താനുദ്ദേശിക്കുന്നു. ഈ പരീക്ഷണം സഫലമാകുന്ന പക്ഷം ഉരുപ്പടികൾ വിമാനത്തുറമുഖത്തിൽ എത്തിക്കുന്നതിനുള്ള സമയം വളരെ കുറയ്ക്കാമെന്നും അതു എയർമെയിലിന്റെ ഉപയോഗത്തെ വർദ്ധിപ്പിക്കുമെന്നും വിചാരിക്കുന്നു.

* * *

ഏതാനുംദിവസത്തിനുള്ളിൽ ഒരു അൻറാട്ടിക്ക് പര്യടനസംഘം ലണ്ടനിൽനിന്നു പുറപ്പെടുന്നതാണ്. ഒരു മുന്നോടിസംഘം പുറപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ദക്ഷിണധ്രുവപ്രദേശത്തു കിടക്കുന്ന ഗ്രഹാംലാൻഡ് എന്ന മഞ്ഞുറഞ്ഞ ഭൂഖണ്ഡത്തിൽ ആയിരത്തിൽപരംമൈൽ സ്ലെഡ്ജിൽ സഞ്ചരിക്കണമെന്നിവർ ഉദ്ദേശിക്കുന്നു. ബ്രിട്ടീഷുഗവർമ്മെൻറിൽനിന്നു ഈ സംഘത്തിനു പതിനായിരം പവനും ഒരു കപ്പലും സംഭാവനചെയ്തിരിക്കുന്നു. ഈ പ്രസ്ഥാനത്തിന്റെ രക്ഷാധികാരി വെയിത്സിലെ രാജകുമാരനാകുന്നു

* * *

ഡാക്ടർ ജോർജസ്'ലോംസാ ബൈബിൾതർജ്ജമയിൽ ൧൪൦൦-തെററുകൾ കണ്ടുപിടിച്ചിരിക്കുന്നു. ഇവയെല്ലാം മൂലത്തിന്റെ അർത്ഥമറിയാതെ തർജ്ജിമചെയ്തതുകൊണ്ടു വന്നുകൂടിയിട്ടുള്ളതാണ്. ഇവയിൽ ഏററവും പ്രധാനമായുള്ളതു്, "എന്റെ ദൈവമേ, എന്റെ ദൈവമേ, അങ്ങ് എന്നെ ഉപേക്ഷിച്ചതെന്തുകൊണ്ടു്?" എന്നുള്ള ക്രിസ്തുവിന്റെ അവസാനവാക്കുകളെ സംബന്ധിക്കുന്നു. പരമാർത്ഥമൂലത്തിൽ അങ്ങനെയൊരു വാക്യമില്ലെന്ന് ഡാക്ടർ ലോംസാ പറയുന്നു. അതിന്റെ സ്ഥാനത്തു മൂലത്തിൽകാണുന്ന വാക്യത്തെ, "എന്റെ ദൈവമേ, എന്റെ ദൈവമേ; എന്റെവിധി നിറവേറിക്കഴിഞ്ഞു" എന്നുമാത്രമെ തർജ്ജിമചെയ്യാൻ സാധിക്കയുള്ളു. അതുപോലെതന്നെ, ഒരു "സൂചിയുടെ കണ്ണിൽക്കൂടി ഒരു ഒട്ടകം കടന്നുപോകുന്നതാണ് ഒരു ധനികൻ സ്വർഗ്ഗരാജ്യത്തു പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം" എന്നുള്ള വാക്യത്തിൽ ഒട്ടകം എന്നർത്ഥംവരുന്ന പദമൊന്നും മൂലത്തിൽ ഇല്ലത്രെ. നേരെമറിച്ചു ഒട്ടകത്തിനുപകരം കയറ് എന്നർത്ഥംവരുന്ന പദം അതിലുണ്ടെന്നും ഡാക്ടർ പറയുന്നു. അതു ഒട്ടകത്തെപ്പോലെ അസംബന്ധമായിരിക്കുകയില്ലെന്നാണു അദ്ദേഹത്തിന്റെ അഭിപ്രായം.

* * *

൭൯-വയസ്സായിരിക്കുന്ന ഈ ഘട്ടത്തിൽ ജീവിതത്തെ പുതുക്കുന്നതിനു സാധിക്കയില്ലെങ്കിലും എങ്ങനെ ജീവിക്കേണ്ടിയിരുന്നു എന്നറിയണമെന്നാണ് ബർണാർഡ്ഷാ പറയുന്നതു്. "ശരിയായവസ്ഥാവ് കണ്ടുപിടിക്കുന്നതിൽ ഞാൻ എപ്പോഴുംവിജയിയായിട്ടില്ല. എനിക്കു അതു കണ്ടുപിടിക്കാൻ ഇനിയും സമയമുണ്ട്. നിങ്ങളെല്ലാം പൊതുവെ ഇംഗ്ലീഷുകാർതന്നെയാകയാൽ നിങ്ങൾക്കാർക്കും ഒരു ശരിയായ ജീവിതരീതിയില്ലെന്നുവിചാരിക്കുന്നതിൽ അബദ്ധമില്ല. നിങ്ങളെല്ലാം ജീവിതത്തിൽക്കൂടി കഴിയുംമട്ട് ഭംഗിയായി ഉരുണ്ടുപോകുന്നു. ഇത്തരം കാര്യങ്ങളിലെല്ലാം ഇംഗ്ലീഷുസമുദായം വെറും നാട്യത്തിലാണ് വളർന്നുവന്നിട്ടുള്ളതെന്നോർക്കണം. അതുകൊണ്ടാണു നിങ്ങളെല്ലാം പലതരത്തിൽ അഭംഗിയായിരിക്കുന്നതു്. വളരെ ചുരുക്കംപേർമാത്രമേ ജീവിതത്തിൽ നന്നായിപെരുമാറുന്നതു് എങ്ങനെയാണെന്നറിയാൻ പാടുള്ളു. ഇതിനു കാരണം പൊതുവെ നാട്യമാണ്. എല്ലായിടത്തും ആവശ്യമായിരിക്കുന്നതു എന്നുള്ളതാണ്. നിങ്ങളിലുള്ള സ്ത്രീകളെ വലിയ മാന്യകളെപ്പോലെ പെരുമാറാൻ സമുദായം പഠിപ്പിക്കുന്നു. എന്നാൽ അവർ മാന്യകളല്ലെന്നു അവക്കറിയാം. നിങ്ങൾ പുരുഷന്മാരാണെങ്കിൽ മനുഷ്യരായിട്ടല്ല, മാന്യന്മാരായിട്ടാണു പെരുമാറുന്നതു്. ഒരു സാധാരണമനുഷ്യനും, നമ്മുടെമനുഷ്യനുംതമ്മിൽ വ്യത്യാസമൊന്നുമില്ല. "നിങ്ങളുടെ തലച്ചോറു തലയ്ക്കകത്താണെന്നുള്ള ധാരണ വെറും തെററാണെന്നു എനിക്കു ബോധപ്പെട്ടിട്ടു വളരെ നാളായി. തലയിൽ തലച്ചോറില്ലാതെ അതു കൈവിരലിന്റെ അററത്തു കൊണ്ടുനടക്കുന്നവരെ എനിക്കറിയാം. പലതും സമർത്ഥമായി കണ്ടുപിടിക്കുന്ന യന്ത്രവേലക്കാരുണ്ടു. അതു എന്താണെന്നുചോദിച്ചാൽ അവരുടെ സ്ഥിതി ദയനീയമായിരിക്കും."

## സമ്മാനങ്ങൾ.

### ഗ്രാമഫോൺ, ക്ലോക്ക്, വാച്ചുകൾ



* ചില്ലുകൾ പ്രത്യേകം കള്ളികളിൽ ചേർക്കേണ്ടതാണ്.

വലത്തോട്ട്;—

(1) വിഷ്ണുവിന്റെ വാഹനം. (2) ഒരുതീയ്യപത്രം. (6) നക്ഷത്രം. (7) ഭീമന്റെ ആയുധം. (9) ഒരു സ്ത്രീനാമം. (10) വലിയ കുന്നു്. (12) ഒരു ദുർഗ്ഗുണം. (18) കൊഴുപ്പ്. (20) നാവ്. (21) മുങ്ങൽ. (22) സുബ്രഹ്മണ്യൻ.

കീഴ്പ്പോട്ട്:—

(1) പോക്കുവരവ്. (3) മോര്. (4) കാക്ക. (5) സൂര്യൻ. (8) പാർവ്വതി. (9) വിനാഴിക. (11) ശ്രീരാമന്റെ മകൻ. (13) അടയാളം. (14) പുഴ. (15) വെള്ളം. (16) വായു. (17) ഒരു നാൽക്കാലി. (19) നാണം.

### സമ്മാനവിവരം.

പ്രശ്നകർത്താവിന്റെ ഉത്തരത്തിന്നനുസരിച്ചു പൂരിപ്പിച്ചവരുടെ പേർ നറുക്കിട്ടെടുത്തു ഒന്നാമത്തെ നറുക്കുകാരന് ഒരു ഗ്രാമഫോണും 2-ാമന് ഒരു ക്ലോക്കും ബാക്കിപേർക്ക് ഓരോ വാച്ചും സമ്മാനമായി കൊടുക്കുന്നതാണ്.

ആദ്യത്തെ ഒരുത്തരത്തിനു് പ്രവേശനഫീസ് 6-ണ. പിന്നീടുള്ള ഉത്തരങ്ങൾക്ക്, 4 എണ്ണത്തിനു് 1 രൂപാ വതം അടച്ചാൽ മതി. ഈ സംഖ്യ മണിയോർഡർ മൂലമോ സ്റ്റാമ്പായിട്ടോ അയയ്ക്കാവുന്നതാണ്. ഏററവും അധികം ഉത്തരങ്ങൾ അയക്കുന്നവർക്ക് വിശേഷാൽ സമ്മാനങ്ങൾ കൊടുക്കും. കഴിഞ്ഞതവണ തിരുവനന്തപുരം ലോകോളേജ് വിദ്യാർത്ഥി മി. കെ. എൻ. ബാലകൃഷ്ണൻനായർ ബി. ഏ. ക്കും, തലശ്ശേരി ബ്രണ്ണൻ കോളേജ് വിദ്യാർത്ഥി മി. എം. കൃഷ്ണനും ഓരോ ക്ലോക്ക് വിശേഷാൽ സമ്മാനം കിട്ടിയിരിക്കുന്നു. ഉത്തരങ്ങളെല്ലാം 1934 സെപ്തംബർ 21-ാംനു- വരെക്കും സ്വീകരിക്കുന്നതാണ്. ഈ മേൽവിലാസത്തിൽ ഉത്തരമയക്കുക.

Messrs. K. P. Damodaran Bros.,
(X word Dept.)
General Merchants &
Commission Agents,
Court Road, Tellicherry.

# മലയാളരാജ്യം.

1110 ചിങ്ങം 25-ാംനു- തിങ്കളാഴ്ച

സചിത്രമായി പുറപ്പെട്ടുവിച്ചുതുടങ്ങിയ മലയാളരാജ്യം തിങ്കളാഴ്ചപ്പതിപ്പു 51 ലക്കങ്ങളിലൂടെ ഒരുവർഷം മംഗളമായി കടന്നുപോന്നിരിക്കുന്നു. അടുത്ത വർഷത്തെ 1-ാംലക്കമായി പ്രസ്തുത ലക്കം പുറപ്പെടുകയും ചെയ്യുന്നു. ജനസാമാന്യത്തിൽനിന്നു ഈ വാരികയ്ക്കു സിദ്ധിച്ച സഹായസഹകരണങ്ങൾ പ്രോത്സാഹകമായിരുന്നു എന്നും കൃതജ്ഞതയോടെ രേഖപ്പെടുത്തിക്കൊള്ളുന്നു. സാമ്പത്തികാധഃപതനം നടമാടുന്ന കാലമല്ലായിരുന്നെങ്കിൽ ധനപരമായ പ്രോത്സാഹനം വാരികയ്ക്കു ഇതിൽ കൂടുതൽ ഉണ്ടാകുമായിരുന്നു എന്നും സധൈര്യം പ്രസ്താവിക്കാവുന്നതാണു്. ഇപ്പോഴത്തെ തോതനുസരിച്ചു വാരികയുടെ വില അതിൻെറ പ്രകാശനത്തിനു വേണ്ടിവരുന്ന ചിലവിൽ ഒട്ടും കവിഞ്ഞല്ല ഇരിക്കുന്നതെന്നുകൂടി ഈ ഘട്ടത്തിൽ പറയേണ്ടതായിട്ടുണ്ടു്. ലേഖനസഹായംചെയ്തു സകല മാന്യരോടും ഞങ്ങൾക്കുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തിക്കൊള്ളുന്നു. വാരികാലേഖനങ്ങൾ കഴിവുള്ളിടത്തോളം ആകർഷകങ്ങളാക്കാൻ ദൃഢനിഷ്ഠയുണ്ടായിരുന്നു എങ്കിലും പ്രോത്സാഹനംകൊണ്ടു അചിരേണ പൂൎണ്ണഫലം പ്രതീക്ഷിക്കാവുന്നതരത്തിലുള്ള ലേഖനങ്ങൾക്കും സുലഭമായി പംക്തികൾ അനുവദിച്ചുവന്നിട്ടുണ്ടു്. സ്വീകാര്യങ്ങളെന്നു നിസ്സംശയംവിധിക്കാവുന്ന ലേഖനങ്ങളിൽ ചിലതു പംക്തികളുടെ പരിമിതസ്വഭാവം ഹേതുവായി പ്രകാശിപ്പിക്കാതെയും വന്നുപോയിട്ടുണ്ടു് എല്ലാലേഖകന്മാരോടും വരിക്കാരോടും ഞങ്ങൾക്കുള്ള കടപ്പാടിനെ വീണ്ടും നന്ദിപൂൎവ്വം രേഖപ്പെടുത്തുകയും ഈ വിധത്തിലുള്ള സഹകരണങ്ങൾ മേലും ഞങ്ങൾ പ്രതീക്ഷിക്കയും അപേക്ഷിക്കയുംചെയ്യുന്നതിനെ ഫലവത്താക്കണമെന്നു അഭ്യൎത്ഥിക്കയും ചെയ്തുകൊള്ളുന്നു.

* * *

കൊച്ചിഗവൎമ്മെൻറു അവിടത്തെസ്ക്കൂളുകളിൽ സംഗീതം അഭ്യസിപ്പിക്കുന്ന രീതിയെ പരിഷ്കരിക്കുവാൻ നിശ്ചയിച്ചു അതിനുള്ള പ്രാരംഭമായി ഒരു പുരുഷനും മൂന്നു സ്ത്രീകളും ഉൾപ്പെട്ട ഒരു കമ്മിററിയെ നിയമിച്ചിരുന്നു. ഈ കമ്മിററിക്കാർ അവരുടെ റിപ്പോർട്ടു ഇപ്പോൾ ഗവൎമ്മെൻറിലേക്കു സമൎപ്പിച്ചിരിക്കുന്നു റിപ്പോർട്ടിലെ പ്രധാനമായ ശുപാർശ ഇപ്പോൾ നടപ്പുള്ള അഭ്യസനരീതിയെ പാടേ മാററി സംഗീതഗ്രന്ഥങ്ങളും അഭ്യസനത്തിനുള്ള പാഠപദ്ധതിയും പരിഷ്കരിക്കുകയും ഭാഗവതർമാൎക്കു പരിഷ്കരിച്ച രീതിയിൽ പരിശീലനം നൽകുവാൻ ഒരു സംഗീതക്ലാസ്സു ഏൎപ്പെടുത്തുകയും വേണമെന്നാകുന്നു. ഒന്നോ രണ്ടോ സംവത്സരക്കാലത്തേക്കു ഈ ക്ലാസ്സു പ്രതിഫലംകൂടാതെ നടത്തിക്കൊള്ളാമെന്നു കമ്മിററിക്കാർ ഏററിരിക്കുന്നു. അവരുടെ ഈ ഔദാൎയ്യത്തിനു ഗവൎമ്മെൻറു നന്ദി പ്രദർശിപ്പിക്കയും ചെയ്തിരിക്കുന്നു. അത്യന്തം ഹൃദയാനന്ദകരമായ സംഗീതകലയെ ഇക്കാലത്തെ ചില സംഗീതവിദ്വാന്മാർ കൈകാൎയ്യംചെയ്യുന്നതു അതിൻെറ 'സൗകുമാൎയ്യ'ത്തെ കേവലം വിഗണിച്ചിട്ടാണെന്നു തോന്നാതിരിക്കയില്ല. സംഗീതമില്ലാത്ത സാഹിത്യവും സാഹിത്യമില്ലാത്ത സംഗീതവും ഹൃദയാഹ്ളാദത്തിനു വേണ്ടപോലെ ഉപകരിക്കയില്ലെന്നു സംഗീതവിദ്വാന്മാർ മനസ്സിലാക്കിയിരുന്നുവെങ്കിൽ ഹിന്തുസ്ഥാനിയിലും തെലുങ്കിലും കൎണ്ണാടകത്തിലുംതമിഴിലുംമററുമുള്ള കീൎത്തനങ്ങളും കൃതികളും അനുകരിച്ചു മലയാളത്തിൽ നല്ല ഗാനങ്ങൾ നിർമ്മിച്ചു മലയാളികളുടെ രസത്തിനു പാത്രമായിരുന്നു. സംഗീതപരിഷ്കാരത്തിൽ ഈ സംഗതി വിസ്മരിക്കപ്പെടുകയില്ലെന്നുതന്നെ വിശ്വസിക്കാം.

* * *

ഇന്നത്തെ ദയനീയമായ സാമ്പത്തികദുരിതങ്ങളെ പരിഗണിച്ചു തിരുവിതാംകൂറിലെ ഭൂനികുതിയും സ്ക്കൂളുകളിലേയും കാളേജുകളിലെയും ഫീസും അൻപതുശതമാനം കുറവു ചെയ്യണമെന്നു ബഡ്ജററുസമ്മേളനത്തിനിടയിൽ അസംബ്ളിയിൽ പാസായ നിശ്ചയങ്ങളെ തുടൎന്നു ദിവാൻജിയുടെ അദ്ധ്യക്ഷതയിൽ ഭക്തിവിലാസത്തുവച്ചു നടന്ന ഉദ്യോഗസ്ഥന്മാരുടെകാൺഫറൻസു ഇക്കാൎയ്യത്തെപ്പററി ആലോചിക്കയും കാൺഫറൻസു ചെയ്ത നിർദ്ദേശങ്ങളെ ഗവൎമ്മെൻറു അംഗീകരിക്കയും ചെയ്തിരിക്കുന്നതായി പ്രസ്താവന ഉണ്ടായിരിക്കുന്നു. മലയാളം അഞ്ചും ആറും ഏഴും ക്ലാസുകളിൽ ഫീസു പ്രതിമാസം പതിനെട്ടു ചക്രത്തിൽനിന്നു പതിന്നാലുചക്രമായും, ഇംഗ്ലീഷു നിർബന്ധവിഷയമായി പഠിപ്പിക്കുന്ന വൎണ്ണാക്കുലർ മിഡിൽസ്ക്കൂളുകളിൽ ഇരുപത്തേഴുചക്രത്തിൽനിന്നു ഇരുപത്തൊന്നുചക്രമായും, പ്രിപ്പാറട്ടറിക്ലാസിൽ ഫീസു പ്രതിവർഷം പതിനെട്ടുരൂപയിൽനിന്നു പന്ത്രണ്ടുരൂപയായും, ഒന്നും രണ്ടും മൂന്നും ഫാറങ്ങളിൽ ഇരുപത്തിനാലുരൂപയിൽനിന്നു പതിനെട്ടുരൂപയായും നാലും അഞ്ചും ആറും ഫാറങ്ങളിൽ നാല്പത്തിരണ്ടുരൂപയിൽനിന്നു മുപ്പത്തിയാറുരൂപയായും കുറവുവരുത്തിയിരിക്കുന്നു ഈ കുറഞ്ഞ നിരക്കു അടുത്ത കന്നി ഒന്നാംതിയതിമുതൽ നടപ്പിൽവരുന്നതാണു്. ഭൂനികുതി സംബന്ധിച്ചാണെങ്കിൽ തോവാള, അഗസ്തീശ്വരം എന്നീ താലൂക്കുകളിലെ ആയക്കെട്ടു നിലങ്ങൾക്കും നിലമായി ഉപയോഗിച്ചുവരുന്ന കുളത്തട്ടുകൾക്കും കഴിഞ്ഞ കണ്ടെഴുത്തിനുശേഷം അമ്പലപ്പുഴ, ചങ്ങനാശേരി, കോട്ടയം എന്നീ താലൂക്കുകളിൽ കായൽ നികത്തിയെടുത്തിട്ടുള്ള നിലങ്ങൾക്കും പതിനെട്ടേകാൽ ശതമാനവും, കാപ്പി, തേയില, റബർ, ഏലം എന്നിവ കൃഷിചെയ്യുന്ന സ്ഥലങ്ങളൊഴിച്ചു കട്ടക്കൃഷിയും പണ്ടാരവകയുമായ സകല ഭൂമികളുടെയും ജലനികുതി കൂടിച്ചുള്ള ഭൂനികുതിയിൽ പന്ത്രണ്ടരശതമാനവും ഇളവുചെയ്യാനാണു നിശ്ചയിച്ചിരിക്കുന്നതു്. കാർഷികവും വ്യാവസായികവുമായി ഇനി അനുവദിക്കുന്ന വായ്പകൾക്കും ഇപ്പോഴുള്ള കുടിശ്ശികകൾക്കും പലിശ ആറുശതമാനത്തിൽ നിന്നു നാലുശതമാനമായി കുറച്ചിരിക്കുന്നു. ഇതാണു ഗവൎമ്മെൻറു ചെയ്തിരിക്കുന്ന തീരുമാനം. ചെയ്തിടത്തോളം സൌജന്യത്തിനുവേണ്ടി ഗവൎമ്മെൻറിനെ അഭിനന്ദിക്കുന്നതോടുകൂടിത്തന്നെ ഈ സൌജന്യങ്ങൾ തീരെ മതിയാകുന്നില്ലെന്നുള്ള വസ്തുതയും ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. വിദ്യാലയഫീസ്സിൽ കുറച്ചുകൂടി സാരമായ ഒരു സൌജന്യം ഈ വിഷമകാലത്തു ജനസാമാന്യത്തിനു ചെയ്തുകൊടുക്കേണ്ടതു വെറും നീതിമാത്രമാകുന്നു കാളേജുഫീസിനെ സ്പർശിക്കപോലും ചെയ്യാതിരുന്നതു പരിതാപകരമായിപ്പോയി തീരെ കുറഞ്ഞുപോയി എന്നുള്ള ആക്ഷേപം ഭൂനികുതിസൌജന്യത്തെ സംബന്ധിച്ചും പറയാതിരിക്കാൻ നിവൃത്തിയില്ല. കർഷകജനസാമാന്യത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി സാരമായ ചിലതെല്ലാം ചെയ്യുന്നതിനു ഗവൎമ്മെൻറുദ്ദേശിക്കുന്നുണ്ടെന്നു കാണുന്നതു ആശ്വാസകരംതന്നെ. ആ പ്രശ്നത്തിനും ഗവൎമ്മെൻറു അവിളംബമായ ഒരു തീരുമാനമുണ്ടാക്കുമെന്നു ആശിക്കുന്നു. കൃഷിവ്യവസായവായ്പകൾക്കുള്ള പലിശനിരക്കു ആറുശതമാനത്തിൽ നിന്നു നാലുശതമാനമാക്കി കുറച്ചതും അഭിനന്ദനീയമാണു്. ഈ വിഷയത്തിൽ അത്യന്തം ബന്ധമുള്ള ഒന്നാണു അസംബ്ളി പാസാക്കിയ ശമ്പളംകുറയ്ക്കൽ പ്രമേയം എന്നുള്ളതു ആവൎത്തിക്കേണ്ട ആവശ്യമില്ല. ആ പ്രമേയത്തെ നടപ്പിൽ വരുത്തുന്നകാൎയ്യത്തിലും ഗവൎമ്മെൻറു സജീവമായ ശ്രദ്ധ പതിപ്പിക്കുമെന്നു വിശ്വസിക്കുന്നു. മുൻപറഞ്ഞ സൌജന്യങ്ങൾ അനുവദിച്ചതിനു ഗവൎമ്മെൻറിനെ അഭിനന്ദിക്കയും അതിലേക്കു ശക്തിമത്തായി പ്രയത്നിച്ച ജനപ്രതിനിധികളെ അനുമോദിക്കയും ചെയ്യുന്നതിനോടുകൂടിത്തന്നെ ഈ സൌജന്യങ്ങൾകൊണ്ടു ഗവൎമ്മെൻറിനു വന്നുകൂടുന്ന വരവുനഷ്ടത്തെ പരിഹരിക്കാനുള്ള ഉത്തമമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനും നിർദ്ദേശിക്കുന്നതിനും ജനപ്രതിനിധികൾക്കുള്ള ചുമതല അവർ നിൎവ്വഹിച്ചിട്ടുണ്ടെന്നു അനുസ്മരിപ്പിക്കയുംകൂടി ചെയ്തുകൊള്ളുന്നു.

---


## പോയ്പോയ ലോകം.

സർ. ആർതർ കോണൺഡായിലിൻെറ

**THE LOST WORLD**

എന്ന നോവലിൻെറ അധികൃതമായ

പരിഭാഷ പുസ്തകരൂപത്തിൽ

തയാറായിരിക്കുന്നു.

വില രൂപാ ൧ അണ ൮.

ശ്രീരാമവിലാസം ബുക്കുഡിപ്പോ,

കൊല്ലം.



കല്ക്കട്ടാ ലാർഡുമേയക്കു മദ്രാസിലെ സ്വീകരണം: റിപ്പൺ ബിൽഡിംഗ്സിൽവച്ചു മദ്രാസ്മേയർ മി. നളിനിരഞ്ജൻസർക്കാരിനു മദ്രാസ് കാർപ്പറേഷൻ മേയറും കൗൺസിലറന്മാരുംകൂടി ഒരു മംഗളപത്രം സമർപ്പിച്ച അവസരത്തിൽ എടുത്ത ഫോട്ടോ. ഫോട്ടോയിൽ ഇടതുവശത്തുനിന്നു മൂന്നാമതായി ഇരിക്കുന്നതു മദ്രാസ് കാർപ്പറേഷൻ മേയർ മി. ലാഡ്ഡനും (മേയറുടെ ഔദ്യോഗികവേഷത്തിൽ) അടുത്തതു കൽക്കട്ടാമേയർ മി. സർക്കാരുമാണ്.

P. N. A.



ഹോളൻറിലെ വിൽഹെമിനാരാജ്ഞിയുടെ ഭർത്താവായിരുന്ന പ്രിൻസ് ഹെൻറി തന്റെ 58-ാമത്തെ വയസ്സിൽ കഴിഞ്ഞ ജൂലൈ 3-ാംനു- ചരമം പ്രാപിച്ചു. ചെംകുരിശുസംഘത്തോടു ഇദ്ദേഹത്തിനു പ്രത്യേകം പ്രതിപത്തിയുണ്ടായിരുന്നു. ഇദ്ദേഹം മരിച്ചപ്പോൾ രാജ്ഞി സ്വിററ്സർലാണ്ടിലും ഇവരുടെ ഏകപുത്രി ജൂലിയാനാ രാജകുമാരി ലണ്ടനിലും ആയിരുന്നു.

U. P. S.



ജൂലൈ 14-ാംനു-യിലെ കൂട്ടക്കൊലയെപ്പററി ജമ്മൻചാൻസലർ ഹിററ്ലർ റീഷ്സ്റ്റാഗി (പാർലമെൻറി)ൽ പ്രസംഗിക്കുന്നതു്. സംശയിക്കപ്പെട്ടവരും വധ്യരുമൊഴികെ എല്ലാ അംഗങ്ങളും സന്നിഹിതരായിരുന്നു. വോൺപേപ്പൻ ഹാജരില്ലായിരുന്നു. ചാൻസലരുടെ പ്രസംഗം റേഡിയോവഴി ലോകമെങ്ങും കേൾക്കുകയുണ്ടായി. ചാൻസലരുടെ പിൻവശത്തു കസേരയിൽ ഗോറിംഗും, സ്പീക്കരുടെ ഇടതുവശം സെക്രട്ടറി ആഫ് സ്റ്റേററു ഡാക്ടർ ലാമ്മേഴ്സും, വലതുവശം പ്രചരണമന്ത്രിയുടെ സെക്രട്ടറി ഡാക്ടർ വാൾട്ടർ ഫംകം സ്ഥിതിചെയ്യുന്നു. U. P. S.



ഭയപ്പെടണ്ട—ന്യൂഗിനിയായിലെ നാട്ടുകാർ വിശേഷദിവസങ്ങളിൽ ധരിക്കുന്ന വേഷമല്ലാതെ മററൊന്നുമല്ല ഇതു്. ന്യൂഗിനിയ ഭരിക്കുന്നതു് ആസ്ത്രേലിയ ആണു്. N. I. A.

# വേണുനാദം.

(സാഹിതീസദനം, വേണുഗോപാൽ.)

I

വിരിയുംസൂനത്തിൻവിമലഹാസപ്പാൽ
തിരയിലാരാമമലിയുമ്പോൾ,
പ്രകടപാടലതിലകമെന്നുമീ
പകലിൻനെററിയിൽ തെളിയുമ്പോൾ,
കടലിലന്തിയിൽ കനകവീചികൾ
നടനമോടികൾ തുടരുമ്പോൾ,
കരളിലാനന്ദമതുലമേലുമെൻ
മുരളി മൂളുവാൻ മുതിരട്ടെ!
ഹൃദയസംസ്ഥമാമമലരാഗമീ
മൃദുലവേണുവിൻ നിനദമായ്
വിയതി, വായുവിലലകൾ ചേർത്തുകൊ-
ണ്ടുയരട്ടേയന്യനിമിഷത്തിൽ!
ഉലകിൻസൗഖ്യത്തിൻവിജയോൽഘോഷ-
ലഹരിയാതെൻഗാനു,മവശരായ് (തി-
ചെറുകുടിൽകളിലുഴലുമേഴകൾ-
ക്കരിയോരാശ്വാസമരുളട്ടെ!!

II

തരളതാരകൾ തെളിവാനംബര-
മിരുളിൽമുങ്ങണമിരവിങ്കൽ.
കനകമാകരുകിരണം പൂണുവാൻ
കനലിൽകായണമതിമാത്രം.
തപനൻ നൈരമ്യതതടവാൻ ഘോരമാ-
മപരസാഗരമണയണം.
നയനഹാരി ഞാർപ്പടമുടുക്കുവാൻ
വയലിൻമാറിടമുടയണം.
അതിയായ്വേനലിൽ വരളണംവല്ലി
പുതുമലർക്കലയിയലുവാൻ.
വനികൾതോറുമേയലയണംതെന്നൽ
പനിനീർപൂമണമണിയുവാൻ.
നിയതിതന്നുടെ നിയമമീവിധം
നിയതമേതിലും നിലനില്ക്കേ,
അമിതമായെന്നെച്ചുഴലുമത്തലിൻ
മമതയെങ്ങിനെ വെടിയും ഞാൻ?

III

അഴലേ,സംഗീതപ്പുഴചേന്നെന്നോട-
ക്കുഴലിൽക്കൂടി നീയൊഴുകുക.
കരുണസാന്ദ്രസംനിതരാംനിന്നുടെ
ചരണതാർത്തുകുംമധുവല്ലോ.
തപദഭാവത്തിങ്കലെളിയോരെൻ ഗീതം
ഹൃദയസ്പൃക്കാകാനിടയില്ല.
ഭുവനവേദിയിൽ പുളകമേലുമാ-
റെവിടെയുംകാൺമൂ തവനൃത്തം.
തൃണഗണങ്ങളിലണിയായ കാണുമീ
മണികൾ—മഞ്ഞുനീർക്കണികകൾ
ഇരവിനിന്നലെയിമയിൽനിന്നിററ
പെരിയബാഷ്പത്തിൻനിരയല്ലി?
അകലത്തെങ്ങോനിന്നണയുമീവാത-
മകതാർവെന്തിട്ടമചലത്തിൻ
നെട്ടവീർപ്പല്ലി?യിത്തരുവിൻമർമ്മരം
കൊട്ടതാം രോദനരവമല്ലി?

IV

അരിയദാരിദ്ര്യമരുവിലെൻഗാന-
ത്ധരികവീഴട്ടെയവിരതം;
അതിലൊരാശ്വാസക്കുളിർമകാണാവൂ
വ്യഥിതസോദരഹൃദയങ്ങൾ!


ഒരേറിനു രണ്ടു പക്ഷിയെക്കൊല്ലുവാൻ

സുവർണ്ണാവസരം.



പുഴുക്കടി ഭേദപ്പെടുത്തുന്നതിനും മഴനനയാതിരിക്കുന്നതിനുംകൂടി, ഞങ്ങളുടെ പുഴുക്കടിതൈലം ഒർ മണിക്കൂർകൊണ്ടു പുഴുക്കടിയെ ഭേദപ്പെടുത്തുന്നു. ഇതിനെ പ്രചാരപ്പെടുത്തുന്നതിനായി ഒർ ഡപ്പി ഒരുമിച്ചു ന. ക. വിലയ്ക്കു വാങ്ങുന്നവക്കു ഇനാമായി പട്ടയോടുകൂടിയ ഡമ്മി റിസ്ററവാച്ചു ൧, ചങ്ങലയോടുകൂടി ഇൻഫൻറ പാക്കററവാച്ചു ൧, ൧൦ വർഷത്തെ ഗാരൻറിയുള്ളതും കൃത്യമായി സമയം സൂചിപ്പിക്കുന്നതുമായ 'ബി' ടൈംപീസു് ൧, ബാറററിയോടുകൂടിയ ടാർച്ചുവിളക്കു ൧, ഫൗണ്ടൻപേന ൧, ബ്ലേഡുസഹിതം സേഫ് ടിറേസർ ൧, ബ്രഷ്, സോപ്പ്, ചീപ്പ് അല്ലെങ്കിൽ കൂടിയതരം വാട്ടർപ്രൂഫ് (മഴക്കോട്ടു) കോട്ടു ൧ പാക്കിംഗും പോസ്റേറജും പ്രത്യേകം (കോട്ടിൻെറനിറവും അളവും അയയ്ക്കണം. തൃപ്തികരമല്ലെങ്കിൽ വിലതിരിച്ചുതരുന്നതാണ്.)

International Trading Co., Post Box No. 6714 (Sect. No 11, M. Q.)Calcutta.


## വിഷയവിവരം.


| | | പേജ് |
|---|---|---|
| 1 | ഇന്നത്തെ ഏററവും മഹനീയരായ പതിനൊന്നു ഭാരതീയർ — ത്രിവേണി. | 4 |
| 2. | ഉൽക്കണ്ഠ (കവിത) — വി. വി. കെ. നമ്പ്യാർ. | 6 |
| 3. | വാത്താനിവേദനം — മാത്യു എം. കുഴിവേലി | 7 |
| 4. | ജീവചൈതന്യത്തിൻെറ ഭൗതികാധിഷ്ഠാനം — എസ്. മഹമ്മദ്സുലൈമാൻ ബി. എ. | 9 |
| 5. | ആ വൈരമാല (ചെറുകഥ) — അമ്പാടി ഇക്കാവമ്മ. | 11 |
| 6. | ലോകചക്രം | 13 |
| 7. | വിമർശനം | 15 |
| 8. | വേണുനാദം (കവിത) — വേണുഗോപാൽ. | 18 |
| 9. | ഭാരതം | 19 |
| 10. | ശാകുന്തളത്തിലെ പാത്രസൃഷ്ടി — വിദ്വാൻ കെ. വി. ശംഖുപ്പണിക്കർ. | 24 |
| 11 | ആത്മാനുഭൂതി (കവിത) — ചങ്ങമ്പുഴ കൃഷ്ണപിള്ള. | 26 |
| 12. | പാചകകല — എസ്. ഏ. പിള്ള, കടയ്ക്കൽ. | 27 |
| 13. | ചന്ദ്രോദയം (നോവൽ) | 29 |


മുഖചിത്രം. ഈ ലക്കത്തിലെ മുഖചിത്രമായി ചേത്തിരിക്കുന്ന ലേഡി പട്രീഷിയാ മക്കേയുടെ ഫോട്ടോ ഇപ്പോഴത്തെ ഇംഗ്ലീഷ്സ്ത്രീകളുടെ വസ്ത്രധാരണരീതി (ഫാഷൻ)കാണിക്കുന്നു ഇളംനീലത്തിൽ പുഷ്പങ്ങളുടെ ഡിസൈൻ ഉള്ള ഉടുപ്പും, കൃത്രിമപുഷ്പങ്ങൾവച്ച കറുത്ത വയ്ക്കോൽഹാററും ധരിച്ച്, ഈ സുന്ദരിയും കുലീനയുമായ യുവതി ഒരു കുതിരപ്പന്തയം കാണാൻ പോയപ്പോൾ എടുത്ത ഫോട്ടോ ആണ് അത്. സാധാരണ യൂറോപ്യൻസ്ത്രീകൾ കുതിരപ്പന്തയം മുതലായവ നടക്കുന്ന സ്ഥലങ്ങളിലാണ് പുതിയ ഫാഷണിലുള്ള വസ്ത്രങ്ങൾ ധരിച്ച പ്രത്യക്ഷപ്പെടുന്നത്. കുതിരപ്പന്തയം, വേട്ടകൾ, വള്ളംകളികൾ മുതലായവയ്ക്കു പലമാസങ്ങൾക്കുമുമ്പുതന്നെ പ്രധാനപ്പെട്ടതയ്യൽക്കാർ പുതിയ ഡിസൈനിലുള്ള ഉടുപ്പുകൾ ഉണ്ടാക്കി പ്രദർശിപ്പിക്കുക പതിവുണ്ട്.



# കുസുമോത്സവം

ഗ്രന്ഥകത്താ, എസ്സ്. രാമവാര്യർ
ബി. എ. ബി. എൽ.

കുസുമകുമാരിയുടെ ജീവിതത്തിൽ നേരിട്ടുന്ന വിഷമദശകളും, സാത്വികമൂർത്തിയും കുടിലബുദ്ധിയും ആയ വനചരൻെറ നിഷ്ഠുരതകളും, വിനയചന്ദ്രൻെറ അനുരാഗപവാനതയും എന്നു സമഗ്രമായ കവനകലാകുശലതയോടുകൂടിയാണ് വണ്ണിച്ചിരിക്കുന്നതെന്നു വിവരിക്കുക എളുപ്പമല്ല.

വില 1 രൂ. 8 ണ.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.



## ഭാരതം.

കാഷ്മീർ സംസ്ഥാനത്തിൽ ഇദംപ്രഥമമായി സ്ഥാപിതമായിരിക്കുന്ന നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് നടന്നിരിക്കുന്നു.

*  *  *

"അനേകകോടി അരപ്പട്ടിണിക്കാരോടു അല്പമെങ്കിലും അനുകമ്പയുള്ളവർ ചക്രയേയും, ഖാദിയേയുംപററി ദൂഷ്യംപറയുന്നതെങ്ങനെയെന്നു എനിക്കു മനസ്സിലാകുന്നില്ല" എന്നാണ് മഹാത്മജി 'ഖാദിപത്രിക'യ്ക്കു അയച്ച സന്ദേശം

*  *  *

ആസന്നമായ ഭരണപരിഷ്കാരത്തെയും, തന്നിമിത്തം ഒരു പുതിയനിയമസഭ അതിന്റെ കാലാവധിമുഴുവൻ നടക്കാനിടയില്ലാത്തതിനേയും പരിഗണിച്ചു മദ്രാസ് ഗവർണർ നിയമസഭയുടെ കാലാവധി 1935–നവംബർ 6–ാംനു- വരെ ദീർഘിപ്പിച്ചിരിക്കുന്നു.

*  *  *

ഫ്രഞ്ചു് ഇന്ത്യയിലെ ബെൽജിയൻ കാൺസൽ ജനറലായി മി. മൂംസറിനെ നിയമിച്ചിരിക്കുന്നു എന്നു് ഫ്രഞ്ചിന്ത്യാഗവണ്മെന്റുഗസററു ഔദ്യോഗികമായി പ്രസ്താവിക്കുന്നു. അദ്ദേഹത്തിന്റെ ഹെഡ്കാർട്ടേഴ്സ് കൽക്കട്ടയാണ്.

*  *  *

ബാബുരാജേന്ദ്രപ്രസാദ്, ശ്രീകൃഷ്ണസിന്നാ, ഡാക്ടർ സയ്യദ്മഹമ്മദ്, മുതലായവരുടെ അഭിമുഖ്യത്തിൽ തുടങ്ങിയിരിക്കുന്ന "നവശക്തി" എന്ന പുതിയ പ്രതിവാരിക, മി. ദേവവ്രതശാസ്ത്രികളുടെ പത്രാധിപത്യത്തിൽ പുറപ്പെട്ടിരിക്കുന്നു.

*  *  *

ഈ വരുന്ന മഞ്ഞുകാലത്തിനിടയ്ക്കു് സർ അല്ലൻകോബ്ഹാം അദ്ദേഹത്തിന്റെ വിമാനപ്രദർശനം തെക്കേഇന്ത്യയിലേക്കു കൊണ്ടുവരുന്നു ഇന്ത്യയിൽ ഇതിനുമുമ്പു വന്നിട്ടില്ലാത്ത പതിന്നാലു് വിമാനങ്ങളാണ് അദ്ദേഹം കൊണ്ടുവരുന്നതു്. ജനുവരി അവസാനത്തോടുകൂടിയേ പ്രദർശനം തെക്കേഇന്ത്യയിൽ എത്തുകയുള്ളു. തെക്കേഇന്ത്യയിൽ മുപ്പതു പട്ടണങ്ങൾ സന്ദർശിക്കുന്നതായിരിക്കും.

*  *  *

വൈസ്രായിയും പ്രഭ്വിയുംകൂടി നടത്തിയ വിരുന്നുസൽക്കാരത്തിൽ സർവസൈന്യാധിപനുംപത്നിയും സംബന്ധിച്ചിരുന്നു വിരുന്നു ആരംഭിക്കുന്നതിനു മുമ്പായി വൈസ്രായി സർവസൈന്യാധിപനു് ജി സി. എസ്സ്. ഐ എന്ന ബഹുമതിചിഹ്നം പ്രദാനംചെയ്കയും ഉണ്ടായി.

*  *  *

ശ്രീ അബ്ദുൾജാഫർഖാൻ താമസിയാതെ കല്ക്കട്ടാ സന്ദർശിക്കുമ്പോൾ അദ്ദേഹത്തിനു് ഒരു മംഗളപത്രം സമർപ്പിക്കാൻ കൽക്കട്ടാ കാർപ്പൊറേഷൻ തീരുമാനിച്ചിരിക്കുന്നു. ഇതിനായി ൫൦൦ രൂപയാണ് കാർപ്പൊറേഷൻ വോട്ടുചെയ്തിരിക്കുന്നതു്. യൂറോപ്യൻമെമ്പരന്മാരും, നാമിനേററു ചെയ്ത മെമ്പരന്മാരും മററു രണ്ടു മുസ്ലിംമെമ്പരന്മാരും ഇതിനെ എതിർത്തു. മററു മുസ്ലിംമെമ്പരന്മാരും കാൺഗ്രസ്മെമ്പരന്മാരും അനുകൂലിക്കയും ഉണ്ടായി.

*  *  *

പത്രങ്ങൾക്കുള്ള കമ്പിക്കു ചാർജ്ജുകൂട്ടാൻ ആലോചനയുള്ളതായി ഹിന്ദുവിന്റെ ലേഖകൻ അറിയുന്നു സാധാരണരീതിയിൽ 80–വാക്കുകൾക്കു് ഒരു രൂപാ, എക്സ്പ്രസ്സ് കമ്പിയാണെങ്കിൽ 40–വാക്കുകൾക്കു് ഒരുരൂപാ എന്നാണ് നിശ്ചയിച്ചിരിക്കുന്നതു് പോസ്ററൽ അധികാരികളുടെ ശുപാർശ അനുസരിച്ചാണ് ഇങ്ങനെ നിശ്ചയിച്ചിട്ടുള്ളതെന്നു കാണുന്നു ഇംഗ്ലണ്ടിൽ രാത്രിയിൽ 120–വാക്കുകൾക്കാണ് ഒരുരൂപാ ചുമത്തുന്നതു് പകൽ 90–വാക്കിനും ഒരു രൂപയാണ്.

*  *  *

ബാംബേ സർവ്വകലാശാലയുടെ ബിരുദങ്ങളെ മദ്രാസ് സർവ്വകലാശാല അംഗീകരിക്കാത്തപക്ഷം മദ്രാസിൽനിന്നു ബാംബേ സർവ്വകലാശാലയിൽ പരിശീലനം നടത്തുന്ന വിദ്യാർത്ഥികളെ പിരിച്ചയയ്ക്കുന്നതാണെന്നു് ബാംബേസർവ്വകലാശാല ഭീഷണി പ്രയോഗിക്കയുണ്ടായല്ലോ. സർവ്വകലാശാലയിലെ കോഴ്സുകളിലേക്കുള്ള പ്രവേശനത്തെ സംബന്ധിച്ചിടത്തോളം ബാംബേ ഡിഗ്രികളെ അത്തരത്തിലുള്ള മദ്രാസുഡിഗ്രികൾക്കു് സമമായി അംഗീകരിക്കാമെന്നു് മദ്രാസ് സർവ്വകലാശാലയുടെ സിൻഡിക്കേററു തീരുമാനിക്കയും ഈ തീരുമാനത്തെ അക്കാഡമിക്ക്കൌൺസിൽ അംഗീകരിക്കയും ചെയ്തിരിക്കുന്നു. ഇങ്ങനെ രണ്ടു സർവ്വകലാശാലകളും തമ്മിലുള്ള കലഹം രാജിയായി തീന്നിരിക്കുന്നു.

*  *  *

റായിസ്വീക്കിലിയുടെ സ്വന്തംലേഖകൻ ലണ്ടനിൽനിന്നു് ഇങ്ങനെ എഴുതുന്നു:—ഈയിടെ നടന്ന ഇന്ത്യാക്കാരുടെ ഒരു യോഗം ഇന്ത്യൻനാഷനൽകാൺഗ്രസ്സിന്റെ ലണ്ടൻശാഖയെ ഉജ്ജീവിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്നു അനുസരണക്കേടുനിമിത്തം 1931–ൽ ഇന്ത്യൻനാഷനൽകാൺഗ്രസ്സ് ലണ്ടൻബ്രാഞ്ചിന്റെ അംഗീകാരം പിൻവലിച്ചിരിക്കുന്നതിനാൽ കാൺഗ്രസ്സിന്റെ പേരിൽ പ്രവർത്തനംനടത്താൻ ലണ്ടൻബ്രാഞ്ചിനു അർഹതയില്ലെന്നു ചൂണ്ടിക്കാണിക്കപ്പെട്ടു. എന്നാൽ അംഗീകാരം പിൻവലിച്ചുകൊണ്ടു കാൺഗ്രസ് പ്രവർത്തകസമിതി ചെയ്ത തീരുമാനം കാൺഗ്രസ് സമ്മേളനത്താൽ അംഗീകൃതമായിട്ടില്ലാത്തതിനാൽ ലണ്ടൻശാഖ ഇന്നും നിലവിലിരിക്കുന്നു എന്നാണ് ശക്കുത്തുവാലാ മുതലായവരുടെ വാദം. കാൺഗ്രസ്സിന്റെ ഉദ്ദേശങ്ങളെ ലണ്ടൻശാഖ വിശ്വസ്തതയോടെ നിറവേററിയിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. ലണ്ടൻബ്രാഞ്ചു് ഒരു പ്രവൃത്തിപരിപാടി തയാറാക്കി ബാംബേസമ്മേളനത്തിന്റെ പരിഗണനയ്ക്കു് സമർപ്പിക്കണമെന്നും നിശ്ചയിക്കയുണ്ടായി. വൈറവപേപ്പർ പദ്ധതി. ജായിൻറ് പാർലമെൻററിറിപ്പോർട്ടിൽനിന്നുണ്ടാകുന്ന വാദമുഖങ്ങൾ എന്നിവയെപ്പററ ലണ്ടൻബ്രാഞ്ചു് കാൺഗ്രസ് പ്രവർത്തകസമിതി[illegible]മ്പാകെ നിവേദനം ചെയ്യുമെന്നറിയുന്നു.

---


## കേരളം

ദിവാൻ സർ മഹമ്മദ്ഹബിബുള്ള അവർകൾ ഈമാസം ൨൩–ാംനു- ശനിയാഴ്ച ആലപ്പുഴ[illegible]ച്ചു സമസ്തതിരുവിതാംകൂർ മുനിസിപ്പൽകാൺഫറൻസ് ഉൽഘാടനംചെയ്തിരിക്കുന്നു.

*  *  *

കൊല്ലം ഡിവിഷൻപേഷ്കാർ മി. എൻ. എ[illegible] രാമൻപിള്ളയുടെ വന്ദ്യവയോവൃദ്ധയായ മാ[illegible]വ് വടക്കൻപറവൂരുള്ള സ്വഗൃഹത്തിൽവച്ചു മ[illegible]ച്ചുപോയിരിക്കുന്നു. അദ്ദേഹത്തിന്റെ ദുഃഖത്തി[illegible] അനുശോചിക്കയും ആ വന്ദ്യമാതാവിന്റെ [illegible]ത്യശാന്തിക്കായിപ്രാർത്ഥിക്കയും ചെയ്തുകൊള്ളു[illegible]

*  *  *  *



മി. കെ. പി. പത്മനാഭമേനോൻ.
തിരുവിതാംകൂർ എലക്ട്റിക്കൽ എൻജിനീയ[illegible]


*  *  *

കൊല്ലത്തെ വൈദ്യുതദീപത്തിന്റെ ഉൽഘാ[illegible]നം ഈമാസം ൧൮–ാംനു- തിങ്കളാഴ്ച വൈകു[illegible]രം ആറേകാൽമണിക്കു് ദിവാൻ സർ മുഹമ്മ[illegible] ഹബിബുള്ള അവർകൾ നിർവ്വഹിച്ചിരിക്കു[illegible] സർ സി. പി. രാമസ്വാമിഅയ്യർ, അസംബ്[illegible]യിലെയും, കൌൺസിലിലെയും നിരവധി [illegible]മ്പരന്മാർ, ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാർ, [illegible]സ്തീയപുരോഹിതന്മാർ, യൂറോപ്യന്മാർ, പൌര[illegible]ധാനികൾ, വണിക്ക്ശ്രേഷ്ഠന്മാർ, ആദിയാ[illegible]




കടൽതിരത്തെ ഒരു കാഴ്ച.
മുക്കുവന്മാരുടെ ഗൃഹങ്ങളുടെമുമ്പിൽ അവർ സകുടുംബം നിൽക്കുന്നു.
Royal Studio, Ernakulam

# കൊല്ലം പവർഹൗസ്.



കഴിഞ്ഞയാഴ്ച ഉൽഘാടനംചെയ്യപ്പെട്ട കൊല്ലം എലക്ട്റിക്ക്സപ്ലൈ പവർഹൗസ് രാത്രിയിൽ ദീപങ്ങൾ പ്രകാശിക്കവേ എടുത്ത ഫോട്ടോ.

Malayala Rajyam.



കൊല്ലം പവർഹൗസിൻെറ മറ്റൊരുഭാഗം.

അതിപ്രശസ്തരായ അനവധി അതിഥികൾ സംബന്ധിച്ച പവ്വർഹൗസിൻെറ ചുററുമുള്ള പ്രദേശങ്ങളും, ഒരു കൃത്രിമതടാകം നിർമ്മിച്ചു അതിനെ വലയംചെയ്യുന്ന ഉന്നതസ്ഥാനങ്ങളും, വിവിധവർണ്ണത്തിലുള്ള ബൾബുകൾമാർഗ്ഗമുള്ള ദീപാവലിയാൽ അതിമനോഹരമാക്കിയിരുന്ന എലക്ട്റിക്കൽ എൻജിനീയർ മി. കെ. പി. പി. മേനവൻ ഡിപ്പാർട്ടുമെൻറിൻവേണ്ടിയും, മുൻസിപ്പൽപ്രസിഡൻറ് മി. കെ. ജി. പരമേശ്വരൻപിള്ള ഈ പട്ടണത്തിനും, പൗരാവലിക്കുംവേണ്ടിയും, അത്ഗതർക്കുള്ളിയ സ്വാഗതത്തിനുശേഷം ദിവാൻജി അവർകൾ ഒരു പ്രസംഗത്തോടുകൂടി വൈദ്യുതദീപം പ്രകാശിപ്പിച്ച് ഉൽഘാടനകൃത്യം നിർവ്വഹിക്കുകയും, മി. പുതുപ്പള്ളി കൃഷ്ണപിള്ള എം. എൽ. ഏ. കൃതജ്ഞതാപ്രകടനം ചെയ്യുകയും ചെയ്തു.

* * *

...ക തിരുവിതാംകൂർ പോലീസുകമ്മീഷണർ റാവു ബഹദൂർ രാമാനുജയ്യങ്കാർ തിരുവനന്തപുരം വൈ. എം. സി. എ. ഹാളിൽവച്ച് ഈമാസം ൧൯-ാം തീയതി ഒരു പ്രസംഗമദ്ധ്യേ, തിരുവിതാംകൂർ പോലീസിൻെറ ഇപ്പോഴത്തെ ദയനീയാവസ്ഥയിൽ പരിതപിക്കയും, അതിൻെറ താൽക്കാലിക നില പരിഷ്കരിക്കപ്പെടേണ്ടതാണെന്ന് അഭിപ്രായപ്പെടുകയും ഉണ്ടായി. പോലീസുകാർക്ക് ഇവിടെ നൽകുന്ന ശമ്പളം വളരെ കുറവാണെന്നും, മദ്രാസിൽ ശരാശരി ഒരു പോലീസുകാരന് ൨൨-ചക്രം കിട്ടുമ്പോഴും മൈസൂരിൽ ൧൯-ചക്രം കിട്ടുമ്പോഴും പോലീസിൻെറ സംരക്ഷണത്തിനായി ചിലവ കുറവാകയും തിരുവിതാംകൂറിലാകട്ടെ പൊതുജനങ്ങൾക്കു സംരക്ഷണമില്ലായെന്നും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു.

* * *



തിരുവനന്തപുരം വീരകേരളജിംഖാനായുടെ ഓണദിനാഘോഷം സംബന്ധിച്ചു നടത്തിയ ഫോറം ടൂർണമെൻറിൽ സംബന്ധിച്ചവരുടെ ഫോട്ടോ.

Raman Pillai, Bros.. Trivandrum.

(12-ാംപേജിൽനിന്നും തുടർച്ച)

ദിവസം മുഴുവനും ഒന്നുംചെയ്യാൻ ത്രാണിയില്ലാതെ മനോരാജ്യത്തിൽ കഴിച്ചുകൂട്ടി. വൈകുന്നേരമായപ്പോൾ ബാലചന്ദ്രൻ വാടിത്തളൎന്ന് വീട്ടിൽ എത്തി. വൈരമാലയെപ്പററി ഒരു തെളിവും അയാൾക്കു കിട്ടിയിരുന്നില്ല.

"അതിന്റെ കൊളുത്ത് ഊരിപ്പോയതുകൊണ്ട് കേടുതീക്കുന്നതുവരെക്ഷമിക്കണമെന്നുപറഞ്ഞു് ഒരു കത്തു തങ്കമ്മയ്ക്കെഴുതുക. അത്രയും സമയം അതിനുവേണ്ടി അന്വേഷണംനടത്താം" എന്നു ബാലചന്ദ്രൻ ഭാൎയ്യയോടുപറഞ്ഞു. സുന്ദരി അപ്രകാരംതന്നെ ചെയ്തു.

ഒരാഴ്ച അന്വേഷിച്ചിട്ടും ഫലമൊന്നുമുണ്ടായില്ല. വൈരമാല കിട്ടുമെന്നുള്ള ആശ അവൎക്കു തീരെയില്ലാതായി. ഈ ഒരാഴ്ചയിലെ ആധികൊണ്ട് ബാലചന്ദ്രൻ അഞ്ചുവയസ്സു കൂടുതലായപോലെ കാണപ്പെട്ടു.

"പോയതുപോലെയുള്ള ഒരു വൈരമാല തങ്കമ്മയ്ക്കു കൊടുക്കുവാൻ വല്ല വഴിയുംനോക്കണം" എന്നു ഭാൎയ്യയോടു ബാലചന്ദ്രൻ പറഞ്ഞു.

വൈരമാല വെച്ചിരുന്ന പെട്ടിയുടെ പുറത്തു അതുണ്ടാക്കിയ കച്ചവടക്കാരന്റെ പേരുണ്ടായിരുന്നു. അതിനാൽ അവർ അടുത്തദിവസംതന്നെ അയാളുടെ അടുക്കൽ പോയി. രത്നവ്യാപാരി തന്റെ കണക്കുപുസ്തകം എടുത്തു നോക്കി ഇപ്രകാരം പറഞ്ഞു. "ഈ പെട്ടിമാത്രമെ ഞാൻ തീൎത്തുകൊടുത്തിട്ടുള്ളു. വൈരമാല പണിചെയ്തതു ഞാനല്ല."

ഇതുകേട്ടു അവർ ആ വൈരമാലപോലെയുള്ള വേറൊന്നു കണ്ടുപിടിക്കുവാനായി പല രത്നവ്യാപാരസ്ഥലങ്ങളും കയറിയിറങ്ങി. ഒടുവിൽ ഒരു ഷാപ്പിൽ ചെന്നപ്പോൾ അത്തരംതന്നെ ഒരു വൈരമാല കണ്ടെത്തി. അതിന്റെ വില 8000 ക. ആയിരുന്നു. പക്ഷെകച്ചവടക്കാരൻ, 7500 ക. ക്കു് കൊടുക്കാമെന്നു സമ്മതിച്ചു. അതു മൂന്നു ദിവസത്തേക്കു ആൎക്കും വിൽക്കരുതെന്നും ഒരുമാസത്തിനുള്ളിൽ പൊയ്പ്പോയ വൈരമാല കിട്ടുന്നതാണെങ്കിൽ ഇതു മടക്കിയെടുത്തു 7000 ക. അയാൾ തിരിച്ചുകൊടുക്കാമെന്നും അവർതമ്മിൽ ഖരാർചെയ്തു.

ബാലചന്ദ്രനു് അയാളുടെ അച്ഛൻകൊടുത്ത സ്വത്തായി 3000 ക. ഉണ്ടായിരുന്നു. ബാക്കിയുള്ള സംഖ്യ കടംവാങ്ങുവാൻ നിശ്ചയിച്ചു. 500 ക. വീതം പല ദിക്കിൽനിന്നുമായി കടംവാങ്ങി കടച്ചീട്ടുകൾ ഒപ്പിട്ടുകൊടുത്തു. പല കമ്പനികളിൽ നിന്നും കഠിനന്മാരായ ഹുണ്ടികക്കാരുടെ പക്കൽനിന്നും വലിയ പലിശയ്ക്കു വേറെയും കുറെസംഖ്യ കടംവാങ്ങി.

ഇപ്രകാരം ബാലചന്ദ്രൻ ഒരു കൂസലുംകൂടാതെ കടച്ചീട്ടുകൾ ഒപ്പിട്ടു കടത്തിൽമുങ്ങി, തന്റെ മാനംരക്ഷിക്കേണ്ടതെങ്ങനെയെന്നറിയാതെ നിരാശപ്പെട്ടും, ദുഃഖസംപൂൎണ്ണമായ ഭാവിയെ ഭയന്നും, ഋണമോചനത്തിനുവേണ്ടി താനും പത്നിയും അനുഭവിക്കേണ്ട നിരവധി ക്ലേശങ്ങളെപ്പററി വ്യാകുലപ്പെട്ടും, ചിന്താക്രാന്തനായി ആ രത്നവ്യാപാരിയുടെ അടുക്കൽചെന്നു 7500 ക രൊക്കംകൊടുത്തു വൈരമാല വാങ്ങിച്ചു.

സുന്ദരി അതുംകൊണ്ടു തങ്കമ്മയുടെവീട്ടിൽ ചെന്നപ്പോൾ, അവർ "നിങ്ങൾ ഇതു കുറച്ചുകൂടി നേരത്തെ കൊണ്ടുവന്നുതരേണ്ടതായിരുന്നു. ഇതിനുള്ള ആവശ്യം വല്ലതും എനിക്കുണ്ടായിരുന്നെങ്കിലൊ?" എന്നു കുറച്ചു മുഷിച്ചൽഭാവിച്ചു ചോദിച്ചു.

തങ്കമ്മ പെട്ടിതുറന്നു നോക്കാതിരുന്നതു സുന്ദരി വലിയ ഭാഗ്യമായി കരുതി. താൻ കൊടുത്ത വൈരമാലയല്ല തിരിച്ചുകൊണ്ടുവന്നിട്ടുള്ളതെന്നു അവർ അറിഞ്ഞുവെങ്കിൽ സുന്ദരിയുടെ സ്ഥിതി എത്തു കഷ്ടമായിരുന്നേനെ? അവർ അവളോടു എന്തുപറയുമായിരുന്നു അവൾ ഒരു വലിയ കള്ളിതന്നെയെന്നു നിശ്ചയിക്കയില്ലായിരുന്നോ?

തങ്കമ്മയ്ക്കു വൈരമാലകൊടുത്തദിവസം രാത്രി അത്താഴംകഴിഞ്ഞു ബാലചന്ദ്രനും സുന്ദരിയും തളത്തിൽവന്നു പതിവുപോലെ ഇരുന്നു. രണ്ടുപേരും ഒന്നും സംസാരിക്കുന്നില്ല. ചിന്താശതങ്ങളെക്കൊണ്ടു ബാലചന്ദ്രന്റെ തല പുകയുന്നുണ്ടെന്നു അയാളുടെ മുഖം വെളിപ്പെടുത്തി. വീട്ടുവാൻ വഴിയില്ലാത്ത ഒരു വലിയ കടമല്ലേ വന്നുപെട്ടതു്! അതോ, ഒരു വെറും ദുരഭിമാനത്തിന്റെഫലം! തന്റെ ഭാൎയ്യയുടെ മനസ്സിനു ഒരു ചെറിയ വേദനപോലും തട്ടാതിരിക്കുവാൻ അയാൾ പല ത്യാഗങ്ങളും ചെയ്യേണ്ടിവന്നിട്ടുണ്ടു്. എന്നാൽ ഈ അവസാനത്തെ ഭാരം ഇനി ഒരു ഭാരവും ചുമക്കുവാൻ വയ്യാത്തവിധം അവന്റെ മുതുകെല്ലൊടിച്ചുകളഞ്ഞു. ഇനി അവളും താനും എന്തെല്ലാം കഷ്ടങ്ങളും അപമാനങ്ങളുമാണു സഹിക്കേണ്ടിവരിക! ഇങ്ങനെ ഓരോന്നു വിചാരിച്ചു ബാലചന്ദ്രൻ നിശ്ചലനായി ഇരുന്നുപോയി.

സുന്ദരിയാകട്ടെ തന്റെ ആഡംബരഭ്രമംമൂലം ഉണ്ടായ അത്യാപത്തിനെപ്പററിയും അതിന്റെ അനന്തരഫലത്തെപ്പററിയും ഉള്ള ഗാഢചിന്തയിൽ മുഴുകിയിരുന്നു. ഉഗ്രമായ പശ്ചാത്താപം അവളുടെ ഹൃദയത്തിൽ നീറിക്കയറുന്നുണ്ടു്. താൻചെയ്ത അപരാധത്തിനു തന്റെഭത്താവു തന്നെ കഠിനമായി ഒന്നു ശിക്ഷിച്ചിരുന്നെങ്കിൽ ഈ കഠിനവേദനയ്ക്കു അല്പം ശമനം കിട്ടുമായിരുന്നു. ബാലചന്ദ്രന്റെ സ്വഭാവത്തിനു ആ കാൎയ്യം അസാദ്ധ്യമാണു്. ഉള്ളിൽകിടന്നു വിങ്ങുന്ന ഈ സങ്കടം ഒന്നു പൊട്ടിപ്പൊരുത്തില്ലെങ്കിൽ താൻ അതിൽ ദഹിച്ചുപോകുമെന്നു സുന്ദരിക്കുതോന്നി. തന്റെ മൂഢത്വത്താൽ വന്നുപോയ അബദ്ധത്തെപ്പററി തന്റെ ഭത്താവിന്റെ കാല്ക്കൽവീണു മാപ്പുചോദിക്കുവാനും മേലിൽ ആവക പ്രലോഭനങ്ങളിൽ മനസ്സുപോകാതെ ഒരു ശാലീനജീവിതം നയിക്കുവാനും അവൾ മനസ്സുകൊണ്ടുറച്ചു. അന്യോന്യം സംസാരിക്കാതെ അധികനേരം ഇങ്ങനെ ഇരുന്നതിന്റെശേഷം ബാലചന്ദ്രൻ "എന്റെ സുന്ദരി വ്യസനിക്കേണ്ട, ഈശ്വര......" എന്നു പറയുമ്പോഴേക്കു തൊണ്ടവിക്കി ശബ്ദം ഇടറി. "അയ്യോ നാഥാ" എന്നു പറഞ്ഞു തേങ്ങിത്തേങ്ങിക്കരഞ്ഞുകൊണ്ടു സുന്ദരി ബാലചന്ദ്രന്റെമടിയിൽ ചെന്നുവീണു. രണ്ടാളുംതമ്മിൽ കെട്ടിപ്പിടിച്ചു ഉറക്കെക്കരഞ്ഞു. അന്യോന്യം സമാധാനിപ്പിക്കുവാൻ രണ്ടുപേരും പലതും പറഞ്ഞു.

ആ ഹൃദയമഥനത്തിൽനിന്നു അവൎക്കു ഒരു ചിന്താമണി കിട്ടി. അതു അവരുടെ ഭാവിജീവിതത്തെപ്പററിയുള്ള ഒരു സങ്കല്പചിത്രമായിരുന്നു. ആ ബാഷ്പധാരയിലെ സ്നാനം സുന്ദരിക്കു ഒരു ജ്ഞാനസ്നാനമായിത്തീൎന്നു. അവൾ കണ്ണീരുതുടച്ചുകളഞ്ഞു ഒഴിഞ്ഞ ആകാശത്തിലേക്കു കണ്ണിമയ്ക്കാതെ നോക്കിയിരുന്നു. ഒരു ദിവ്യദീപ്തി ആ മുഖത്തപ്പോൾ മിന്നുന്നുണ്ടെന്നു മങ്ങിയ വെളിച്ചത്തിൽ ബാലചന്ദ്രൻ കണ്ടു. പെട്ടെന്നൊരു ഉള്ളുണർവുണ്ടായപോലെ അവൾ ബാലചന്ദ്രനെനോക്കി പറഞ്ഞു: —

"ബാലു! ഞാൻ ഉറച്ചുകഴിഞ്ഞു; അതെ ഈ അത്യാഹിതത്തോടൊന്നു മല്ലിടുവാൻ ഞാൻ ഈ നിമിഷം ഉറച്ചു. കണ്ണാടിനോക്കി ക്രുദ്ധിച്ചുകുരയ്ക്കുന്ന പട്ടിയെപ്പോലെ കണ്ണാടിയിൽകണ്ട എന്റെ സൗന്ദൎയ്യംതന്നെ ലോകോത്തരമായ ആരാദ്ധ്യവസ്തു എന്നു ഞാൻ ധരിച്ചുപോയി. അതിനുവേണ്ടി എന്റെ പ്രാണനാഥനെ എത്ര ക്ലേശിപ്പിക്കുവാനും എനിക്കു മടിയുണ്ടായില്ല. ഭിത്തിയില്ലാത്ത ആകാശചിത്രങ്ങളുള്ളേടത്തേക്കു് ആഞ്ഞു വലിഞ്ഞു കയറുവാൻ കാൽപൊക്കിക്കൊണ്ടു് ഞാൻ ഇതുവരെ കാലം കഴിച്ചു. ആ ചിത്രങ്ങൾ എപ്പോഴും മാഞ്ഞുമാഞ്ഞുകൊണ്ടിരിക്കുന്നവയാണെന്നു് ഞാനോത്തില്ല. അഥവാ അവിടെ എത്തിയാൽ അതിനും മുകളിൽ അതുപോലെയുള്ള നിറപ്പകിട്ടുകൾ എന്നെ വ്യാമോഹിപ്പിക്കുവാൻ വേറെയും ഉണ്ടാകുമെന്നും ഞാൻ ആലോചിച്ചില്ല. എന്റെ ബാലുവിനെ ഞാൻ എത്ര ബുദ്ധിമുട്ടിച്ചു. ബാലു, ഇതുവരെ ബാലു എനിക്കുവേണ്ടി ജീവിച്ചു; ഇനി ഞാൻ ബാലുവിനുവേണ്ടി ജീവിക്കും.

സൌന്ദൎയ്യത്തെ ഞാൻ ഇപ്പോഴും വെറുക്കുന്നില്ല. എന്നാൽ പൊന്നിൽപതിച്ച ഒരു കള്ളക്കല്ലായി മിന്നണമെന്നു് എനിക്കിനി മോഹമില്ല; വെൽവെററിലും പട്ടിലും പൊതിഞ്ഞ ചന്തംമാത്രമെ ചന്തമാകയുള്ളു എന്നു് ഞാൻ ഇതുവരെ തെററിദ്ധരിച്ചുപോയി. ഇരവുവാങ്ങിയ വൈരമാല അറിയാതെ വീണുപോകുമെന്നു് എനിക്കിപ്പോൾ ബോദ്ധ്യമായി. സ്നേഹപൂൎവ്വംചെയ്യുന്ന ദേഹാദ്ധ്വാനം എന്റെ കണ്ഠത്തിലും കവിളിലും അണിയിക്കുന്ന ശോണാഭരണം, ഞാൻ സ്വാതന്ത്ര്യപ്പൂനിലാവിൽകൈകൊട്ടിക്കളിക്കുന്തോറും അധികമധികം തിളങ്ങുകതന്നെചെയ്യും. ഞാനാണു ഈആപത്തിനു കാരണം. ഞാൻതന്നെ അതിനു മോചനവും ഉണ്ടാക്കും. എന്റെ ബാലു, പ്രിയബാലു എന്നെ സഹായിക്കണം, എന്നെ അനുഗ്രഹിക്കണം

കയ്യിൽ തങ്കവലയവും കരളിൽ ഭയവലയവും ഇല്ലാത്ത തൊഴിലാളികൾ അവരുടെ ചെറുകുടിലുകളിൽ എത്ര സ്വതന്ത്രമായും സന്തോഷകരമായും ജീവിക്കുന്നു. അവർ പക്ഷികളെപ്പോലെ പാടിരസിക്കുകയും ശിശുക്കളെപ്പോലെ ഗാഢമായുറങ്ങുകയും ചെയ്യുന്നു. നിൎവ്യാജവും നിയമിതവുമായ അദ്ധ്വാനമാണു് സുഖജീവിതത്തിന്നാസ്പദം, ആഡംബരവും ആഭാടവുമല്ല എന്നു നമുക്കു

തുകൊണ്ടു മനസ്സിലാക്കാം. മനസ്സംസ്കാരം കുറഞ്ഞ കൂലിക്കാൎക്കു അതു സാധ്യമാണെങ്കിൽ കുറെയെങ്കിലും പഠിപ്പുള്ള നമുക്കു തൊഴിലിൻെറ മാന്യതയെ കുറെക്കൂടി ജീവിതത്തിൽ കാണിക്കുവാൻ സാധിക്കയില്ലെ? ബാലു വരു, എൻെറ കൈപിടിക്കു, ദുരഭിമാനത്തേയും വെറും നാട്ടാചാരത്തേയും കൂട്ടാക്കാതെ, അകളങ്കമായ അദ്ധ്വാനംകൊണ്ടും അനാഡംബരമായ ജീവിതംകൊണ്ടും നാം ഉന്നതിയെ പ്രാപിക്കുമെന്നു നമുക്കു പ്രതിജ്ഞചെയ്യുക.

ബാലചന്ദ്രൻ ഇതെല്ലാംകേട്ടു് 'നിലവിട്ടൊന്നുപകച്ചു'നിന്നുപോയി! അയാളുടെഹൃദയത്തിൽ അപ്രതീക്ഷിതമായ ഒരു പ്രകാശം ഉണ്ടായി. തൻെറ ദാമ്പത്യജീവിതത്തിൽ ഇതുവരെ ഉണ്ടാകാത്തതായ ഒരു സുഖം ഈ ദുഃഖബഹളത്തിന്നുള്ളിൽക്കൂടി അയാൾആസ്വദിച്ചു. സുന്ദരി തന്നെ ഭൎത്താവായിസ്വീകരിച്ചതുഒരു ആപദ്ധൎമ്മമെന്നപോലെയാണെന്നു അയാൾ മനസ്സിലാക്കിയിരുന്നു. അതു ഇടക്കിടയ്ക്കു സുന്ദരി തൻെറ പ്രവൃത്തികളെക്കൊണ്ടു വെളിപ്പെടുത്തുകയും ചെയ്യാറുണ്ടായിരുന്നു. അതുവരെ അയാൾക്കു സുന്ദരി ഉന്നതപീഠത്തിലിരിക്കുന്ന ഒരു ആരാധ്യവിഗ്രഹമായിരുന്നു. ഇന്നു അവൾ ഇതാ താൻ നില്ക്കുന്ന പടിയിലേക്കിറങ്ങി വന്നു തൻെറ കൈ കോൎത്തുപിടിക്കുന്നു. ഈ ഒരു പരിവൎത്തനം അവരെ ആ ദുൎഗ്ഗമമാൎഗ്ഗത്തിൽ യഥാൎത്ഥസഹധൎമ്മചാരികളാക്കി; ഘോരമായ ലോകയുദ്ധത്തിലെ ധീരഭടരാക്കി; അന്നുമുതൽ അവർ ഒരു ഞെട്ടിൽ വിരിഞ്ഞ പൂക്കളെപ്പോലെ, മഞ്ഞും മാരിയും, ഇളവെയിലും ചെറുകാററും, ഒത്തുനിന്നേററു.

ഇതിന്നുശേഷം സുന്ദരി വേലക്കാരായ അയൽപക്കക്കാരുടെ ജീവിതരീതികൾ വിവരമായി നോക്കി മനസ്സിലാക്കി. അടുത്തദിവസംതന്നെ വീട്ടിലെ വേലക്കാരനെ പിരിച്ചയച്ചു, താമസിച്ചിരുന്ന വീടൊഴിഞ്ഞു ഒരു ചെറിയമുറി വാടകക്കെടുത്തു. വീട്ടിലും പുറത്തും അവൎക്കുവേണ്ട സകല ജോലികളും അവൾതന്നെ ചെയ്തു. പാത്രംതേക്കുക, വസ്ത്രം അലക്കുക, ഭക്ഷണം പാകംചെയ്യുക, മുതലായ പട്ടപണികൾ അവൾ ഒരു മടിയുംകൂടാതെ ചെയ്തു. എല്ലാ ദിവസവും രാവിലെ വീട്ടിലെ അഴുക്കുകൾഅടിച്ചു തെരുവിൽകളഞ്ഞു, ഒരു കുടത്തിൽ വെള്ളവുംഎടുത്തു, ശീലമില്ലാത്തതിനാൽ കിതച്ചുംകൊണ്ടു വീട്ടിൽ എത്തും. വൈകുന്നേരം കയ്യിൽ ഒരു കുട്ടയും തൂക്കിക്കൊണ്ടു ചന്തയിൽ പോയി വില്പനക്കാരോടു പിശകി സാമാനങ്ങൾ ആദായത്തിൽ വാങ്ങിക്കൊണ്ടുവരും. ഇങ്ങിനെ ക്ലേശിച്ചു സമ്പാദിച്ച ഓരോ പൈസയും അവൾ ഒരു നിധിപോലെ സൂക്ഷിച്ചു

എല്ലാ മാസവും കടക്കാരെ നിൎത്തുവാൻ വേണ്ടി കയ്യിലുള്ളതു കൊടുത്തു തീൎത്തും കടച്ചീട്ടുകൾ മാറിയെഴുതിയും, കാലാവധി നീട്ടുവാൻ അപേക്ഷിച്ചും കഴിച്ചുകൂട്ടി. ബാലചന്ദ്രനു് അന്നുമുതൽ തൻെറപ്രവൃത്തിയിൽ ഒരു പുതിയ ജാഗ്രത ഉണ്ടായി. അയാൾ തൻെറ ആഫീസുജോലിക്കു പുറമേ ഒരു വ്യാപാരയുടെ കണക്കെഴുത്തുവേലയും കയ്യേററു. ഇതുകൊണ്ടു അയാളുടെ സമ്പാദ്യം അല്പം അധികമായി.

ബാലചന്ദ്രൻെറ പ്രവൃത്തിയിലുള്ള ജാഗ്രതയും സ്വഭാവഗുണവും കൃത്യനിഷ്ഠയും അയാളുടെ മേലധികാരിമാരെ വളരെ സന്തോഷിപ്പിച്ചു. അതുകൊണ്ടു് അയാൾക്കു ജോലിയിൽ ക്രമത്തിലു കയററം കിട്ടി. ഇങ്ങനെ ചിലവു ചുരുങ്ങുകയും സമ്പാദ്യമധികമാകയും ചെയ്തതുകൊണ്ടു് അവർ കടങ്ങൾ ഉദ്ദേശിച്ച കാലത്തിനു മുമ്പുതന്നെ ഒട്ടുമുക്കാലും തീൎത്തു.

പാൎത്തിരുന്ന ചെറിയ മുറി വിട്ടു് രു ചെറുകുടിലും അതിനു നാലുപുറവുമുള്ള ഒരു ചെറുതോട്ടവും അവർ പാട്ടത്തിനു വാങ്ങി. ഒരു പശുവിനെയും വിലയ്ക്കു വാങ്ങി. അന്നുമുതൽ സുന്ദരി തൻെറ വീട്ടുജോലികൾ കഴിഞ്ഞാൽ തോട്ടത്തിൽ പല പൂക്കളും പഴങ്ങളും കൃഷിചെയ്തുണ്ടാക്കുവാൻ തുടങ്ങി. പൂവും പഴങ്ങളും അധികമുള്ള പാലും അവൾ വിലയ്ക്കു വിററു. തൻെറ ചെടികളേയും പശുവിനേയും അവൾ സ്വന്ത കിടാങ്ങളെപ്പോലെ ശുശ്രൂഷിച്ചു. പട്ടുവേലകൾ ചെയ്യേണ്ടിവന്ന അവളുടെ ഹൃദയത്തിനു് ഈ പുഷ്പകൃഷിയും ഗോരക്ഷണവും ഏററവും ആഹ്ലാദപ്രദമായ ജോലികളായിത്തീൎന്നു. അവളുടെ പ്രേമപരിലാളനങ്ങൾ ആ ചെടികൾക്കൂടി അറിയുന്നുണ്ടെന്നു് ആ പുഷ്പങ്ങളുടെ വാസനയും പഴങ്ങളുടെ സ്വാദും വെളിപ്പെടുത്തി. അവളുടെ തോട്ടത്തിലെ സാധനങ്ങൾക്കു് ആ ദിക്കിൽ ഒരു പ്രസിദ്ധിതന്നെ ഉണ്ടായിവന്നു.

ഇങ്ങിനെ ഒരഞ്ചുവൎഷക്കാലംകൊണ്ടു് അവർ ആ ഋണഭാരം വലിച്ചെറിഞ്ഞു. പിന്നെ രണ്ടുവർഷംകൊണ്ടു അവർ പാൎത്തിരുന്ന വീടുംപറമ്പും വിലയ്ക്കുവാങ്ങുവാനവൎക്കു സാധിച്ചു. ഇതിന്നിടയ്ക്കു ബാലചന്ദ്രൻ വിദ്യാഭ്യാസവകുപ്പിൽ ഒരു ഒന്നാംഗ്രേഡു് ഇൻസ്പെക്ടരായിത്തീൎന്നു. അതുകൊണ്ടു് അനേകം പാവപ്പെട്ട പള്ളിക്കൂടം ഉപാധ്യായന്മാരും ശിപായിമാരും ബാലചന്ദ്രൻെറ പാകം നോക്കുവാൻ ഉണ്ടായിരുന്നു കീഴ്‌ജ്യോഗസ്ഥന്മാരുടെ ഭാൎയ്യമാരും ഉപാധ്യായിനിമാരും സുന്ദരിയുടെ സേവയ്ക്കും ധാരാളം വന്നുതുടങ്ങി.

എന്നാൽ ആ ദമ്പതികൾ അവരുടെ ജീവിതനിഷ്ഠയിൽ ഒരു മാററവും വരുത്തിയില്ല. തോട്ടത്തിലെ ചില ജോലികൾക്കല്ലാതെ ഗൃഹജോലികൾക്കൊന്നിനും അവർ ശമ്പളക്കാരെ ആക്കിയില്ല. അദ്ധ്വാനജീവിതത്തിൻെറ അമൃതം ആസ്വദിച്ചവർ ഉണ്ടോ ആഡംബരത്തിൻെറ മദ്യലഹരി അനുഭവിക്കുവാനാശിക്കുന്നു? എന്നാൽ ബുദ്ധിയുള്ള സുന്ദരി തൻെറ ഗൃഹജോലികളെ ലഘൂകരിക്കുവാൻ പല ഉപായങ്ങളും കണ്ടുപിടിച്ചു. പാചകവേല മുഴുവനും കുക്ക (Cooker) റിലായതുകൊണ്ടു് അതിനു വളരെ ചുരുക്കം സമയം മാത്രമേ വേണ്ടിവന്നുള്ളൂ. അടുപ്പിൽ വിറകിട്ടു കാററിനു നേരേ വെച്ചാൽ തന്നത്താൻ എരിഞ്ഞു കത്തുന്ന ഒരുതരം മണ്ണടുപ്പ് അവൾ ഉണ്ടാക്കി. പാകംചെയ്ത ഭക്ഷണം ചൂടാറാതെ ഒരു ദിവസം മുഴുവൻ സൂക്ഷിക്കുവാൻ ദിവസേന കാൽ അണമാത്രം ചിലവുള്ള ഒരു ഘൎമ്മപഞ്ജരം അവൾ നിൎമ്മിച്ചു. പഴങ്ങളിൽനിന്നു പലവിധം സർബത്തും അവൾ എടുത്തുവെച്ചു. ചായ കാപ്പി മുതലായ പാനീയങ്ങൾക്കു പകരം സർബത്തും, പാലും, പഴങ്ങളും അവർ ഭക്ഷിച്ചു. ഇങ്ങിനെയുള്ള ക്രമീകരണംകൊണ്ടു് അവൾക്കു വിനോദത്തിനും ധാരാളം സമയം കിട്ടി. എന്നാൽ സുന്ദരിയുടെ വിനോദം വേലക്കാരുടെ കുട്ടികളെ എഴുത്തും വായനയും പാട്ടും കളിയും പഠിപ്പിക്കലായിരുന്നു.

തൻെറ ഈ പുതിയ ജീവിതത്തിൻെറ ആദ്യഘട്ടത്തിൽ സുന്ദരിയുടെ ലളിതാംഗങ്ങൾക്കു കുറെ പരുപരുപ്പും മുഖഭാവത്തിനു കുറെ പാരുഷ്യവും പററിയെങ്കിലും പിന്നീടുണ്ടായ ശോഭനമായ മാററം അവളുടെ നിസൎഗ്ഗസൌന്ദൎയ്യത്തെ നിലനിൎത്തുകതന്നെ ചെയ്തു. അവൾ മുമ്പത്തേക്കാൾ നല്ലൊരു ദൃഢഗാത്രിയായിത്തീൎന്നു. മുഖത്തിൽ നല്ലൊരുശോഭയും, വാക്കിൽ മാധുൎയ്യവും, പ്രവൃത്തിയിൽ ലാളിത്യവും എപ്പോഴും അവളിൽ വിളയാടിക്കൊണ്ടിരുന്നു.

സന്തോഷകരമായിത്തീൎന്ന ഈ ജീവിതത്തിന്നിടയിലും ചിലപ്പോൾ ജോലിതീൎന്നു വിശ്രമിക്കുമ്പോൾ താൻ പാടിക്കളിച്ച ആ പാർട്ടിയും തൻെറ ജന്മവൈരിയായിത്തീൎന്ന വൈരമാലയും അവളുടെ ഓൎമ്മയിൽ വരാറുണ്ടായിരുന്നു. അതിനെ അവൾ മനസ്സുകൊണ്ടു ശപിക്കുകയും ഉടനെ അനുഗ്രഹിക്കുകയും രണ്ടും പതിവാണു്.

തൻെറ അന്നത്തെ മുഖകാന്തിയും വേഷപ്പകിട്ടും എത്ര ജനങ്ങളെ ആകർഷിച്ചു. അതു എന്തു കൃത്രിമമായിരുന്നു! ഇന്നു തൻെറ സ്ഥിതി എത്രമാത്രം മാറിപ്പോയി. ആ വൈരമാല പോയിരുന്നില്ലെങ്കിൽ താൻ ഇപ്പോൾ ഏതുനിലയിൽ ആയിരിക്കുമെന്നു് ആൎക്കറിയാം. അവിചാരിതങ്ങളായ എന്തു മാററങ്ങളാണു് ഒരുനിമിഷംകൊണ്ടു മനുഷ്യജീവിതത്തിൽ സംഭവിക്കുന്നതു്! നമ്മുടെ നാശത്തിലേക്കോ ശ്രേയസ്സിലേക്കോ ഇഷ്ടംപോലെ തിരിയുവാൻകാണിക്കുന്ന കൈകാട്ടിപ്പലകകൾപോലെ ഓരോ ചെറിയസംഭവങ്ങൾ നമ്മുടെ ജീവിതമാൎഗ്ഗത്തിൽ ദൈവം കൊണ്ടുവന്നുവെക്കുന്നു.

ഒരു ഞായറാഴ്ച സുന്ദരി കാററുകൊള്ളുവാനായി കുറെ അധികംദൂരംനടന്നു തിരികെവരുമ്പോൾ, ഒരു ചെറിയ കുട്ടിയുടെ കൈപിടിച്ചുകൊണ്ടു് ഒരു യുവതി വരുന്നതുകണ്ടു. അവൾ തങ്കമ്മയായിരുന്നു. അവരുടെ യൗവനത്തിനും സൗന്ദൎയ്യത്തിനും ഏതാനും ഉടവുതട്ടിയിരുന്നു എന്നു വേഷപ്പകിട്ടിനുള്ളിൽക്കൂടിയും സുന്ദരിക്കു കാണുവാൻകഴിഞ്ഞു. അവരെ കണ്ടപ്പോൾ സുന്ദരിക്കു കുറച്ചു പരിഭ്രമമുണ്ടായി. "തങ്കമ്മയോടു കടന്നു സംസാരിച്ചാലോ? എന്തിനാണു സംശയിക്കുന്നതു്? ഇനി കാൎയ്യംതുറന്നുപറയുവാനെന്താണു വിരോധം?" ഇങ്ങനെ വിചാരിച്ചുകൊണ്ടു അവൾ അവരുടെ അടുക്കലേക്കുചെന്നു വന്ദനംപറഞ്ഞു.

തങ്കമ്മ ആളെ മനസ്സിലാകാതെ ആദ്യം ഒന്നു പരുങ്ങി. പക്ഷെ, സുന്ദരി ഒന്നു ചിരിച്ചപ്പോൾ അവൎക്കു് ഉടനെ ആളെ മനസ്സിലായി. അടുത്തുവന്നു തോളിൽ കൈവെച്ചു പുറത്തുതട്ടി.

തങ്കമ്മ — നിങ്ങൾ ഞങ്ങളുടെ അയൽവക്കത്തുനിന്നു പെട്ടെന്നു വിട്ടുപോവുകയാണല്ലോ ഉണ്ടായതു്. അതിൽപിന്നെ ഇതുവരെ ഒരു വൎത്തമാനവും അറിഞ്ഞില്ലല്ലോ. എന്താണങ്ങനെ ചെയ്തതു് സുന്ദരി! ഒരു കത്തെങ്കിലും അയക്കാഞ്ഞതു വലിയ കഷ്ട

മായി കേട്ടോ. സ്നേഹം ഇത്ര വിലയില്ലാത്തതാണോ?

സു—എന്റെ പെട്ടെന്നുണ്ടായ പോക്കിനും പിന്നീടുണ്ടായ മൌനത്തിനും ചില കാരണങ്ങൾ ഉണ്ട്. അതു കേൾക്കുമ്പോൾ നിങ്ങൾ എന്നെ കുററപ്പെടുത്തുകയില്ല.

തങ്ക—എന്താണതു്?

സു—കഴിഞ്ഞപ്രാവശ്യം നിങ്ങളെ കണ്ടതുമുതൽ ഞാൻ ഒരു വലിയ ആപത്തിൽ പെട്ടിരിക്കയായിരുന്നു. കുറെ കഷ്ടതകളെല്ലാം അനുഭവിക്കേണ്ടതായിവന്നു. എല്ലാം ......നിങ്ങൾക്കുവേണ്ടിയാണു്".

തങ്ക—എന്തു് എനിക്കുവേണ്ടിയെന്നോ? എന്താണ് നിങ്ങൾ പറയുന്നതിന്റെ താല്പര്യം?

സു—ആ വൈരമാല എനിക്കു പാർട്ടിക്കിടുവാൻ തന്നതോർമ്മയുണ്ടോ?

ത—ഉവ്വ്. അതുകൊണ്ടെന്താണു്?

സു—"എന്നാൽ വാസ്തവം പറയട്ടെ. അതെന്റെ കയ്യിൽനിന്നു പോയി".

ത—"പോവുകയോ? എന്തു്? നിങ്ങൾ അതെനിക്കു തിരികെ തന്നതു മറന്നുവോ?"

സു—"ഓ, ഞാനതിനുപകരം വേറൊന്നാണു തന്നതു്. അതിന്റെ കടം അഞ്ചു കൊല്ലംകൊണ്ടാണു ഞങ്ങൾ കൊടുത്തുതീർത്തതു്. പണമില്ലാത്ത ഞങ്ങൾ ആ കടം വീട്ടുവാൻ എത്ര പ്രയാസപ്പെട്ടു! ഇപ്പോൾ അതെല്ലാംവിട്ടു മനസ്സിനു സമാധാനമായെന്നു പറയാം".

തങ്കമ്മ ഇതുകേട്ടു കുറേനേരം ആലോചിച്ചുകൊണ്ടുതന്നെ നിന്നു.

തങ്ക—"എന്റെ ആ മാലയ്ക്കുപകരം ഒരു വൈരമാല നിങ്ങൾ വാങ്ങിത്തരികയാണു ചെയ്തതു് അല്ലേ"?

സു—"അതെ, പക്ഷെ രണ്ടുംതമ്മിലുള്ള വ്യത്യാസം നിങ്ങൾ അറിഞ്ഞിരിക്കുകയില്ല. നിങ്ങളുടേതുപോലെതന്നെയുള്ള ഒന്നാണു ഞങ്ങൾ വാങ്ങിയതു്" എന്നുപറഞ്ഞു സുന്ദരി ഒരഭിമാനച്ചിരി ചിരിച്ചു!

തങ്കമ്മ ഇതു കേട്ടിട്ടു സുന്ദരിയുടെ കൈ രണ്ടും പിടിച്ചു്, വാക്കുകൾ വരാത്തവിധത്തിൽ തൊണ്ട ഇടറിക്കൊണ്ടു ഇങ്ങിനെ പറഞ്ഞു കഷ്ടം, എന്റെ സുന്ദരി, എന്റെ ആ മാല വെറും കൃത്രിമക്കല്ലുകൾ കൊണ്ടു ഉണ്ടാക്കിയതാണു്. അതിനു കവിഞ്ഞപക്ഷം ൧൫൦-കയിൽ അധികം വിലയില്ല.

സുന്ദരി ഒന്നു ഞെട്ടി

കഷ്ടം, കഷ്ടം. ഈ കഥ ഞാൻ അന്നുതന്നെ അറിഞ്ഞിരുന്നെങ്കിൽ ഞങ്ങൾ ഇത്രവളരെ ജീവിതക്ലേശം അനുഭവക്കേണ്ടതില്ലായിരുന്നു.

തങ്ക—സുന്ദരി എന്നോടെന്തേ അന്നു വാസ്തവം പറയാഞ്ഞതു്. പാവം എത്ര വ്യസനിച്ചു; വെറുതെ കഷ്ടപ്പെട്ടു. ആട്ടെ; എന്തു വിലകൊടുത്താണു അതന്നു വാങ്ങിയതെന്നോർമ്മയുണ്ടോ?"

സു—ഓർമ്മയുണ്ടെന്നോ? ൭൦൦൦-ക യുടെ ആ 'ബിൽ' ഒരുനല്ല കണ്ണാടിക്കൂട്ടിലിട്ടു എപ്പോഴും ഞങ്ങൾകാണത്തക്കവണ്ണം അന്നുതന്നെപ്രതിഷ്ഠിച്ചിട്ടുണ്ടു്. ഞങ്ങളെ ജീവപര്യന്തം നാടുകടത്തുവാൻ വിധിച്ച വിധിപോലെ ഞങ്ങൾ അതിനെ ദിവസേന നോക്കി ഭയപ്പെട്ടു പണിയെടുത്തു. ഇപ്പോൾ ഞങ്ങൾക്കതു ഒരു ദിവ്യോപദേശലേഖയായിത്തീർന്നിട്ടുണ്ടു്. "നിർമ്മലമായ നിരന്തരപ്രയത്നംതന്നെ നിത്യസുഖനിദാനം" എന്നാണു ആ ൭൦൦൦-നു ഞങ്ങൾ ഇന്നു കാണുന്ന വ്യാഖ്യാനം.

തങ്കമ്മ സുന്ദരിയെ കെട്ടിപ്പുണർന്നു ചുംബിച്ചു "നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ. ഇനിയെങ്കിലും ഇടയ്ക്കിടയ്ക്കു കാണണേ അല്ലെങ്കിൽ കത്തെങ്കിലും അയയ്ക്കണേ." "ഇന്നു സുന്ദരിയെകണ്ടതു ഞാൻ വലിയ ഭാഗ്യമായിക്കരുതുന്നു" എന്നു പറഞ്ഞു രണ്ടുപേരും പിരിഞ്ഞുപോയി.

അന്നു രാത്രി സുന്ദരി ഈ കഥയെല്ലാം ബാലചന്ദ്രനോടു പറഞ്ഞു. അയാൾക്കു വളരെ അത്ഭുതവും വ്യസനവും തോന്നി. വൈരമാല പോയ വിവരം തങ്കമ്മയോടു പറയാത്ത ഭീരുത്വത്തിനു ഈ അധികശിക്ഷകൾ അനുഭവിക്കേണ്ടതാണു എന്നവർ സമാധാനിച്ചു. ആ ഭീരുത്വം ആപത്തിൽ പൊതിഞ്ഞ ഒരനുഗ്രഹമായിക്കലാശിച്ചതിൽ അവർ സന്തോഷിക്കയും ചെയ്തു.

പിറേറന്നു കാലത്തു തങ്കമ്മ തന്റെ വേലക്കാരന്റെപക്കൽ സുന്ദരിക്കു ഒരു കത്തു കൊടുത്തയച്ചു. അതിൽ ഇപ്രകാരം എഴുതിയിരുന്നു

"എന്റെ പ്രിയസുന്ദരി,

നമ്മുടെ ഇന്നലത്തെ സമാഗമം നിങ്ങളിൽ എനിക്കുള്ള സ്നേഹത്തെ ഒന്നുകൂടി വർദ്ധിപ്പിച്ചിരിക്കുന്നു. നിങ്ങളുടെ ൫ കൊല്ലത്തെ ആത്മകഥാകഥനത്തിൽ ഞാൻ പല പാഠങ്ങളും കാണുന്നുണ്ടു്. നിങ്ങളുടെ ധീരതയെയും ദൃഢനിഷ്ഠയെയും മര്യാദയെയും ഞാൻ സർവ്വാത്മനാ ബഹുമാനിക്കുന്നു. ഞാൻ ഈ ൫ കൊല്ലവും നിങ്ങളുടെ കടക്കാരിയായിട്ടാണു ജീവിച്ചതെന്നു ഇപ്പോഴെങ്കിലും എനിക്കു മനസ്സിലായതു എന്റെ ഭാഗ്യംതന്നെ. നിങ്ങളുടെ കഷ്ടപ്പാടിന്റെ അധികഭാഗവും ഞാൻകാരണമാണു നിങ്ങൾ സഹിക്കേണ്ടിവന്നതു്. അതു ഞാൻ അറിഞ്ഞില്ല എന്ന ഒരു സമാധാനമേ എനിക്കുള്ളു. എന്റെ മാലയുടെ വിലകഴിച്ചു ബാക്കിയുള്ള ൬൮൫൦ ക-യ്ക്കു ഒരു ചെക്കു ഇതിൽ അടക്കംചെയ്യുന്നു പലിശ തരാത്തതിനു മാപ്പുചോദിക്കുന്നു.

എന്നു സ്വന്തം തങ്കം."

ബാലചന്ദ്രനും സുന്ദരിയും രാവിലെ ഉടുപ്പുകൾ (ഇസ്ത്രിഇട്ടുക) തുടച്ചുകൊണ്ടിരിക്കുമ്പോഴാണു ഈ കത്തു കിട്ടിയതു്. അതു വായിച്ചു രണ്ടുപേരും വളരെ സന്തോഷിച്ചു. തങ്കമ്മയുടെ സത്യബോധത്തെപ്പററിയും ഈശ്വരന്റെ കളികളെപ്പററിയും അവർ പുകഴ്ത്തി "ഉള്ളവർക്കു വീണ്ടും കൊടുക്കപ്പെടും; ഇല്ലാത്തവരിൽനിന്നു ഉള്ളതും എടുക്കപ്പെടും" എന്ന ക്രൈസ്തവശാസനം പ്രയത്നശീലന്മാർക്കുള്ളതാണെന്നു അപ്പോൾ അവർ മനസ്സിലാക്കി.

അന്നു വൈകുന്നേരംതന്നെ സുന്ദരി തന്റെ തോട്ടത്തിൽനിന്നു ധാരാളം പൂക്കളും പഴങ്ങളുംകൊണ്ടു തങ്കമ്മയെ കാണുവാൻ പോയി. ആ കൃതജ്ഞതാപ്രകാശനം രണ്ടുപേരെയും സന്തോഷിപ്പിച്ചു. സുന്ദരിയുടെ ജീവിതക്രമങ്ങളെ തങ്കമ്മ ഒരു പ്രിയശിഷ്യയെപ്പോലെ ശ്രദ്ധവച്ചു കേട്ടു. അന്നുമുതൽ അവർ തമ്മിലുള്ള പ്രേമം വളരെ വർദ്ധിക്കയും തങ്കമ്മയുടെ ജീവിതത്തിൽ അതു സ്പൃഹണീയമായ മാററങ്ങൾ വരുത്തുകയും ചെയ്തു.

ഒരു നിധികിട്ടിയതുപോലെ പെട്ടെന്നു സിദ്ധിച്ചതായ ൬൮൫൦ ക. അവരുടെ ഭാവിസമ്പത്തിനു ഒരു യാദൃച്ഛികമായ മൂലധനമായിത്തീർന്നു. അന്നുമുതൽ ക്രമേണ അവർ സൽഗുണസമ്പന്നരെന്നപോലെ ധനസമ്പന്നരുമായിത്തീർന്നു.

കുറച്ചുകാലത്തിനുള്ളിൽ അന്നത്തെ വിദ്യാഭ്യാസമന്ത്രി പെൻഷൻപററി പിരിഞ്ഞു. ആ ഒഴിവിലേക്കു വിദ്യാഭ്യാസപരിഷ്കാരങ്ങളെപ്പററി ഇൻസ്പെക്ടർമാരുടെ കൂട്ടത്തിൽ ശാസ്ത്രസമ്മതവും പ്രായോഗികവുമായ ഒരു റിപ്പോർട്ടു സമർപ്പിച്ചിരുന്ന ബാലചന്ദ്രനെത്തന്നെ നിയമിക്കേണമെന്നു് പെൻഷൻ വാങ്ങുന്ന മന്ത്രി അഭിപ്രായപ്പെട്ടു. താൻ സമർപ്പിച്ച റിപ്പോർട്ടനുസരിച്ചുള്ള പരിഷ്കാരങ്ങൾ വരുത്തുവാനുള്ള അധികാരത്തോടുകൂടി ഗവൺമെൻറ് ബാലചന്ദ്രനെ നിയമിക്കയുംചെയ്തു. ഈ കാലത്തുതന്നെ അവർക്കൊരു പുത്രലാഭവുമുണ്ടായി. തങ്ങളുടെ ജീവിതവിശേഷത്തെ ഓർമ്മിപ്പിക്കുവാനെന്നു തോന്നുമാറു് അവർ കുട്ടിക്കു ധർമ്മധീരൻ എന്നു പേരിട്ടു.

ബാലചന്ദ്രനു മന്ത്രിസ്ഥാനം കിട്ടിയതിനു് അദ്ദേഹത്തെ അഭിനന്ദിക്കുവാൻ ആ ദിക്കിലെ പൌരപ്രമാണികൾ ഒരു വിരുന്നു കഴിച്ചു. ആയിടക്കുതന്നെ സുന്ദരിക്കു പുത്രനുണ്ടായതിലും, ആ വർഷത്തെ സ്വദേശിപ്രദർശനത്തിനു സുന്ദരിയുടെ പൂച്ചെണ്ടിനും സർബത്തിനും സ്വർണ്ണമെഡലുകൾ കിട്ടിയതിലും അവളെ അഭിനന്ദിക്കുവാൻ ആ ദിക്കിലെ സ്ത്രീകൾ സുന്ദരിക്കും ഒരു ചായസല്ക്കാരം നടത്തി. ഇതിലെല്ലാം തങ്ങൾക്കുള്ള കൃതജ്ഞതയെ പ്രദർശിപ്പിക്കുവാൻവേണ്ടി ബാലചന്ദ്രനും സുന്ദരിയും അവരുടെ പുത്രന്റെ ചോറൂണിനു് ആ ദിക്കിലെ പ്രധാന പൌരജനങ്ങൾക്കു് ഒരു വിരുന്നുകഴിച്ചു. അതിനെപ്പററി പിറേറദിവസത്തെ പത്രങ്ങളിൽ വലിയ തലവാചകങ്ങളോടുകൂടി "മിസ്സിസ് ബാലചന്ദ്രന്റെ കേമമായ "Fruit party" ഫലസല്ക്കാരം; എല്ലാം വിശേഷമട്ടുകൾ" എന്നെല്ലാം പ്രഖ്യാപനം ചെയ്തിരുന്നു. അതു വാസ്തവത്തിൽ ഒരു പഴസല്ക്കാരംതന്നെയായിരുന്നു. ചായ, കാപ്പി മുതലായ പാനീയങ്ങൾക്കൊന്നും അതിൽ പ്രവേശമുണ്ടായിരുന്നില്ല. സുന്ദരിയുടെ തോട്ടത്തിൽ ഉണ്ടായ പഴങ്ങൾ, അവർ പഴങ്ങൾകൊണ്ടുണ്ടാക്കിയ അച്ചാറുകൾ, സർബ്ബത്തുകൾ, ഹൽവകൾ ഇതെല്ലാമായിരുന്നു ഭക്ഷ്യങ്ങൾ. മേശയും, കസേരയും ഇല്ല. മനോഹരമായ ആ പൂന്തോട്ടത്തിലെ നിർമ്മലമായ പുൽപ്പായതന്നെ അവിടെ പുൽപ്പായ. ആ പൂങ്കാവിലെ സുരഭിലപവനൻ വീശിയ പനിനീർതന്നെ അന്നത്തെ പനിനീർവിശൽ; ധർമ്മധീരന്റെ കളിക്കൊഞ്ചൽതന്നെ സംഗീതം. പോരെങ്കിൽ സുന്ദരിയുടെ ശിഷ്യകളായ വേലക്കാരിപ്പെൺകിടാങ്ങളുടെ പാട്ടും കളിയും. സുന്ദരിയുടെ മന്ദഹാസപ്പൂവിനു പുറമെ അവ

# ശാകുന്തളത്തിലെ പാത്രസൃഷ്ടി.

വിദ്വാൻ, കെ. വി. ശംഭുപ്പണിക്കർ.

കാളിദാസൻെറ അഭിജ്ഞാനശാകുന്തളം അദ്ദേഹത്തിൻെറ രഘുവംശംപോലെ തന്നെ ഇന്ത്യയുടെ സകലഭാഗങ്ങളിലും ഉള്ള ആളുകൾ സാഹ്ളാദം പാരായണംചെയ്തു പോരുന്നു. ഒരു പ്രേമകാവ്യമായ അതു 'നാടകം'എന്ന വർഗ്ഗത്തിലുൾപ്പെടുന്നു. അതിലെ കഥയുടെ സ്ഥൂലശരീരം പൗരാണികമാണ്. കാളിദാസകവിതയുടെ അന്യാദൃശമാഹാത്മ്യം അനുഭവിക്കുന്നതിനു ഈ ഒരൊററ കൃതി പാരായണംചെയ്താൽ മതി. അദ്ദേഹത്തിൻെറ ഭാഷാരീതിയുടെ വിവിധങ്ങളായ ആസ്വാദ്യതകൾ എല്ലാം ഇതിൽ സമൃദ്ധമാണ്. ആവശ്യാനുസരണം പ്രൗഢഗംഭീരമായി മാറുന്ന ആ ലളിതഭാഷ, സന്ദർഭാനുസരണവും ഹൃദയാവർജ്ജകവുമായ ഉപമകൾ, അകൃത്രിമസുന്ദരമായ കവിത, സാമാന്യമെങ്കിലും സഭ്യമായ സംഭാഷണരീതി ഇവയെല്ലാം ഈ കൃതിയുടെ ഔൽകൃഷ്ട്യത്തെ ഉൽഘോഷിക്കുന്നു. വളച്ചുകെട്ടോ ദുർഗ്രഹപദങ്ങളോ, ഒന്നുംതന്നെ അതിൻെറ വിമലതയെ കളങ്കപ്പെടുത്തുന്നില്ല. വൃത്തങ്ങൾഎല്ലാം പ്രായേണ ഹ്രസ്വങ്ങൾഅത്രേ. കർണ്ണാനന്ദകരങ്ങളായ അവയിൽ പ്രാമാണ്യംവഹിക്കുന്നതു ആര്യാവൃത്തങ്ങളുമാണ്. ശാസ്ത്രീയമായി ഈ നാടകത്തെ നിരിക്ഷിക്കുന്നപക്ഷവും അതിൻെറ മേന്മ തെല്ലും കുറയുന്നില്ല

കഥ മുന്നോട്ടുപോകുന്തോറും വായനക്കാരുടെ ജിജ്ഞാസയും വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നു കഥാഘടന,ഔൽസുക്യജനകമായ സംഭവങ്ങൾ, കഥാപാത്രങ്ങൾ, ഇവയെല്ലാംതന്നെ അത്യുൽകൃഷ്ടമായ ഭാവനാശക്തിയുടെ സന്താനങ്ങളുണ് പലേ സ്ഥലങ്ങളിലേയും ആശയങ്ങളുടെ ഔന്നത്യവും, മാധുര്യവും അതുല്യംതന്നെ. ഉദാഹരണമായി ഒരു ഭാഗം ഉദ്ധരിക്കയെന്നു വെച്ചാൽ അതു് തുല്യമധുരങ്ങളായ ഇതരഭാഗങ്ങളോടു ചെയ്യുന്ന ഒരപരാധമായിരിക്കും. "അതുകൊണ്ടു് വായനക്കാരൻെറ നിരൂപണദൃഷ്ടിക്കു് വിഷയമാകട്ടെ അതു" എന്നിങ്ങനെ വിൽസൺ ഒരവസരത്തിൽ പറഞ്ഞതു് ഇതിനെസംബന്ധിച്ചിടത്തോളം പ്രത്യക്ഷരം പരമാത്ഥമാണ്. സർ വില്യംജോൺസ് ഈ കൃതിയെ ആദ്യമായി തർജ്ജിമചെയ്തപ്പോൾ ഇതിൻെറ ഗുണപൗഷ്കല്യം മനസ്സിലാക്കിയ വിദ്വജ്ജനങ്ങളുടെ പരിശ്രമഫലമായി പരിഷ്കൃതരാജ്യങ്ങളിലെല്ലാം ഇതിനുണ്ടായിട്ടുള്ള പ്രചാരവും ഇതിൻെറ ഔൽകൃഷ്ട്യത്തെ ഉച്ചൈസ്തരം വിളിച്ചുപറയുന്നു. ഇതിനു കാളിദാസൻെറ മററുരണ്ടു നാടകങ്ങളോടും വളരെ സാദൃശ്യങ്ങൾ ഉണ്ടെങ്കിലും അവയോടു പലപ്രകാരത്തിലും ഭിന്നതയും ഉണ്ടു്.

യഥാത്ഥമനുഷ്യരുടെ പരമാത്ഥചിത്രം രചിക്കുന്നതിൽ ഈ കൃതി മററു രണ്ടുകൃതികളെക്കാളും മെച്ചംആണ്. സാധാരണജനങ്ങളുടെ ജീവിതവും, അവരുടെ ആശകളും, ആശയങ്ങളും, സംഭാഷണവും, മററും ചിത്രീകരിക്കുന്നതിനു്, വിദേശിയരുടെ ആക്രമണംകാരണം അക്കാലത്തെ നാടകങ്ങൾക്കു സാധിച്ചില്ല അതിനാൽ അക്കാലത്തെ യഥാത്ഥജീവിതചിത്രീകരണത്തിൽ കാളിദാസൻ മേലേക്കിടയിൽ നിൽക്കുന്നു. ശൃംഗാരനാടകങ്ങളിലെ സാധാരണസമ്പ്രദായം, നായികാനായകന്മാരുടെ പ്രേമസന്ദർശനങ്ങൾക്കും അനുരാഗവായ്പിൻെറ വർദ്ധനവിന്നും വിഘാതമായിനില്ക്കുന്ന സപത്നികളുടെ ആവിർഭാവം, ഇതിൽകാണുന്നില്ല മററു രണ്ടു നാടകങ്ങളിലും ഒരു പ്രധാനഭാഗം വഹിക്കുന്ന വിദൂഷകനു് ഇവിടെയുള്ള അപ്രാധാന്യവും സ്മരണീയമാണ്. പ്രേമസംപൂർണ്ണനത്തിനായി പരിചാരികമാരുടെ സാഹായ്യവും ഇവിടെ അപേക്ഷിക്കപ്പെടുന്നില്ല

കാളിദാസൻെറ ഉപമാവൈദഗ്ദ്ധ്യവും, സുമനോഹരഭാഷാരീതിയും ഇതിൽ പ്രസ്പഷ്ടമായി പ്രത്യക്ഷപ്പെടുന്നുണ്ടു്. അവയുടെ ആധിക്യംനിമിത്തം ഉദാഹരണങ്ങൾ ഉദ്ധരിക്കുന്നതു് അപമര്യാദയായിരിക്കും. II-ാംഅങ്കത്തിൽ 8, III 12, VII 31-32 ഈ ശ്ലോകങ്ങളുടെ കാര്യം സ്മൃതിപഥത്തിൽ എത്താതിരിക്കുന്നില്ല. കാളിദാസൻെറ സാഹിത്യസരണിയെ അനുഗ്രഹിതമാക്കുന്ന സംഗീതമാധുരി ഓരോ ശ്ലോകത്തെമാത്രമല്ല, ഗദ്യഭാഗത്തിലെ ഓരോപദത്തേയും സവിശേഷം അനുഗ്രഹിച്ചിട്ടുണ്ടു്. കവിയുടെ പ്രകൃതിനിരീക്ഷണം സ്വാഭാവികവും മനോഹരവുമായിരിക്കുന്നു. ഒന്നാംഅങ്കത്തിൽ പ്രകൃതിയുടെ രമണീയചിത്രങ്ങൾ സുലഭങ്ങളാണ്. 4, 7, 8, 9, 14, 18, 19, തുടങ്ങിയ ശ്ലോകങ്ങൾ നോക്കുക. നമ്മുടെ കവിയുടെ അന്യാദൃശമാഹാത്മ്യം പ്രധാനമായി അദ്ദേഹത്തിൻെറ വികാരവിചാരങ്ങളുടെ ഔന്നത്യത്തിലും, ഔൽകൃഷ്ട്യത്തിലുംതന്നെ നിലകൊള്ളുന്നു. അവയിൽ സഭ്യേതരമോ, വെറും സാധാരണമോ ആയി ഒന്നും കാണുകയില്ല. പരിശുദ്ധമായ പ്രേമം, പരിപൂതമായ അനുരാഗം ഇവയാണദ്ദേഹം വർണ്ണിക്കുന്നതു്. ശങ്കാലേശമെന്യേ, സങ്കോചകണികയെന്യേ അതാക്കുംപാരായണംചെയ്യാം. ഹോമർ,ഡാൻെറി, മിൽട്ടൺ, ആദിയായ മഹാകവികളുടെ ആശയംഒന്നു പ്രത്യേകംതന്നെ. ഷേക്സ്പിയരുടെ നാടകങ്ങളിൽ സാധാരണയായി ഉന്നതാദർശങ്ങൾ മാത്രമേ കാണുകയുള്ളു എങ്കിലും, ചിലപ്പോൾ അവ വായിക്കാൻ വയ്യാത്തവണ്ണം സഭ്യേതരമാകാറുണ്ടു്. യുവാക്കന്മാൎക്കായി ആ ഭാഗങ്ങൾ ഗ്രന്ഥങ്ങളിൽനിന്നു എടുത്തുകളഞ്ഞു് അവയെ അച്ചടിക്കയാണു പതിവു്. എന്നാൽ ഈ ആവശ്യം കാളിദാസമഹാകവിയെ സംബന്ധിച്ചിടത്തോളം ഇല്ലതന്നെ. അദ്ദേഹത്തിൻെറ അന്യൂനമായ മഹത്വം ഇതിലും പ്രത്യക്ഷമാകുന്നു.

ഇനി നായകനിൎമ്മാണം പരിശോധിക്കുകതന്നെ. ഇതിലെ കഥാനായകൻ ദുഷ്ഷന്തനാണ്. പുരാണപ്രസിദ്ധമായ ബലവീര്യങ്ങളും, യോഗ്യതായോഗ്യതകളും നമുക്കറിയേണ്ട. ഈ നാടകത്തിൽ കവി പ്രദർശിപ്പിക്കുന്നതെങ്ങനെയെന്നു നോക്കാം. ദുഷ്ഷന്തൻഒരുധീരോദാത്തനായകനാണ്. ധീരോദാത്തനായകനു വേണ്ട ഗുണങ്ങൾ മിക്കവാറും പൂർണ്ണമായുണ്ടു്. ഏതാണ്ടു് മുപ്പതിനും, മുപ്പത്തഞ്ചിനുംമദ്ധ്യേ പ്രായമുള്ള ഒരു യുവാവു്. മൃഗയാസക്തി, പ്രേമകഥയിലെ നായകത്വം എന്നിതുകളിൽനിന്നും, സേനാപതിയുടെ വാക്കുകളിൽനിന്നും ഇതു മനസ്സിലാക്കാം മൂന്നും, ആറും, അങ്കങ്ങളിൽ ദയനീയമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്ന അദ്ദേഹത്തിൻെറ വിരഹവും, ഇതിനു് സാക്ഷ്യംവഹിക്കുന്നു. അദ്ദേഹത്തിൻെറ പ്രഥമദർശനവേളയിൽതന്നെ അദ്ദേഹത്തിൻെറ സൗന്ദര്യവൈഭവാദികളിൽ ആശ്ചര്യപരതന്ത്രയായ പ്രിയംവദ ഇപ്രകാരം പറയുന്നു. "ചതുരഗഭീരാകൃതിശ്ചതുരം പ്രിയമാലപൻ പ്രഭാവവാനിവലക്ഷ്യതെ" അദ്ദേഹത്തിൻെറ സുമുഖത്വം, ഗംഭീരാകൃതി സംഭാഷണചാതുര്യം, ഇവയെല്ലാം ഇതിൽനിന്നും സ്പഷ്ടമാകുന്നു. അദ്ദേഹത്തിൻെറ മഹാമനസ്കത മറെറാരു വലിയ വിശേഷമാകുന്നു. അദ്ദേഹത്തിൻെറ അനുരാഗം നോക്കുക.

ഒരു രാജാവെന്ന നിലയിൽ എത്ര ഭാര്യമാരെ വേണമെങ്കിലും വെച്ചുകൊണ്ടിരിക്കാൻ അദ്ദേഹത്തിനവകാശമുണ്ടായിരുന്നു. ഏകഭാര്യാവ്രതത്തിൽ സുസ്ഥിരനിഷ്ഠയോടുകൂടിയവനല്ലാതിരുന്നു എങ്കിലും ലലനാമ

---

ളുടെ തോട്ടത്തിലെ പലവിധ പൂക്കളും ധാരാളം വിതരണം ചെയ്യപ്പെട്ടു.

താൻ ഏതൊരു മാന്യയുടെ സമ്പാക്കും കൊതിച്ചു വൈരമാല കടംവാങ്ങി പാർട്ടിക്കുപോയോ ആ മാന്യയുടെ സ്ഥാനമാണു തനിക്കിന്നുള്ളതു് എന്നു സുന്ദരി ഓക്കാതിരുന്നില്ല. ആ ഓമ്മ വരുമ്പോളെല്ലാം അവൾ പ്രാത്ഥനാപൂർവ്വം ഈശ്വരനെ സ്മരിക്കയുംചെയ്തു. ഈ പാർട്ടക്കു തങ്കമ്മയും വന്നിരുന്നു. അവർ ആ വൈരമാല കൊണ്ടുവരികയും, സുന്ദരിയുടെ ജീവിതത്തിൽ ഒരു ദശാപരിണാമം വരുത്തിയ ആ ആഭരണം എല്ലാവൎക്കും കാണിച്ചു് അതിൻെറ കഥ പറഞ്ഞു മനസ്സിലാക്കുകയുംചെയ്തു. ഇതു കേട്ടു് "കഷ്ടം വൈരമാല; വൈരമാല" എന്നു് എല്ലാവരും പറഞ്ഞു. അങ്ങിനെ ആ വൈരമാലയുടെ കഥ ഒരു "മുത്തുമാല" (സന്തോഷമാല)യായിക്കലാശിച്ചു.

ണികളുടെഇടയിൽ അവരുടെ സൗന്ദര്യമകരന്ദംമാത്രം അനുഭവിച്ചുകൊണ്ടു ജീവിച്ചിരുന്ന ഒരാളല്ലായിരുന്നു ദുഷ്ഷന്തൻ. അനിയന്ത്രിതമായ വികാരത്തിന് ആ ദൃഢചിത്തൻ ഒരിക്കലും വിധേയനായിരുന്നില്ല. ഹൃദയമുള്ള ഒരു യുവാവെന്നനിലയിൽ അനവദ്യമായ ആകാരസുഷമകൊണ്ടു അനുഗൃഹീതമായ ഒരു തരുണീമണിയിൽ അനുരക്തനായതിൽ എന്താണതിശയിക്കാനുള്ളതു്! എന്നാൽ ഒരു സന്മാർഗ്ഗനിഷ്ഠൻഎന്ന നിലയിൽ അവൾ വിവാഹിതയോ, അന്യന വാഗ്ദാനംചെയ്യപ്പെട്ടവളോ, എന്നെല്ലാം അദ്ദേഹം അന്വേഷിക്കുന്നു. തന്റെ ഹൃദയനൈർമ്മല്യംകൊണ്ടു, തന്റെ പ്രണയം അസ്ഥാനത്തിൽ ആകയില്ലെന്നു പൂർണ്ണവിശ്വാസം ഉണ്ടെങ്കിലും അവളുടെ സ്ഥിതിഗതികൾ സൂക്ഷ്മമായിട്ടറിയുന്നതുവരെ തന്റെ പ്രേമപ്രവാഹത്തെ ആ മഹാൻ പ്രതിരോധിക്കുന്നു. ശകുന്തളയുടെ അച്ഛനമ്മമാർ ആരെന്നും, അവൾ അവിവാഹിതതന്നെയെന്നും മനസ്സിലാക്കിയശേഷമേ, തന്റെ അനുരാഗവായ്പു് ഹൃദയത്തെ വശീകരിക്കാൻ അദ്ദേഹംഅനുവദിക്കുന്നുള്ളു. അടുത്തതായി അദ്ദേഹം ചെയ്യുന്ന സംഭാഷണവും ആ മഹാമനസ്കന്റെ ഹൃദയവിശാലതയ്ക്കുദാഹരണമത്രേ. സർവ്വസംഗപരിത്യാഗികളായ ഋഷിശ്രേഷ്ഠന്മാരോടുള്ള ഭക്തിയും, അവരുടെ സുഖസൗകര്യാദികളിലുള്ള അഭിവാഞ്ഛയും അദ്ദേഹത്തിന്റെ മറെറാരുൽകൃഷ്ടസ്വഭാവമാകുന്നു. ഋഷികളുടെ ജീവിതത്തിൽ ഭക്തി സംവർദ്ധകവും ആകർഷകവും ആയി എന്തോ ഉണ്ടെന്നു തീർച്ചയത്രേ. അവരുടെ ആത്മത്യാഗപൂർണ്ണവും പരിപൂതവും, ആയ ജീവിതം സകലരുടെയും ബഹുമാനത്തെ നിസ്സംശയം അർഹിക്കുന്നു. ശാന്തിസംപൂർണ്ണമായ അവരുടെ പർണ്ണശാലകളുടെ സമീപത്തു എത്തുമ്പോൾ നാം സ്വർഗ്ഗീയമായ ഒരനുഭൂതിവിശേഷംകൊണ്ടു് നിഷ്കന്മഷരും ശാന്തരുമായിത്തീരുന്നു. സകലജനാധിപനായ ചക്രവർത്തിപോലും ആ ഋഷിപുംഗവന്മാരുടെ സമീപത്തു് അഞ്ജലിബന്ധത്തോടെ നിലകൊള്ളുന്നു. രാജാവു് തന്റെ ബാണത്തെ ഉപസംഹരിക്കുന്ന ഭാഗത്തു് ഈ ബഹുമാനം ആദ്യമായി പ്രത്യക്ഷപ്പെടുന്നു. താഴെക്കാണുന്ന സംഭവങ്ങളിൽ നിന്നു് അദ്ദേഹത്തിന്റെ ഹൃദയവിശാലതയും സൽഗുണപ്രതിപത്തിയും സ്പഷ്ടമായിക്കാണാം

'ഭവതു അനിർവർണ്ണനീയം പരകളത്രം'

... ... ... &c. &c.

തന്റെ നൃപോചിതകൃത്യങ്ങളിലുള്ള നിഷ്ഠയും സ്ഥിരതയും, അദ്ദേഹത്തിന്റെ ഹൃദയവിശാലതയ്ക്കു മാററുകൂട്ടുന്നു 'വേത്രവതീ മദ്വചനാത് അമാത്യം ആര്യപിശുനം ബ്രൂഹി' മുതലായ ഭാഗങ്ങൾ ഇതിനുദാഹരണമത്രേ. 'യേനയേനവിയുജ്യന്തെ'എന്ന വിളംബരം പ്രജാക്ഷേമത്തിലുള്ള ദുഷ്ഷന്തന്റെ ആഗ്രഹത്തെ ഉൽഘോഷിക്കുന്നു. ധനമിത്രന്റെ സ്വത്തുക്കളുടെ പിൻതുടച്ചാവകാശം നിശ്ചയിച്ചു ചെയ്ത തീരുമാനമാകട്ടെ, തന്റെ ഖജനാവു് നിറയ്ക്കുകയല്ല സാധുക്കളുടെ സംരക്ഷണമാണു തന്റെ കൃത്യമെന്നു അദ്ദേഹം പ്രവൃത്തിമൂലം കാണിച്ചിരുന്നു എന്നു തെളിയുന്നു ദുഷ്ഷന്തന്റെ രണനിപുണത അനുപമംതന്നെ. ദേവാധിനായകനായ ഇന്ദ്രൻപോലും അദ്ദേഹത്തിന്റെ സഹായം അപേക്ഷിക്കുന്നു. ശകുന്തളയിലുള്ള പ്രേമം, വെറും കായികമായ ഒരു വികാരമാണെന്നു ഒരു പക്ഷെ തോന്നുമെങ്കിലും നായികയുടെ ബഹിഷ്കരണാനന്തരം ആ നായകൻ അനുഭവിച്ച വ്യഥ അദ്ദേഹത്തിന്റെ പ്രേമം ഏതുരീതിയിൽ ഉള്ളതെന്നു പ്രസ്പഷ്ടമാക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ സംഭാഷണത്തിൽനിന്നു അത്യന്തം സംസ്കാരം സിദ്ധിച്ച ഒരു മാന്യനാണു ദുഷ്ഷന്തൻഎന്നു നിഷ്പ്രയാസം മനസ്സിലാക്കാം.

പ്രകൃതിയുടെ മാധുര്യം അനുഭവിക്കുന്നതിനു പര്യാപ്തമായ നേത്രദ്വന്ദ്വത്താൽ അനുഗൃഹീതനാണദ്ദേഹം. ലളിതകലകളിൽ അദ്ദേഹത്തിനു ധാരാളം പാണ്ഡിത്യമുണ്ടു്. സംഗീതത്തിലും ചിത്രകലയിലും അദ്ദേഹം പാടവം പ്രദർശിപ്പിക്കുന്നു. എന്തിനധികം; ഒരു നായകനാകാൻ വേണ്ട സർവ്വഗുണങ്ങളും അദ്ദേഹത്തിൽ സംപൂർണ്ണമാണു്. ഒരു മാതൃകായോഗ്യനായ ചക്രവർത്തിയാണു ദുഷ്ഷന്തൻ ആകർഷകവും, ആദർശയോഗ്യവുമാണു ശാകുന്തളത്തിലെ നായകന്റെ ചിത്രം.

### ശകുന്തള.

ഇതിലെ നായികയായ ശകുന്തള സ്ത്രീവർഗ്ഗത്തിന്റെ അഭിമാനപാത്രമാണു്. വിശ്വാമിത്രന്റെയും, മേനകയുടെയും പുത്രിയായ ആ കുമാരി മാതാപിതാക്കളാൽ വനാന്തരത്തിൽ ഉപേക്ഷിക്കപ്പെട്ടു. കണ്വമഹർഷി കണ്ടു് ആ കുട്ടിയെ സ്വാശ്രമത്തിൽ കൊണ്ടുപോകുന്നതുവരെ ശകുന്തങ്ങൾ അതിനെ പരരക്ഷിച്ചുവന്നു. സന്ന്യാസാശ്രമത്തിൽ സന്ന്യാസികളുടെഇടയിൽ വളർന്നുവന്ന ആ കുമാരിയുടെ ആദർശവും ജീവിതവും എപ്രകാരമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ഉന്നതാദർശങ്ങളാൽ നീതയായ ഒരു തരുണിയുടെ ജീവിതരീതിക്കുദാഹരണമാണവൾ. മാതൃസ്വമായ സ്വർഗ്ഗീയകാന്തി അവളുടെ അനവദ്യസമ്പാദ്യമായിരുന്നു. (I-23) പരശുദ്ധമാനസയും സാധുസ്വഭാവിനിയും, താരുണ്യലളിതയും ആയ ശകുന്തള 'ജൂലിയററ്', ഗ്രെച്ചൻ, എന്നിവരെക്കാൾ അഭിലഷണീയവും ആകർഷകവും ആയ ആകാരസൗഭാഗ്യത്താൽ അനുഗൃഹീതയായിരുന്നു. തന്റെ ഹൃദയാന്തർഭാഗത്തുനിന്നു അനർഗ്ഗളം പ്രവഹിക്കുന്ന അനുരാഗനദിയെ മനസ്സിൽ ഒതുക്കാൻ ആ തരുണി ശ്രമിക്കുന്നതും സാധിക്കാതെ വിഷമിക്കുന്നതും അത്യധികം ഹൃദ്യമായിരിക്കുന്നു. സുകുമാരകുസുമോപമമായ വദനസൗഭാഗ്യത്താൽ അനുഗൃഹീതയായ ആ തരുണീമണി തന്റെ ആകർഷകമായ രമണീയതകൊണ്ടും സ്പൃഹണീയമായ ഗുണധോരണികൊണ്ടും ആ രാജാധിരാജന്റെ കണ്ണും, കരളും കവർന്നതിൽ എന്താണത്ഭുതം. അദ്ദേഹം പറയുന്നതുനോക്കുക (1-ാംഅങ്കം 16-17-18. 2-ാംഅങ്കം 2-9 ശ്ലോകങ്ങൾ). ശകുന്തള ഒരു വെറും പെൺകുട്ടിയായിരുന്നില്ല. തള്ളിത്തള്ളിവരുന്ന യൗവ്വനത്തിന്റെ തിരത്തള്ളലിൽ ആറാടുന്ന ഒരു യുവതി. പതിനഞ്ചിനും പതിനെട്ടിനും മദ്ധ്യേയുള്ള ഒരു തരുണിയായിരുന്നു അവൾ. (അങ്കം 1) 'അത്രപയോധരവിസ്താരയിതൃ ആത്മനോ യൗവനമുപാലഭസ്വ" (1-ാംഅങ്കം 20-19 അ: 11 2 അ: 3 8) അകൃത്രിമരമണീയമായ അവളുടെ സൗന്ദര്യത്തിൽ കൃത്രിമത്തിന്റെ രേഖപോലും ഇല്ലായിരുന്നു (അവ്യാജമനോഹരം വപുഃ) മുഗ്ദ്ധയായ ആ കാമിനീമണി വിലാസവിചേഷ്ടിതങ്ങൾ യാതൊന്നുംതന്നെയറിഞ്ഞിരുന്നില്ല. ആ സാദ്ധ്വിയുടെ ആകാരം മാത്രമല്ല ആത്മാവും അതിവമനോഹരവും പരിശുദ്ധവും ആയിരുന്നു. വിനയത്തിന്റെ മൂർത്തിയായ ഒരു സൗന്ദര്യകോരകമായിരുന്നു അവൾ.

ദുഷ്ഷന്തനെക്കാണുന്നതുവരെ അനുരാഗം എന്തെന്നു അവൾ അറിഞ്ഞിരുന്നില്ല. അസുലഭമായ പരിതഃസ്ഥിതികളിൽ സ്ത്രീസഹജമായ സൽഗുണങ്ങളുടെയും ഹൃദയശുദ്ധിയുടെയും വിളനിലമായിരുന്നു. അനുരാഗത്തിന്റെ കാഠിന്യംമൂലം ഹൃദയം സർവ്വദാ പ്രകമ്പിതമായിരുന്നു, എങ്കിലും തപസ്വികുലകന്യകയായ തനിക്കു ഈ വികാരത്തിനുള്ള അനർഹതയോർത്തു (കിംനു ഖലു...) സർവ്വദാ സഹചരികളും വിശ്വാസപാത്രങ്ങളും ആയ തന്റെ തോഴിമാരിൽനിന്നുപോലും ആ പരമാർത്ഥം ഒളിച്ചുവയ്ക്കാൻശ്രമിച്ചു. ആര്യമഹിളകളുടെ വിനയത്തിന്റെ വിജയസ്തംഭമാണവൾ. പ്രേമവികാരകലുഷിതമായിരിക്കുമ്പോൾ ഒരു ഹൈന്ദവവനിതയ്ക്കു യോജിച്ചവണ്ണം അവൾ വർത്തിക്കുന്നു.

മൂന്നാംഅങ്കം അവസാനം നോക്കുക. മാരശരപരിത്രസ്തയെങ്കിലും സ്ത്രീസഹജമായ മര്യാദയും, വിനയവും, അവൾ കൈവിടുന്നില്ല. അവളുടെ വിനയത്തിനും ഗുരുഭക്തിക്കും ഉദാഹരണമാണു് 'പൗരവരക്ഷ വിനയം മദനസന്തപ്താപിന ഖല്വാത്മനഃ പ്രഭവാമി" എന്ന അവളുടെ വാക്കുകൾ എന്നാൽ ശാസ്ത്രാനുസാരം പരിണിതയായ ഒരു ധർമ്മപത്നിയായപ്പോൾ ഹൈന്ദവസ്ത്രീധർമ്മത്തിന്റെ മറെറാരുവശം ആ സാദ്ധ്വി മനോഹരമായിട്ടഭിനയിക്കുന്നു. തന്റെഭർത്താവായ രാജേശ്വരനാൽ പരിത്യക്തയാകുമ്പോഴും തൻമൂലം കോപാവിഷ്ടയാകുമ്പോഴും തന്റെ ഭർത്തൃസ്നേഹമോ തന്റെ പത്നിധർമ്മമോ ആ പതിവ്രത വിസ്മരിക്കുന്നില്ല, പരിത്യജിക്കുന്നില്ല. വിരഹകാലത്തും അവൾ തന്റെ പ്രാണവല്ലഭന്റെ മനോഹരാനനം ഹൃദയമുകുരത്തിൽ ദർശിച്ചുകൊണ്ടു സന്ന്യാസജീവിതംതന്നെ നയിക്കുന്നു. (7 ാംഅങ്കം 21-ാംപദ്യം)

"അസ്മാൻസാധുവിചിന്ത്യസംയമധനാൻ" എന്ന കാശ്യപന്റെ വാക്കുകൾ ഇവളുടെ പ്രവൃത്തിമൂലം യഥാർത്ഥമായിത്തീരുന്നു. ആശ്രമപ്രാന്തത്തിലെ പക്ഷിമൃഗാദികളോടും തരുലതാദികളോടും ഉള്ള അവളുടെ സ്നേഹപൂർണ്ണമായ പെരുമാററംതന്നെ അവളുടെ ദയയ്ക്കും, ആർദ്രതയ്ക്കും പ്രത്യക്ഷോദാഹരണമാണു്. സകല ജീവജാലത്തെയും, ഹൃദയംഗമമായി സ്നേഹിക്കാൻ അവൾ അഭ്യസിച്ചുകഴിഞ്ഞിട്ടുണ്ടു്. (1-ാം അങ്കം) ന കേവലം താതനിയോഗ ഏവ, അസ്തിമേ സോദരസ്നേഹോപി ഏതേഷു,... IV-ാംഅങ്കം "താതലതാഭഗിനിം വനജ്യോ

തസ്ാം" ......................ഇവയിൽനിന്നെല്ലാം മേല്പറഞ്ഞ ചെടികളും പുൽകളും പുഴക്കളുംകൂടി കുടുംബക്കാർ എന്ന മനോഭാവം വെളിപ്പെടുന്നുവല്ലോ. ശകുന്തളയുടെ പിതൃസ്നേഹവും ഭക്തിയും അപരിമിതമായിരുന്നു. (അ: IV) തന്റെ സഖികളോടു ശകുന്തളയനുവർത്തിച്ച സോദരീഭാവം ആ കനകത്തിന്റെ സുരഭിലതയായി ലോകർ ഉൽഘോഷിക്കുന്നു. എന്തിനധികം: ശകുന്തള, ഭാരതകവികുലോത്തംസത്തിന്റെ അനന്തകീർത്തിയും ഭാരതജനസമുദായത്തിന്റെ ആരാധ്യദേവിയുമത്രേ.

വിദൂഷകൻ.

വിദൂഷകൻ സംസ്കൃതനാടകത്തിൽ സാധാരണ കാണാറുള്ള ഒരു കഥാപാത്രമത്രേ. കഥാഘടനയ്ക്കുവേണ്ടിയല്ല വെറും ശാസ്ത്രാനുസരണത്തിനുവേണ്ടിയാണു ഈ പാത്രം സൃഷ്ടിക്കപ്പെടുന്നതു്. ഈ നാടകത്തിൽ അയാൾ ഒരു വെറും വിഡ്ഢിമാത്രമല്ല. II–ാംഅങ്കത്തിൽ മാതൃസന്ദേശം ലഭിച്ചപ്പോൾ ഇതികർത്തവ്യതാമൂഢനായിത്തീർന്ന രാജാവിന്റെ പ്രതിപുരുഷനായി അയാൾ പോവുകയും തദ്വാരാ അയാളുടെ സാന്നിധ്യത്താൽ രാജാവിന്റെ പ്രേമത്തിന്റെ അഭംഗുരപ്രവാഹത്തിനു സൗകര്യം അനുവദിക്കുകയും ചെയ്യുന്നു. ആ പ്രേമകഥ, ആ നിമിഷത്തിലെ വെറും ഒരു നേരമ്പോക്കായിരുന്നു എന്നു രാജാവു പറയുമ്പോൾ ആ വിഡ്ഢി അതു വിശ്വസിക്കുന്നു. (പരമാർത്ഥേന ന ഗൃഹ്യതാം വചഃ) അഞ്ചാംഅങ്കത്തിൽ അയാളുടെ വിഡ്ഢിത്വംകാരണം അയാൾ ഹംസപദികയുടെ കൈയിൽപ്പെട്ടു താമസിക്കുന്നു. ശകുന്തളയുടെ രാജസന്നിധിപ്രാപ്തിയിൽ വിദൂഷകൻകൂടി ഉണ്ടായിരുന്നു എങ്കിൽ ശകുന്തളയെ തിരിച്ചറിയുന്നതിനും, പഴയ സംഗതികൾ ഓർമ്മിപ്പിക്കുന്നതിനും ശാപത്താൽ കലുഷിതമാകാതിരുന്ന അയാളുടെ ബുദ്ധിക്കു കഴിയുമായിരുന്നു. അയാളുടെ വിഡ്ഢിത്വംകാരണം അതും നഷ്ടമാകുന്നു. ആറാംഅങ്കത്തിൽ അയാൾ മാതലിയുടെകൈയിൽ ഒരു പാവയായി കളിക്കുന്നു. വിദൂഷകനെ കഠിനമായി പരിഹസിച്ചതുകൊണ്ടു മാത്രമെ രാജാവിനെ അലസതയിൽനിന്നും വിമോചിപ്പിക്കുവാൻ മാതലിക്കും സാധിക്കുന്നുള്ളു. ഇങ്ങനെ ഈ കഥയിൽ വിദൂഷകൻ കഥയുടെ പുരോഗതിയെ സാമമായി സഹായിക്കുന്നു എങ്കിലും വിഡ്ഢിയെന്നനിലയിലല്ല അയാൾ ഇവിടെ പ്രത്യക്ഷപ്പെടുന്നതു്.

അനസൂയയും പ്രിയംവദയും.

പരിശുദ്ധ സഹോദരീസ്നേഹത്തിന്റെ ഉത്തമമാതൃകകളാണു ശകുന്തളയുടെ ഈ തോഴിമാർ. നിസ്വാർത്ഥവും പരിശുദ്ധവും ആയ അവരുടെ സ്നേഹത്തിനു ഉദാഹരണങ്ങൾ ഇതിൽ സുലഭമാണു്. ഇവരുടെ പ്രായവ്യത്യാസം അനുസരിച്ചു അവരുടെ സ്വഭാവത്തിനും അല്പം വ്യത്യാസമുണ്ടു്. ഇരുവരും സംഭാഷണചതുരകളും വിനയസ്വഭാവിനികളുമാണു്. പ്രിയംവദ തന്റെ ആഹ്ലാദസ്വഭാവംകൊണ്ടും ഹൃദയാവർജ്ജകത്വംകൊണ്ടും സ്വനാമത്തെ അർത്ഥവത്താക്കുന്നു. ഇവരിൽ പ്രായംകൂടിയ അനസൂയ ചിന്താശീലയും ഗൗരവപ്രകൃതിയുമത്രേ. ആഢ്യത്വവും വികാരപരതകൊണ്ടും രണ്ടാമത്തവൾ പക്വബുദ്ധികൊണ്ടും അനുഗൃഹീതരാണു്.

കണ്വമഹർഷി.

നമ്മുടെ നായികയുടെ വളർത്തച്ഛനായ കണ്വമഹർഷിയെപ്പററിസ്മരിച്ചു നമുക്കിതുപസംഹരിക്കാം. 4–ാംഅങ്കത്തിൽ അദ്ദേഹം ഒരു പ്രധാനഭാഗം വഹിക്കുന്നു. അതിൽനിന്നു പ്രത്യക്ഷമാകുന്ന സ്വഭാവവിശേഷം തന്റെ ദത്തുപുത്രിയോടുള്ള നിസ്സീമമായ വാത്സല്യം ഒന്നുമാത്രമാണു്. അദ്ദേഹം സർവ്വസംഗപരിത്യാഗിയാണെങ്കിലും തന്റെ പ്രിയപുത്രി തന്നെയും, ആശ്രമത്തെയും വിട്ടുപോകുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ നയനങ്ങൾ അശ്രുകലുഷിതങ്ങളാകുന്നു. തന്റെപുത്രിക്കു നൽകുന്ന ഉപദേശത്തിലും രാജാവിനായിട്ടയക്കുന്ന സന്ദേശത്തിലും അദ്ദേഹം വളരെ പ്രായോഗികത പ്രത്യക്ഷപ്പെടുത്തുന്നുണ്ടു്. പരിപക്വമായ സന്ന്യാസത്തിന്റെ ഫലമായി അദ്ദേഹത്തിനു അമാനുഷികശക്തികളും ലഭിച്ചിട്ടുണ്ടു്. പുരാതനഭാരതത്തിലെ കുടുംബികളായ മഹർഷിശ്രേഷ്ഠന്മാരുടെ ഉത്തമമാതൃകയായി അദ്ദേഹത്തെ കാളിദാസന്റെ തൂലികമുഖേന നാം ദർശിക്കുന്നു.

# ആത്മാനുഭൂതി.

ചങ്ങമ്പുഴ കൃഷ്ണപിള്ള,—ഇടപ്പള്ളി.

എങ്ങുനി,ന്നെങ്ങുനി,ന്നെങ്ങുനിന്നീ
മഞ്ജീരശിഞ്ജിതമുൽഭവിപ്പൂ?
മംഗളമാധുരിവാർന്നിടുമി-
സ്സംഗീതസങ്കേതമേതുരംഗം?
കാലത്തിൻകൈവിരൽസ്പർശമേൽക്കാ-
തീ, നമ്മസല്ലാപമിത്രനാളും,
ഭാവനയിങ്കലൊളിച്ചുവെച്ച-
തേതു, 'വൃന്ദാവന'മായിരുന്നു?...

ഞാനെന്നെത്തന്നെ മറന്നേപോയി
ഞാനെന്നിൽതന്നെ ലയിച്ചുപോയി;
ഞാനൊരത്യത്ഭുതഗാനമായി
വാനോളം പെട്ടെന്നുയർന്നുപോയി;
പുൽക്കൊടിതൊട്ടു, വിയത്തിൽമിന്നും
നക്ഷത്രംപോലുമിന്നെന്റെയായി;
ഭാവനാമോഹനചുംബനംപോൽ
ജീവനുപേർത്തും പുളകമേകി,
എങ്ങുനി,ന്നെങ്ങുനി,ന്നെങ്ങുനിന്നീ
മഞ്ജീരശിഞ്ജിതമുൽഭവിപ്പൂ?

*　　　*　　　*

എത്ര 'ശാകുന്തള'ത്തിങ്കലൂടെൻ
സ്വപ്നസരിത്തു തളർന്നൊഴുകി!
എത്രയോ 'രാധ'കളെന്നിലോരോ
നർത്തനംചെയ്തു പിരിഞ്ഞുപോയി!
പ്രേമംതുളുമ്പിത്തുളുമ്പിവീഴും
മാമകസങ്കല്പ വേണുഗാനം
കാനനപ്പച്ച വിരിച്ചോ,രെത്ര
'കാളിന്ദി'തീരം കടന്നുപോയി!
മത്സഖിമാരെനിക്കേകിട്ടുന്നോ-
രുത്സവങ്ങൾക്കെല്ലാം സാക്ഷിനിൽക്കാൻ,
എത്തിയില്ലെന്നടുത്തെത്രയെത്ര
നിസ്തുലഹേമന്തയാമിനികൾ!

എന്നാലുമായവയൊക്കെ,യെന്നെ-
ക്കണ്ണീരിൽ മുക്കുകയായിരുന്നു;
ആമന്ദഹാസങ്ങളൊക്കെ,യേതോ
ധൂമികകൊണ്ടു പൊതിഞ്ഞിരുന്നു;
അന്നവയിങ്കൽ നിന്നാകമാന-
മെന്നെ ഞാൻ വേറിട്ടു കണ്ടിരുന്നു!

*　　　*　　　*

ഇന്നെനിക്കെന്നെ മറക്കുവാനായ്
എന്നിലേയ്ക്കെന്തും ലയിക്കുവാനായ്,
ഈ ദിവ്യസംഗീത,മിവെളിച്ച-
മേതുദിക്കിങ്കൽ നിന്നാഗമിപ്പൂ?
അത്യന്തശൂന്യതയിങ്ക,ലേതോ
സത്യംകറങ്ങുന്ന സൗരയൂഥം,
കർമ്മപ്രവാഹത്തിലാകമാനം
ബിംബിതമായ് കാൺമതുററുനോക്കി,
ഒന്നുമറിയുവാനായിടാതെ
ഖിന്നനായ് തേങ്ങിക്കരയുമെന്നെ,
അത്ഭുതമാന്ത്രികസ്പർശനത്താൽ
തട്ടിയുണർത്തുവാനെന്നപോലെ,
എങ്ങുനി,ന്നെങ്ങുനി,ന്നെങ്ങുനിന്നീ
മഞ്ജീരശിഞ്ജിതമുൽഭവിപ്പൂ?...
...　...　...　...　...　...

ആനന്ദംകൊണ്ടു തളർന്നല്ലോഞാൻ!!
ആരുനീ,യാരുനീ, യോമലാളെ?...


സ്വാദും, ശരീരത്തിനു സുഖവും നൽകുന്നതും പാചകത്തിനു എളുപ്പവുമുള്ള

"രുക്മിണികുക്കർ"

വാങ്ങുവിൻ.

ഒരാൾക്കുമുതൽ 16 പേർക്കുവരെ ചോറും കറികളും ഒരേസമയം പാകംചെയ്യാവുന്ന കുക്കറിനു് ക്രമംപോലെ, 1–41 രൂപാവരെ വിലയുണ്ടു്. വില വിവരപ്പട്ടിക ഇനാം.

രുക്മിണികുക്കർ C/o
രായപുരം, മദ്രാസ്.

ഏജൻറന്മാർ.

1. സി. വീ. കുഞ്ഞുവറീതു്, ബ്രാഡ്വേ, എറണാകുളം.
2. എസ്. പി. കൃഷ്ണപിള്ള, വലിയകട, കൊല്ലം.

ഇൻഡ്യൻഎംപോറിയം, മെയിൻറോഡ്, തിരുവനന്തപുരം.

# പാചകകല.

എസ്സ്. ഏ. പിള്ള; കടയ്ക്കൽ.

(രണ്ടാംഭാഗം)

“പാചകകല”യുടെ ഒന്നാംഭാഗം കഴിഞ്ഞ ലക്കത്തോടുകൂടി അവസാനിച്ചിരിക്കുന്നു. അതിൽ വെള്ളംമുതൽ പലഹാര പാചകക്രമങ്ങൾവരെയുള്ള പാചകോപയുക്തങ്ങളായ സകല സാധനങ്ങളുടെയും ഗുണദോഷനിരൂപണങ്ങൾ, ശുദ്ധീകരണപദ്ധതികൾ, പാകക്രമങ്ങൾ, ഇവ സമഷ്ടിയായി പ്രതിപാദിച്ചിരുന്നു.

പാചകരീതിയിൽ എവിടേയും തഴക്കവും പഴക്കവുമാണ് മുന്നിട്ടുനിൽക്കേണ്ടതെന്നും, പുസ്തകത്തിൽ കണ്ട തോതിൽ അളന്നൊ, തൂക്കിയോ, മതിച്ചോ ചേർത്തു പാചകകൃത്യം സുഗമമാക്കിക്കൊള്ളാൻ പ്രയാസമാണെന്നും, പല ഘട്ടങ്ങളിലും ചൂണ്ടിക്കാണിച്ചിട്ടുള്ളതു് ആ സംഗതിയിൽ അതിനുള്ള പ്രാധാന്യം ചിന്തിക്കുമ്പോൾ ഒരിക്കലും അധികമായിപ്പോയി എന്നു വരുന്നതല്ല. പാചകനു ശരിയായ കൈപ്പുണ്യം ഉണ്ടായിരിക്കണമെന്ന സംഗതി എപ്പോഴും ഓർത്തിരിക്കുവാനുള്ളതാണ്. കൈപ്പുണ്യം തികഞ്ഞ പാചകന്റെ പാചകകൃത്യത്തിന് ഒരു പ്രത്യേകത ഉണ്ടായിരിക്കുമെന്നുള്ളതും തർക്കമററ സംഗതിയാകുന്നു. മരുന്നു ഒന്നാണെങ്കിലും അതു എടുത്തുകൊടുക്കുന്ന വൈദ്യന്റെ കൈപ്പുണ്യത്തിനനുസരിച്ചുള്ള ഫലം രോഗിയിൽ പ്രത്യക്ഷപ്പെട്ടു കാണുന്നുണ്ട്. ഇതുപോലെയത്രെ ഈ സൂദവിദ്യയിലും അനുഭവപ്പെട്ടുപോരുന്നതു്. ചിലപാചകന്മാർ എത്രതന്നെ നിഷ്കർഷയോടുകൂടിയും സൂക്ഷ്മതയിലും പെരുമാറിയാലും എന്തെങ്കിലും ഒരു കുററം ഉണ്ടായിരിക്കുന്നതു് സർവ്വസാധാരണമാണ്. എന്നാൽ മററു ചിലർ—തഴക്കവും പഴക്കവും തന്നിമിത്തം കൈനിശ്ചയവും ലഭിച്ചിട്ടുള്ളവർ ഉപ്പും മുളകും പുളിയും മാത്രം അരച്ചുചേർത്തു് ഒരുസംബന്തി ഉണ്ടാക്കിയാലും അതിന്റെ സ്വാദ് ഒന്നുവേറെതന്നെ. അതിനൊരു കുററംപറയുവാൻ ആരു എത്രതന്നെ ശ്രമിച്ചാലും സാധിക്കയുമില്ല. അതിനാൽ പാചകവിദ്യയ്ക്കു് അറിവിനേക്കാൾ പഴക്കത്തിനുതന്നെയാണ് പ്രാധാന്യം കല്പിക്കേണ്ടതു്.

സസ്യപാകത്തിൽ പാചകന്റെ മേൽനോട്ടത്തിൽ സൂക്ഷിക്കുന്ന ഒരു ചെറുതോട്ടം ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണ്. അതിൽ വലിയതരം കൃഷികൾ ഒന്നും നടത്തേണ്ടതില്ല. പാചകത്തിനു അത്യന്താപേക്ഷിതമായ ചില സാധനങ്ങൾ (കറിസാമാനങ്ങളല്ല) അതിൽവച്ചു പിടിപ്പിച്ചുകൊള്ളുന്നതു് വളരെ ഉപകാരപ്രദമായിരിക്കും. ഉള്ളി, മല്ലി, ഇവ ആ ചെറുതോട്ടത്തിൽ പാകിക്കിളിപ്പിച്ചുകൊള്ളണമെന്നു മാത്രമെ ഇവിടെ വിവക്ഷയുള്ളു. പച്ചകൊത്തമല്ലിയും, ഉള്ളിയുടെ മൃദുവായ മുളയും മിക്ക കറികളിലും ചേർക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നതിനാൽ മുൻകൂട്ടി ഒരു തോട്ടം ഉണ്ടാക്കി ഇവ നട്ടുകിളിപ്പിച്ചിരിക്കുന്നതു കൂടുതൽ സൌകര്യത്തിനു് ഒരു ഉത്തമമാർഗ്ഗമായിരിക്കും. അടുക്കളമേധാവിയുടെ പ്രത്യേകനോട്ടത്തിൽതന്നെ ഈ തോട്ടം സൂക്ഷിക്കയും കഴിയുന്നിടത്തോളം വൃത്തിയുള്ള സ്ഥലം ഇതിനു ഉപയോഗിക്കയും അനേകംപേരുടെ കൈകാര്യത്തിനു അനുവദിക്കാതിരിക്കയും ചെയ്യണം. ഇതിൽ മേൽപ്പറഞ്ഞ സാധനങ്ങൾ കൂടാതെ, കറിവേപ്പ്, പൊതിനാ (മിൻറ്) മുതലായി കറികൾക്കു് അത്യാവശ്യം വേണ്ട ചില്ലറസാധനങ്ങൾകൂടി കൃഷിചെയ്തിരിക്കുന്നതു് പ്രയോജനകരമാകുന്നു. പൊതിനാകൃഷിയെപ്പററി മുമ്പൊരു ലക്കം “ചിത്രവാരിക”യിൽ ശ്രീമാൻ പി. കെ. നാരായണൻവൈദ്യർ അവർകൾ വിശദമായി പ്രസ്താവിച്ചിരുന്ന സംഗതിയും ഇവിടെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. പച്ചക്കൊത്തമല്ലിയും, ഉള്ളിയുടെ മുള (മൃദുവായ ഇല)യും ചില സസ്യക്കറികളിൽ സ്വാദുവർദ്ധിപ്പിക്കുന്നതിനു പററിയ സാധനങ്ങളാണെന്നുകൂടി ധരിച്ചിരിക്കണം.

ഇനി പ്രകൃതത്തിലേക്കുതന്നെ കടക്കാം. ഏതിനുംഒരു മുഖവുര ആവശ്യമാണെന്നുള്ള ന്യായബോധംകൊണ്ടു മാത്രം മേൽകാണുന്ന ഖണ്ഡികകൾ ചേർത്തു് വായനക്കാരെ മുഷിപ്പിച്ചുപോയിട്ടുള്ളതാകുന്നു. വിഭവങ്ങളുടെ സാരമായ ന്യൂനതയോടുകൂടി ഭക്ഷണം കഴിച്ച ഒരാളിനോടു ഊണുകഴിഞ്ഞോ എന്നു ചോദിച്ചാൽ ഓ—എന്നു് നീട്ടിപ്പറയുകയും കാരണംചോദിക്കുമ്പോൾ “കൂട്ടാനൊന്നുമുണ്ടായിരുന്നില്ലെന്നും, ഒരു “ചമ്മന്തിയും ചോറു” മായിരുന്നെന്നും പറയുക സാധാരണ പതിവായിത്തീർന്നിരിക്കയാണല്ലൊ. അപ്പോൾ സംബന്തിയും ചോറുമെന്നതു തീരെ നികൃഷ്ടമായിട്ടൊ, നിസ്സാരമായിട്ടൊ ആയിരിക്കണം ഗണിച്ചിരിക്കുന്നതു്. എന്നാൽ അതിന്റെ വാസ്തവം അങ്ങിനെയല്ല. വിശപ്പുകൊണ്ടു് ക്ഷീണിച്ചു പരവശനായിത്തീർന്നിരിക്കുന്ന ഒരുവനു് സംബന്തിയും ചോറും അല്പം മോരുംകൂടി കിട്ടിയാൽ ധാരാളമായി. തൃപ്തിയായി വയറുനിറയെ ഭക്ഷിക്കയും ചെയ്യും. എന്നാൽ ഒരു നല്ല പാചകനാൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ഒരു സംബന്തിയെ ഉദ്ദേശിച്ചാണ് ഇങ്ങനെ പ്രസ്താവിച്ചിട്ടുള്ളതു്. അതു മററു സസ്യക്കറികളെക്കാൾ അനേകം മടങ്ങു രുചിപ്രദമായിരിക്കുമെന്നും, നാലഞ്ചുവക കൂട്ടാന്റെ ന്യൂനത ആ സംബന്തിക്കു പരിഹരിക്കാൻ യോഗ്യത ഉണ്ടായിരിക്കുമെന്നും ഉള്ള സംഗതി തീർച്ചയാകുന്നു. അതിനാൽ സംബന്തിയെ ഒരു കൂട്ടാന്റെ സ്ഥാനത്തുനിന്നു് പരിത്യജിക്കേണ്ട ആവശ്യം ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. ശരിയായ ഒരു പാചകനാൽ ന്യായമായി ഉണ്ടാക്കപ്പെടുന്ന സംബന്തിക്കു കൂട്ടാൻവർഗ്ഗങ്ങളുടെയിടയിലും ഒരു നല്ലസ്ഥാനം കല്പിക്കപ്പെടുകതന്നെ വേണം. ഇത്രയുംകൂടി ഈ മുഖവുരനീട്ടിയതിന്റെ പ്രധാന ഉദ്ദേശ്യം, കൂട്ടാൻവർഗ്ഗത്തിൽ ഇങ്ങേ അററത്തേതെന്നു് സങ്കല്പിച്ചു നിസ്സാരകോടിയിൽ തള്ളിയിരിക്കുന്ന “സംബന്തി” മുതൽ സസ്യപാചകക്രമം അടങ്ങീട്ടുള്ള ഈ രണ്ടാംഭാഗം ആരംഭിക്കണമെന്നു മാത്രമാകുന്നു.

## സംബന്തികൾ.

ഇവ എണ്ണത്തിൽ അനേകം ഉണ്ടു്. അവയിൽ പ്രാധാന്യം അർഹിക്കുന്ന ഏതാനും എണ്ണത്തെപ്പററി മാത്രമേ ഞാൻ ഇവിടെ വിവരിക്കുന്നുള്ളു. നല്ല തഴക്കമുള്ള—അല്ലെങ്കിൽ യുക്തിയുള്ള ഒരു പാചകനാണെങ്കിൽ ഇവ കൂടാതെ മററനേകം വിധത്തിലുള്ള പല സാധനങ്ങൾചേർത്തും സംബന്തികളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. എന്നാൽ സംബന്തിപ്രയോഗത്തിൽ ഒരു സംഗതി പ്രത്യേകം നിഷ്കർഷയായിരിക്കേണ്ടതാകുന്നു. അതായതു്, സംബന്തി അരയ്ക്കുന്നതു വളരെ നേർമ്മയായിപ്പോകരുതെന്ന സംഗതി വിസ്മരിച്ചു പ്രവർത്തിക്കുന്നപക്ഷം അതിന്റെ ശരിയായ സ്വാദ് നഷ്ടപ്പെടുമെന്നുള്ളതാകുന്നു. നല്ല നേർമ്മയായി അരച്ചോ ആട്ടിയോ എടുക്കുന്ന സംബന്തി മറേറതിനേ അപേക്ഷിച്ചു വളരെ രുചിക്കുറവുള്ളതായിരിക്കും. ആട്ടുകല്ലിൽ ആട്ടിയെടുക്കുന്നതിനു വിഷമമൊ പരിചയക്കുറവോ പ്രയാസമോ നേരിടുന്ന പക്ഷം മാത്രം അരകല്ലിൽ അരച്ചെടുത്തുകൊള്ളണം. എങ്കിലും നിവൃത്തിയുള്ളപക്ഷം ആട്ടുകല്ലിൽതന്നെ ആട്ടിയെടുക്കണമെന്നും അതിനു സ്വാദു കൂടിയിരിക്കുമെന്നും ചുരുക്കമായി പ്രസ്താവിച്ചുകൊള്ളട്ടെ. എല്ലാ സംബന്തികൾക്കും ഉള്ള വ്യഞ്ജനയോഗങ്ങൾ മിക്കവാറും ഒന്നുപോലെതന്നെ. പരസ്പരം രുചിവ്യത്യാസം വരുന്നതു് അതോടുകൂടിച്ചേർക്കുന്ന സാധനങ്ങളുടെ വിവിധത്വംകൊണ്ടു മാത്രമാകുന്നു.

(1) സാധാരണസംബന്തി.—(തേങ്ങാസംബന്തി) ഇതു് നമ്മുടെ വീടുകളിൽ സാധാരണ ധൃതഗതിയിൽ അരച്ചുപോരുന്നതാണ്. ചുരണ്ടി എടുത്തിട്ടുള്ള നാളികേരം, എരിവിന്റെ ആവശ്യത്തിനുതക്ക പച്ചമുളക്, പാകത്തിനു് ഉപ്പു പുളിയും, അല്പമാത്രയിൽ പച്ചക്കൊത്തമല്ലി, ഇവയെല്ലാംകൂടിച്ചേർത്തു് അധികം നേർമ്മയാകാതെ ആട്ടിയോ അരച്ചോ എടുത്താൽമതി. പച്ചക്കൊത്തമല്ലിയുടെ അഭാവത്തിൽ അതിനുപകരം കറിവേപ്പില ചേർത്തുകൊള്ളണം. ഇതുരണ്ടും ഉപയോഗിക്കുന്നില്ലെങ്കിൽ കൊത്തമല്ലിയും കായവും ചേർത്തുകൊള്ളേണ്ടതാണ്.

(2) വറുത്തരച്ച സംബന്തി:—തേങ്ങാ വളരെ ചെറുതായി തിരുകി എടുത്തു ജലമയം വററത്തക്കവണ്ണം ചീനച്ചട്ടിയിൽതട്ടി അല്പമൊന്നു വറുത്തുകൊള്ളണം. പിന്നീടു തേങ്ങയുടെ പകുതി അളവിൽ ഉഴുന്നു് എണ്ണപിരട്ടി വറുത്തെടുക്കണം. അല്പം പുളിയും പച്ചമുളകും പാകത്തിനു് ഉപ്പും കൊത്തമല്ലിയും കായവുംചേർത്തു വറുത്തുവച്ചിട്ടു

ള്ള തേങ്ങയും ഉഴുന്നുംകൂടി അരച്ചെടുക്കണം. ഇതു് സാധാരണ സംബന്തികളിൽ ഏററവും രുചിയുള്ളതാകുന്നു തേങ്ങാ വറുക്കാതെ പച്ചയായും ഉപയോഗിക്കുന്നതിൽ ദൂഷ്യമില്ല. പക്ഷെ രുചിക്കു ഭേദം ഉണ്ടായിരിക്കും.

(3) ഇടിച്ച സംബന്തി:—നല്ലതുപോലെ വിളഞ്ഞുപഴുത്ത തേങ്ങാ പൊടിയായി ചുരണ്ടിയെടുത്തു ചുമക്കെ വറുക്കണം. അതിൻെറ കാൽപങ്കു കൊത്തമല്ലിയും അതിൽ പകുതി ഉലുവായും എരിവിനുതക്കവണ്ണം വററൽമുളകും പ്രത്യേകം വെളിച്ചെണ്ണപിരട്ടി വറുത്തുകൊള്ളണം. കല്ലുരലിൽ ആദ്യമായി മുളകും മല്ലിയും തേങ്ങയും ഉലുവായുംതട്ടി ശരിയായി ഇടിച്ചുകൊള്ളണം. അതിനുശേഷം പൊരിച്ചുവച്ചിട്ടുള്ള കായവും പാകത്തിനു് ഉപ്പും പുളിയുംചേൎത്തു വീണ്ടും ഇടിച്ചു ശരിയായി യോജിപ്പിച്ചു് എടുത്തു ഒരു ഭരണിയിലൊ സ്ഫടികപാത്രത്തിലൊ സൂക്ഷിച്ചുകൊള്ളണം. ശരിയായി വരുത്തിടിച്ചിട്ടുള്ള ഇടിസ്സംബന്തി മൂന്നാഴ്ചവരെ കനച്ചുപോകാതെ രുചിപ്രദമായിരിക്കുന്നതാകുന്നു.

(4) തുവരസ്സംബന്തി:—തുവരപ്പരിപ്പു് എണ്ണ പിരട്ടാതെ വറുക്കണം. തേങ്ങാ ചെറുതായി ചുരണ്ടിയെടുക്കണം. അതു വറുക്കണമെന്നു നിർബന്ധമില്ല. ഉപ്പു്, പുളി, പച്ചമുളകു്, കൊത്തമല്ലി, അല്പംകായം ഇവയാണിതിൻെറ യോഗം. ഇവയെല്ലാം കൂടി ചേൎത്തു അരച്ചോ ആട്ടിയോ എടുത്തുകൊള്ളണം. തേങ്ങാ വറുത്തും ചേൎത്തുകൊള്ളാം. പകുതി തേങ്ങാ വറുത്തും പകുതി പച്ചയായും ചേൎത്തും പാകപ്പെടുത്താം. ഈ മൂന്നുവിധത്തിലുള്ള സംബന്തിക്കും രുചി മൂന്നുതരത്തിലായിരിക്കും.

(5) ഉഴുന്നുപരിപ്പു സംബന്തി:—ഇതിനു് ഉഴുന്നുപരിപ്പും തുവരപ്പരിപ്പും ഉപയോഗിക്കാം. രണ്ടിൽ ഏതെങ്കിലും ഒന്നു വെളിച്ചെണ്ണപിരട്ടി നല്ലതുപോലെ മൂപ്പിച്ചു വറുത്തുകൊള്ളണം. ഇതോടുകൂടി പുഴുങ്ങി എടുത്ത വാഴയ്ക്കാ ചെറുതായി അരിഞ്ഞു ചേൎത്തുകൊള്ളണം. ഇവയും, പ്രത്യേകം പ്രത്യേകം എണ്ണപിരട്ടി വറുത്തിട്ടുള്ള വററൽമുളകു്, ഉലുവാ, ഇവയും അല്പം കടുകും, പച്ചക്കറിവേപ്പിലയും പാകത്തിനു് ഉപ്പും പുളിയും ചേൎത്തു അരയ്ക്കണം. വ്യഞ്ജനങ്ങൾ പകുതിഅരവാകുമ്പോൾ പരിപ്പും വാഴയ്ക്കായും ചേൎത്തു് അരച്ചുകൊള്ളേണ്ടതാകുന്നു.

(6) മുതിരസ്സംബന്തി:—മുതിര ചുവക്കെവറുത്തു പരിപ്പാക്കണം അതിൻെറ മൂന്നിൽ ഒരുഭാഗം ചുരണ്ടിയെടുത്ത തേങ്ങായും എരിവിനുതക്കവണ്ണം വററൽമുളകും, പാകത്തിനു് ഉപ്പും പുളിയും, അല്പം ചുവന്നുള്ളിയും അതിൻെറ കാൽഅംശം വെളുത്തുള്ളിയും പച്ചക്കറിവേപ്പിലയും ചേൎത്തരച്ചുകൊള്ളണം. ഇതു പഥ്യമായ ഒരു സംബന്തിയാകുന്നു. ഇതോടുകൂടി പുളിമാത്രം ചേൎക്കാതെ, ശേഷമുള്ളവ അരച്ചോ ആട്ടിയോ, പൊടിച്ചോ എടുത്തുകൊണ്ടാൽ "മുതിരത്തുവയൽ" എന്നു പ്രസിദ്ധിനേടിയ സംബന്തിയായി ഈ തുവയൽ തമിഴൎക്കു അതിപ്രധാനമാണു്. ഏവൎക്കും ശരീരസ്ഥിതിക്കു് ഇതു് പഥ്യാനുകൂലമായ ഒരു സംബന്തിതന്നെ.

(7) വിളാങ്കാസംബന്തി:—പച്ചവിളാങ്കാ ചുരണ്ടി എടുത്തു എണ്ണയിൽവാട്ടി അതോടുകൂടി കറിവേപ്പിലയും, കൊത്തമല്ലിയും, പാകത്തിനു് ഉപ്പും പച്ചമുളകും, ചേൎത്തരച്ചുകൊള്ളണം. വിളാങ്കായ്ക്കു പുളിരസം ഉള്ളതിനാൽ പുളി ഈ സംബന്തിക്കു് ചേൎക്കേണ്ട ആവശ്യം ഇല്ലതന്നെ.

(8) ഉള്ളിസംബന്തി:—ഉപ്പു്, പുളി, പച്ചമുളകു്, അല്പം കൂടുതലായി ഉള്ളി, കറിവേപ്പില ഇവ ചേൎത്തരച്ചു് അല്പം വെളിച്ചെണ്ണ ഒഴിച്ചു കലക്കിക്കൊണ്ടാൽ ഇടനാട്ടിൽ നടപ്പുള്ള ഒരു പ്രധാന സംബന്തിയാകും. ഇതിൽ കായവുംകൂടി അരച്ചുചേൎത്തുകൊണ്ടാൽ സ്വാദും സുഗന്ധവും ഇരട്ടിക്കും. ഇതോടുകൂടി കറിവേപ്പില ചേൎക്കുന്നപക്ഷം കൊത്തമല്ലി വൎജ്ജിക്കണമെന്നും, കൊത്തമല്ലി ചേൎക്കുന്നതായാൽ കറിവേപ്പില വൎജ്ജിക്കണമെന്നും, അറിഞ്ഞിരിക്കേണ്ടതാണു്.

(9) പച്ചപ്പുളി സംബന്തി:—ഇതിനു നിവൃത്തിയുള്ളിടത്തോളം പിഞ്ചായുള്ള പച്ചപ്പുളിയാണു ഉപയോഗിക്കേണ്ടതു്. കനത്ത തോടു ചെത്തിക്കളയണം. അതോടുകൂടി പച്ചകാന്താരിമുളകും, ഉപ്പും, കറിവേപ്പിലയുംചേൎത്തു അരച്ചെടുക്കണം. ഇതിനു രുചിയേറുമെങ്കിലും അപഥ്യമായ ഒരു സാധനമാകുന്നു. പേരിനോ, കൊതിക്കോ, അല്പമായിട്ടേ ഉപയോഗിക്കാവൂ. അധികമായാൽ വയറുകടിക്കു കാരണമായേക്കാം. ഗൎഭിണികൾക്കു ഏററവും ഹിതകരമായ ഒരു സംബന്തിയത്രെ ഇതു്. അതിൽനിന്നും കടന്നുകൂടാവുന്ന ദൂഷ്യങ്ങളെ ചിന്തിക്കുന്നതിനു് അതിൻെറ രുചി അനുവദിക്കുകയുമില്ല.

(10) പുളിമ്പൂസംബന്തി:—പുളിയുടെ പൂവു് മണ്ണുപിരളാതെ എടുത്തു പച്ചയായിട്ടോ, വെളിച്ചെണ്ണയിൽ അല്പം ഒന്നു വാട്ടിയോ അല്പം നാളികേരവും പച്ചമുളകും ഉപ്പുംചേൎത്തു അരച്ചെടുത്താൽ സാമാന്യം സ്വാദുള്ള ഒരു സംബന്തിയാകും.

(11) മാങ്ങാസംബന്തി:—വിളവു ചെന്ന മാങ്ങാ ആയിരിക്കണം. അല്പം മധുരസ്വാദു് ആരംഭിച്ചതായിരുന്നാൽ ഏററവും ഉത്തമം. അതിൻെറ തോൽ ചെത്തിക്കളഞ്ഞശേഷം ചെറുതായി അരിഞ്ഞുവച്ചുകൊണ്ടു വററൽമുളകും ഉപ്പും ചുവന്നുള്ളിയും കറിവേപ്പിലയുംചേൎത്തു് അരച്ചു അല്പം വെളിച്ചെണ്ണ യോജിപ്പിച്ചുകൊണ്ടാൽമതി. ഇതിലേക്കു നാട്ടുമാങ്ങായേക്കാൾ പുളിരസംകുറവുള്ള കപ്പമാങ്ങയാണു നന്നായിരിക്കുന്നതു്. അതു കിട്ടാത്തപക്ഷം പുളിസ്വാദു കുറവുള്ള നാട്ടുമാങ്ങാ ചേൎത്തുകൊള്ളേണ്ടതാണു്.

(12) ഉപ്പുമാങ്ങാ സംബന്തി:—ഇതിനു് ഉപ്പലിട്ടിട്ടുള്ള നാട്ടുമാങ്ങായാണു് ആവശ്യം. ഏകദേശം മൂന്നുമാസത്തെ പഴക്കമെങ്കിലും അതിനുണ്ടായിരിക്കയുംവേണം. അകത്തുള്ള അണ്ടികളഞ്ഞു ഉപ്പും, പച്ചമുളകും, നാളികേരവും, കറിവേപ്പിലയും ചേൎത്തു അരച്ചുകൊണ്ടാൽമതി. പഴഞ്ചോറിനു അത്യുത്തമമത്രെ.

13 ചേനസംബന്തി:—പച്ചചേന അതിൻെറ തൊലി അല്പം ഘനത്തിൽ ചെത്തിക്കളഞ്ഞു് ചെറുകഷണമാക്കി വച്ചുകൊള്ളണം. വററൽമുളകു്, പുളി, ഉപ്പു, ജീരകം, കറിവേപ്പില ഇവയും ചേനക്കഷണവും ചേൎത്തരച്ചു് സ്വല്പം വെളിച്ചെണ്ണ വീഴ്ത്തി ഇളക്കി ഉപയോഗിക്കണം. ഇതു ഒരു പഥ്യമായ കൂട്ടാനാകുന്നു. അൎശസ്സുള്ളവൎക്കു ഇതു ഏററവും ഹിതമായ ഒരു സംബന്തിയത്രെ. പച്ചച്ചേന ചൊറിച്ചിലുണ്ടാക്കുമെന്നുള്ള സംശയം പലൎക്കും ഉണ്ടായിരിക്കാം. എന്നാൽ അപ്രകാരം സംഭവിക്കയില്ലെന്നു തീൎച്ചതന്നെ. കൂടുതൽ സംശയമുള്ളവർ അല്പം പുളി കൂടുതൽചേൎത്തു പാകപ്പെടുത്തിക്കൊള്ളേണ്ടതാകുന്നു.

14. പുളിയാരൽ സംബന്തി—പുളിയാരൽ കഴുകി വാഴപ്പോളയിലൊ, ഇലയിലൊ വൃത്തിയായി പൊതിഞ്ഞു് കനൽത്തീയിൽ ഇട്ടു വാട്ടി എടുത്തു അല്പം നല്ലമുളകും വററൽമുളകും, കരിവെപ്പിലയും ഉപ്പും, കൊത്തമല്ലിയും കായവുംചേൎത്തരച്ചുകൊള്ളണം. വററൽമുളകിനുപകരം പച്ചമുളകും ചേൎക്കാറുണ്ടു്. അതും രുചിപ്രദംതന്നെ. ദീപനശക്തി വൎദ്ധിപ്പിക്കുന്നതിനു ഇതിനു കൂടുതൽ ശക്തിയുണ്ടു്. ഇതും ഒരു പഥ്യമായ സാധനംതന്നെ.

15 ഉപ്പനച്ചസംബന്തി— ഉപ്പനച്ച (വനഞ്ചി)ത്തിൻെറ ഇല അരമുള്ളതാകുന്നു. കൈകൊണ്ടുതൊട്ടാൽ മുള്ളുപോലെ കൊണ്ടുകേറുന്നതായി തോന്നും. അതിൻെറ ഇലപറിച്ചു വാഴപ്പോളയിൽ പൊതിഞ്ഞു് കനലിൽ വാട്ടി നല്ലമുളകും, പച്ചമുളകും, കറിവേപ്പിലയും, ഉപ്പും, മല്ലിയും കായവുംചേൎത്തരച്ചുകൊള്ളണം: ഇതിൻെറ ഇലയ്ക്കു അല്പമായ പുളിരസമുള്ളതാകുന്നു.

(തുടരും)


പ്രചാരത്തിനായി മത്സരവില



വളരെ ബലമുള്ള വെള്ളവല കൊണ്ടുണ്ടാക്കപ്പെട്ടതോ മനോഹര വൎണ്ണങ്ങളിലുള്ളതോ ആയതും വളരെ ഈടുള്ളതുമായ സ്വദേശി കൊതുകുവലകൾ, ഒരേവിലയ്ക്കു വിൽക്കപ്പെടുന്നു. ഇഷ്ടമുള്ള ഏതു വലിപ്പത്തിലും ആർഡർ കിട്ടിയ 4 മണിക്കൂറിനകം ചെയ്തുതരുന്നതാണു്.

| നീളം. | വീതി. | ഉയരം. | | വില. | |
|---|---|---|---|---|---|
| 6 | 3½ | 2½ | 1 | 14 | 0 |
| 6 | 4 | 4 | 2 | 0 | 0 |
| 6½ | 4½ | 4½ | 2 | 8 | 0 |
| 7 | 5 | 5 | 3 | 0 | 0 |
| 7½ | 6 | 6 | 4 | 0 | 0 |

ഏതെങ്കിലും നാലുവലകൾ ഒരുമിച്ചു വാങ്ങുന്നവൎക്കു തപാൽചിലവും 6 എണ്ണം വാങ്ങുന്നവൎക്കു ഇക്കാണുന്ന മനോഹരമായതും ൫ വർഷത്തെ ഗാറൻറിയുള്ളതുമായ നിക്കൾ റിസ്റ്റവാച്ചും ഇനാം. മാതൃക കട്ടിംഗ്സിനു് അപേക്ഷിക്കുക.

Bijaya Shambhu & Co
Bara Bazar, Calcutta.



Cure for Tooth Trouble etc.
Consult Dr. Philip Modiel,
Surgeon Dentist,
Statue Road, Trivandrum.

കഥാപംക്തി.

# ചന്ദ്രോദയം.

## അദ്ധ്യായം ൧൨.

(തുടൎച്ച.)

ഒരു മനോഹരമായ പ്രഭാതത്തിൽ ഡാക്ടർ കൃഷ്ണമേനവനും രാമചന്ദ്രനുംകൂടി ഒരു മോട്ടാർകാറിൽകയറി കേശവക്കുറുപ്പിന്റെ മന്ദിരത്തിലേക്കു തിരിച്ചു. വഴിമദ്ധ്യേ കുറുക്കെ ചാടാൻതുടങ്ങിയ ഒരു പൂച്ചയെ കൊല്ലാതെ കാർവിടാൻ ഡ്രൈവർ വിഷമിക്കേണ്ടിവന്നു. കുറുപ്പദ്ദേഹം വല്ലയിടത്തും പോയിരിക്കയായിരിക്കുമോ എന്നു ഡ്രൈവർ ചോദിച്ചതിനു ഇനിയും നിന്റെ അന്ധവിശ്വാസംനശിച്ചില്ലേ? എന്നായി ഡാക്ടർ. ഇതിനു ഡ്രൈവർ ഒന്നുംമറുപടി പറഞ്ഞില്ല. യാത്രയുടെ ബാക്കിഭാഗം വിശേഷസംഭവം ഒന്നുംകൂടാതെ കഴിഞ്ഞു സന്ദർശകന്മാർ കുറുപ്പിന്റെ സൗധത്തിൽ എത്തിയപ്പോൾ അതു പൂട്ടിയിട്ടിരിക്കുന്നതായികണ്ടു. അവിടെ ഒരു സൂക്ഷിപ്പുകാരൻ മാത്രമെ ഉണ്ടായിരുന്നുള്ളു. അവനോടു ചോദിച്ചതിൽ കുറുപ്പു പത്നിയുടെ സ്വദേശമായ മാവേലിക്കരയ്ക്കു അവരോടുകൂടി പോയിരിക്കയാണെന്നും രണ്ടാഴ്ചയ്ക്കുശേഷമെ തിരിയെ വരുകയുള്ളൂ എന്നും ആഗതന്മാൎക്കു മനസ്സിലായി. കാർ തിരിച്ചുവിടാൻ ഡാക്ടർ പറഞ്ഞപ്പോൾ ഡ്രൈവർ ഒരു ചെറുചിരിയോടുകൂടിയാണു് ആ ആജ്ഞയെ കൈക്കൊണ്ടതു്. ആ മൂന്നുപേരിലുംവച്ചു കഠിനമായ ആശാഭംഗം ഉണ്ടായതു രാമചന്ദ്രനായിരുന്നുവെന്നു പറയേണ്ടതില്ലല്ലൊ. അവനു തന്നിമിത്തം വ്യസനം തോന്നുകയുംചെയ്തു.

കുംഭമാസത്തിലെ കടുത്ത വെയിലിന്റെ ഫലമായി തിരുവനന്തപുരംനഗരത്തിലെ നിവാസം അസഹ്യമായിത്തീൎന്നതിനാൽ കുഞ്ഞുലക്ഷ്മിയമ്മയും സരളയും രാമചന്ദ്രനുംകൂടി നെയ്യാററിൻകരയുള്ള ഒരു ഭവനത്തിലേക്കു മാറിത്താമസിച്ചു. നീരസങ്ങളായ സസ്യങ്ങളും പരിശുദ്ധമായ പശുവിൻപാലും ഒന്നാന്തരം നാഞ്ചിനാടൻഅരിയും സുലഭമായിട്ടുള്ള ആ സ്ഥലം അവൎക്കു അത്യാനന്ദപ്രദമായിരുന്നു. പോരെങ്കിൽ സ്ഫടികസ്വച്ഛവും ശീതളവുമായ നെയ്യാററിലെ ജലപ്രവാഹത്തിൽ അതിരാവിലെയുള്ള കുളിയും "കൈരണ്ടിൽ പുതുവെണ്ണയോടു കദളീപകം" ധരിച്ചുനില്ക്കുന്ന ബാലഗോപാലസ്വാമിയുടെ ദർശനവും അവൎക്കു ആനന്ദപുളകം ജനിപ്പിക്കുന്നവയായിരുന്നു. ഹാൎമ്മോണിയംവായനയിൽ സമൎത്ഥയായ സരള ചിലദിവസം വൈകുന്നേരം ശ്രുതിമധുരങ്ങളായ ഗാനങ്ങൾകൊണ്ടു കുഞ്ഞുലക്ഷ്മിയമ്മയെയും രാമചന്ദ്രനെയും ആനന്ദസാഗരത്തിൽ മുഴുകിക്കാറുണ്ടായിരുന്നു. അവിടത്തെ ആഹ്ലാദമയമായ ജീവിതംകൊണ്ടു രാമചന്ദ്രന്റെ രോഗശാന്തി നിശ്ശേഷം തിരോഹിതമായി.

---

## അദ്ധ്യായം ൧൩.

സരളയും കുഞ്ഞുലക്ഷ്മിയമ്മയുംകൂടി ഒരു ദിവസം ഉച്ചതിരിഞ്ഞു തേച്ചുകുളിക്കാനായി നെയ്യാററിലേക്കു തിരിച്ചു. അവർ സ്വൈരമായി സ്നാനംചെയ്തുകഴിഞ്ഞു് വസതിയിലേക്കു പുറപ്പെട്ടപ്പോൾ അപ്രതീക്ഷിതമായി ഒരു മഴപെയ്യാൻ ആരംഭിച്ചു അടുത്ത വീടുകളിലെങ്ങും കേറിനില്ക്കാൻ ഉദ്യമിക്കാതെ അവർ ഉദ്ദേശം മുക്കാൽനാഴികയകലെയുള്ള താമസസ്ഥലത്തു ചെല്ലുന്നതുവരെ നനയുകയാണു ചെയ്തതു്. താമസസ്ഥലത്തു എത്തിയപ്പോൾ തണുപ്പുകൊണ്ടു് രണ്ടുപേരും നല്ലപോലെ കിടുകിടുക്കുന്നുണ്ടായിരുന്നു. അവർ പെട്ടെന്നു ഈറൻവസ്ത്രങ്ങൾ മാററി ഉണങ്ങിയ വസ്ത്രങ്ങൾധരിക്കുകയും തീകാച്ചുകയും ചെയ്തു. മഴനനഞ്ഞതുകൊണ്ടു ഒരുപക്ഷെ പനി പിടിച്ചേക്കുമോ എന്നു സുകുമാരഗാത്രിയായ സരളയ്ക്കു ഭയംതോന്നി. പിറേറദിവസം അരുണോദയമായപ്പോൾ കുഞ്ഞുലക്ഷ്മിയമ്മ എഴുന്നേററു വെളിയിൽവന്നു സരളയ്ക്കു ജ്വരം പിടിപെട്ടിരിക്കുന്നവിവരം രാമചന്ദ്രനെഅറിയിച്ചു. ഒരു ജ്യേഷ്ഠസഹോദരിയേപ്പോലെയാണു രാമചന്ദ്രൻ സരളയെ ഗണിച്ചുപോന്നതു്. ആയതുകൊണ്ടു ഈ വൎത്തമാനം രാമചന്ദ്രനെ കലശലായി ദുഃഖിപ്പിച്ചു. അവൻ കരയാൻതുടങ്ങുന്നതുകണ്ടു കുഞ്ഞുലക്ഷ്മിയമ്മ അവനെ സമാശ്വസിപ്പിച്ചുകൊണ്ടു ഇങ്ങനെ പറഞ്ഞു "രാമചന്ദ്രാ! നീ കരയരുതു്. സുഖക്കേടു സാരമില്ല. ഒന്നു രണ്ടുദിവസത്തിനകം ഭേദമാകും. ഇതാ ഈ എഴുത്തുംകൊണ്ടു നീ ഇപ്പോൾതന്നെ തിരുവനന്തപുരത്തുപോയി ഡാക്ടർ കൃഷ്ണമേനവനെ കൂട്ടിച്ചുകൊണ്ടുവരണം. വഴിച്ചിലവിനുംമററും പണം ഈ മണിബാഗിൽ ഉണ്ടു്. ഉടനേതന്നെ പുറപ്പെടണം" രാമചന്ദ്രൻ ഉടനേതന്നെ യാത്രചെയ്വാനുള്ള വേഷം ധരിച്ചു പുറപ്പെടാൻ സന്നദ്ധനായി. അപ്പോൾ കുഞ്ഞുലക്ഷ്മിയമ്മ വേറെ ഒരു എഴുത്തുംകൂടി അവനെ ഏല്പിച്ചു.

കുഞ്ഞു:—ഈ എഴുത്തു തപാലാഫീസിലിടാനുള്ളതാണു്. പക്ഷെ ഇതു ഇപ്പോൾ അയയ്ക്കണമൊ എന്നു ഞാൻ സംശയിക്കുന്നു

രാമ:—ആ എഴുത്തു ആൎക്കാണമ്മെ?

കുഞ്ഞു:—അതോ, അതു നമ്മുടെ സുരേന്ദ്രനുള്ളതാണു്. എന്റെ മകൻ സുരേന്ദ്രനെ നീ കണ്ടിട്ടില്ല, ഇല്ലേ?

രാമ:—ആ ചേട്ടൻ ഇപ്പോൾ എവിടെയാണു്?

കുഞ്ഞു:—അവൻ ഇപ്പോൾ മദ്രാസിലാണു്. അവിടത്തെ വലിയ ആശുപത്രിയിൽ അവനു ജോലികിട്ടിയിട്ടു അധികമായില്ല.

രാമ:—അപ്പോൾ ചേച്ചിയുടെ സുഖക്കേടിന്റെ വിവരം ചേട്ടനു എഴുതി അയച്ചാൽ അതിന്റെ ഗുണദോഷം ചേട്ടനു മനസ്സിലാകുമല്ലൊ. വേണമെങ്കിൽ മരുന്നുംകൊണ്ടു ഉടനെ ഇങ്ങോട്ടു വരുകയും ചെയ്യാമല്ലൊ.

കുഞ്ഞു:—നീ പറഞ്ഞതു ശരിയാണു്. അക്കാൎയ്യം ഞാനും ആലോചിക്കാതിരുന്നില്ല. ഈ നിസ്സാരമായ ദീനത്തിനു അവനെ വെറുതെ ബുദ്ധിമുട്ടിക്കണോ എന്നാണു ഞാൻ സംശയിച്ചതു്. ഏതായാലും നീ ആ എഴുത്തു തപാലാഫീസിൽഇട്ടേക്കു്.

രാമചന്ദ്രൻ ഉടൻതന്നെ കുഞ്ഞുലക്ഷ്മിയമ്മയുടെ ഭവനത്തിൽനിന്നും ഇറങ്ങി ഒററ ഓട്ടത്തിൻ മോട്ടാറാഫീസിൽ എത്തി. ദൈവസഹായത്താൽ അവിടെ ചെന്നഉടൻതന്നെ അവനു മോട്ടാർ കിട്ടി. ഉദ്ദേശം ഒരു മണിക്കൂർകഴിഞ്ഞപ്പോൾ അവൻ തിരുവനന്തപുരത്തു എത്തി; ഡാക്ടർ കൃഷ്ണമേനവനെ കാണാൻ ഉടനടി തമ്പാനൂരേക്കു പാഞ്ഞു. ഡാക്ടരദ്ദേഹം ഒരു രോഗിയെനോക്കാൻ പടിക്കലേക്കു ഇറങ്ങിയ സമയത്താണു രാമചന്ദ്രൻ അവിടെ എത്തിയതു്. അവനെ കണ്ടപ്പോൾതന്നെ കുഞ്ഞുലക്ഷ്മിയമ്മയുടെ ഭവനത്തിൽ ആൎക്കോ സുഖമില്ലെന്നു മേനോൻ ഊഹിച്ചു. രാമചന്ദ്രൻ കുഞ്ഞുലക്ഷ്മിയമ്മയുടെ എഴുത്തെടുത്തു ഡാക്ടരുടെ കൈയിൽ കൊടുത്തു. അദ്ദേഹം അതു വായിച്ചുനോക്കിയിട്ടു "എന്തു്, സരളയ്ക്കു സുഖക്കേടോ? പനിയാണോ?" എന്നു ചോദിച്ചു.

രാമ:—അതെ. ഇന്നലെ ഒന്നു മഴനനഞ്ഞതുകൊണ്ടാണു് പനി തുടങ്ങിയതെന്നു തോന്നുന്നു.

ഡാ:—ഭയപ്പെടാനൊന്നുമില്ല രാമചന്ദ്രൻ തിരിയെ പൊയ്ക്കോ. എനിക്കു അത്യാവശ്യമായി രണ്ടുമൂന്നു രോഗികളെ ഇന്നുതന്നെ പരിശോധിക്കാനുണ്ടു്. അതുകഴിഞ്ഞാലുടൻ ഞാൻ നെയ്യാററിൻകരയ്ക്കു വന്നുകൊള്ളാം സരളയ്ക്കു ലഘുവായ ആഹാരമെ കൊടുക്കാവൂഎന്നുമാത്രം പറഞ്ഞേക്കണം.

രാമചന്ദ്രനു ഡാക്ടരോടു യാത്രചോദിക്കാൻ സൗകൎയ്യം കിട്ടുന്നതിനുമുമ്പു അദ്ദേഹം കാറിൽകയറി മറഞ്ഞുകഴിഞ്ഞിരുന്നു. തന്റെ യാത്ര സഫലമായതിൽ സന്തോഷിച്ചുകൊണ്ടു രാമചന്ദ്രൻ വീണ്ടും മോട്ടാർസ്റ്റാൻഡിലേക്കുപോയി. അവിടെ ചെന്നപ്പോൾ അടുത്ത കിഴക്കൻവണ്ടിപുറപ്പെടാൻ കുറച്ചു താമസമുണ്ടെന്നു മനസ്സിലായി. എന്നാൽ സ്വല്പം കാപ്പികുടിക്കാമെന്നു കരുതി അവൻ ഒരു കാപ്പിക്കടയിൽ കയറി. കാപ്പികുടികഴിഞ്ഞു ഉത്സാഹപൂൎവ്വം പൊതുനിരത്തിലേക്കു അവൻ ഇറങ്ങുമ്പോൾ വാതിൽക്കൽവച്ചു ഒരു കിളരംകൂടിയ മനുഷ്യന്റെ ദേഹത്തിൽ ഒന്നു മുട്ടുന്നതിനിടയായി. അയാൾ ഷൎട്ടിന്റെ മീതെ വച്ചു മുണ്ടുടുത്തു, ചെവികൾ മൂടത്തക്കവണ്ണം ഒരു നേൎയ്യതുകൊണ്ടു തലക്കെട്ടുകെട്ടിയ ഒരു യുവാവായിരുന്നു. "എനിക്കുപോകാൻ ധിറുതിയുണ്ടായിരുന്നു നിങ്ങൾ ഇവിടെ നില്ക്കുന്നതു ഞാൻ കണ്ടുമില്ല. അറിയാതെയാണു ഞാൻ നിങ്ങളുടെ മേത്തുമുട്ടിയതു് ക്ഷമിക്കണം" എന്നു അയാളോടു രാമചന്ദ്രൻ മാപ്പുചോദിച്ചു. അയാളാകട്ടെ കണ്ണുരുട്ടി രാമചന്ദ്രനെ അതികുപിതനായി നോക്കിക്കൊണ്ടു ഒട്ടു അവനോടായി

ട്ടും "ഒട്ടു സ്വാഗതമായും" ഇങ്ങനെ പറഞ്ഞു. "ഇതാരു വിചാരിച്ചിരുന്നതാണു്. നീ ഇവിടെ എന്തുചെയ്യുന്നു. എൻെറ വഴിതടുക്കുവാൻ നീ ചുടലയിൽനിന്നും എണീററുവന്നിരിക്കയാണോ." അനന്തരം രാമചന്ദ്രൻെറനേക്കു കൈയോങ്ങിക്കൊണ്ടു അയാറം മുന്നോട്ടു പാഞ്ഞു. എന്നാൽഅയാളുടെ കാലുതെററി അയാറം നെഞ്ചടിച്ചു നിലത്തു വീഴുകയാണുചെയ്തതു്. അയാറം വായിൽനിന്നു നുരയും പതയും വമിച്ചുകൊണ്ടിരുന്നു. രാമചന്ദ്രൻ അടുത്തുചെന്നു അയാളെ പിടിച്ചു എഴുന്നേൽപിച്ചിരുത്തി, ഒരുപാത്രം കാപ്പി വാങ്ങിച്ചുകൊടുത്തു അയാളുടെ ക്ഷീണത്തിനു ശമനം വരുത്തുകയും ചെയ്തു. അയാറം ഈ സഹായത്തിനു വേണ്ടി നന്ദിപ്രകടിപ്പിച്ചു.

രാമചന്ദ്രൻ നട്ടുച്ചയ്ക്കുമുമ്പു കുഞ്ഞുലക്ഷ്മി അമ്മയുടെ വസതിയിൽ തിരിച്ചെത്തി. ഓരോ നിമിഷം കഴിയുംതോറും സരളയുടെ ജ്വരം വർദ്ധിച്ചുവന്നു. കുഞ്ഞുലക്ഷ്മിയമ്മയും രാമചന്ദ്രനും ഉൽക്കണ്ഠാകുലരായി. രാത്രിയിൽ ആറേഴുനാഴിക ഇരുട്ടിയപ്പോഴേയ്ക്കും സരളയ്ക്കു ബുദ്ധിമാന്ദ്യവും ഉണ്ടായി. അവറം അസംബന്ധങ്ങറം വിളിച്ചുപറയാൻതുടങ്ങി അപ്പോഴും ഡാക്ടർ കൃഷ്ണമേനവൻ വന്നുചേർന്നില്ല. കുഞ്ഞുലക്ഷ്മിയമ്മ വളരെ വിഷമിച്ചു നില്ക്കുന്നതുകണ്ടു.

രാമചന്ദ്രൻ: - അമ്മേ! ഞാൻ ഒന്നുകൂടി തിരുവനന്തപുരത്തിനു പോകട്ടെയോ?

കുഞ്ഞു:—നമുക്കു ഒരുനാഴികകൂടി കാത്തിരിക്കാം. അദ്ദേഹം വരാതിരിക്കയില്ല.

അതേനിമിഷത്തിൽ പടിക്കൽ ഒരു കാറുവന്നുനിന്നു. വിളക്കുമെടുത്തുകൊണ്ടു രാമചന്ദ്രൻ പടിക്കലേക്കു കുതിച്ചുപാഞ്ഞു. ഡാക്ടർ കൃഷ്ണമേനവൻതന്നെയായിരുന്നു അവിടെ എത്തിയതു്. രാമചന്ദ്രനും കുഞ്ഞുലക്ഷ്മിയമ്മയ്ക്കും ഒട്ടു സമാധാനമായി.

ഡാക്ടർ നേരേ രോഗിണിയുടെ സമീപത്തിലേക്കു ചെന്നു. അദ്ദേഹം കുറച്ചു നേരം അവളെ പരിശോധിച്ചുനോക്കി. കുഞ്ഞുലക്ഷ്മിയമ്മയും രാമചന്ദ്രനും ഡാക്ടരുടെ മുഖഭാവം സൂക്ഷിച്ചുകൊണ്ടുനിന്നു. പക്ഷെ അവക്കു യാതൊന്നും ഗ്രഹിക്കാൻ കഴിഞ്ഞില്ല. ഡാക്ടർ എന്തഭിപ്രായമാണു പറയുവാൻ പോകുന്നതെന്നു അറിയാൻ അവർ രണ്ടുപേരും അതികുതൂഹലംകാണിച്ചു. കൊലക്കേസ്സിലെപ്രതിക്കു സെഷ്യൻജഡ്ജിയുടെ വിധികേറംക്കാനും ഇത്ര അക്ഷമ കാണുമെന്നു തോന്നുന്നില്ല.

ഡാക്ടർ:—ഇതു വലിയ കഷ്ടമാണല്ലോ. ഇവറം എത്ര ചെറുപ്പമാണു! എത്ര ഗാഢമായി സ്നേഹിക്കപ്പെടുന്നവളുമാണു്. കഷ്ടം! ഈ പനി ഭേദമാകുന്നകാര്യ്യം സംശമാണു്. എല്ലാം ദൈവഹിതംപോലെ സംഭവിക്കട്ടെ!

ഇത്രയുംകേട്ടപ്പോറം കുഞ്ഞുലക്ഷ്മിയമ്മയുടെ ഹൃദയം തകർന്നു. രാമചന്ദ്രൻ ജീവച്ഛവമായി.

ഏതായാലും രോഗത്തിൻെറ അവസാനംവരെ ഡാക്ടർ അവിടെനിന്നുംപോകരുതെന്നു കുഞ്ഞുലക്ഷ്മിയമ്മ നിർബന്ധിച്ചു. ഒരു നിവൃത്തിയുണ്ടെങ്കിൽ രോഗംഭേദമാക്കാമെന്നു അദ്ദേഹം ഏററു. രോഗം ഭേദമാകുന്നതുവരെ അവിടെത്തന്നെ താമസിക്കാമെന്നും സമ്മതിച്ചു.

പിറെറദിവസം പ്രഭാതമായി. രോഗിണി കിടക്കയിൽതന്നെ കിടക്കുന്നതേയുള്ളു. കാററത്തു കർപ്പൂരം എന്നപോലെ ജ്വരത്തിൻെറ ശക്തിനിമിത്തം അവളുടെ ഓജസ്സു ക്രമേണ ക്ഷയിച്ചുകൊണ്ടിരുന്നു. കുഞ്ഞുലക്ഷ്മിയമ്മയ്ക്കും രാമചന്ദ്രനും കണ്ണുനീരുതോരുന്നില്ല. "ദൈവമേ! സരളയുടെപനി ഭേദമാക്കണെ" എന്നു ഹൃദയം വഴിഞ്ഞൊഴുകുന്ന ഭക്തിയോടുകൂടി അവർ രണ്ടുപേരും സദാ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ഒരുദിവസം ഉച്ചതിരിഞ്ഞപ്പോറം സരള ഉറങ്ങാൻതുടങ്ങി. ക്ഷണത്തിൽ അവറം അഗാധമായ നിദ്രയിൽ മുഴുകി. "സരള ഈ ഉറക്കത്തിൽനിന്നും ഉണരുന്നതു ഒന്നുകിൽ പനിമാറി സുഖപ്പെടാനായിരിക്കും, അല്ലെങ്കിൽ ഈ ലോകത്തോടു എന്നെന്നേക്കുമായി യാത്രചോദിക്കാനായിരിക്കും" എന്നു ഡാക്ടർ അഭിപ്രായപ്പെട്ടു. അവറം ഉണർന്നുകഴിഞ്ഞാൽ ഒരു പരിശോധനനടത്തിയിട്ടു ഏതുഫലമാണു ഉറക്കംകൊണ്ടുണ്ടായതെന്നു പറയാമെന്നും അദ്ദേഹം ഏററു.

ഡാക്ടരും കുഞ്ഞുലക്ഷ്മിയമ്മയും രാമചന്ദ്രനുംകൂടി സരള ഉണരുന്ന ആ അതിപ്രധാനമായ നിമിഷത്തെ പ്രതീക്ഷിച്ചിരുന്നു. അവരുടെ മൂന്നുപേരുടേയുംആഗ്രഹം ശുഭലക്ഷണം കാണണമേയെന്നായിരുന്നു എന്നു പ്രത്യേകം പറയേണ്ടല്ലോ.

---


# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah of Travancore.)

**CHAIRMAN:- K. C. PANDALAI B. Sc. (LOND.)**

Subscribed Capital :- 15,60,400.

Capital Paid up :- 7,93,589 3 - 11.

Reserve and other Funds :- 2,23,500.

## HEAD OFFICE:- ALLEPPEY.

**Branches· TRIVANDRUM, CHANGANACHERRY, COCHIN & QUILON.**

**SUB-OFFICES: ERNAKULAM, KAYAMKULAM & KOTTAYAM.**

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind of Banking Business transacted.

For Particulars apply to

C. KRISHNAMENON M. A
MANAGER ALLEPPEY.

or to the
CHAIRMAN
COLLEGE BUILDINGS
ESPLANADE, MADRAS.

 REG. NO. M. 2689 & T. 122.

# THE MALAYALA RAJYAM

10th SEPT. 1934.

## CHITRAVARIKA.

Vol. VII. No. 1.

# ചില നല്ല പ്രസിദ്ധീകരണങ്ങൾ.

| | രൂ. | ണ. |
|---|---|---|
| തുളസീദാസരാമായണം ഒന്നാം ഭാഗം | 1 | 4 |
| ,, രണ്ടാം ഭാഗം | 1 | 4 |
| അദ്ധ്യാത്മരാമായണം വലിയക്ഷരം (ഒന്നാംതരം) | 1 | 8 |
| നാരായണീയം ഭാഷാവ്യാഖ്യാനസഹിതം | | 12 |
| ശ്രീമത് ഭഗവത് ഗീത (സവ്യാഖ്യാനം) | 0 | 8 |
| പ്രായോഗികവേദാന്തം 3 ഭാഗങ്ങൾ | 2 | 0 |
| അദ്ധ്യാത്മചിന്താമണി | 1 | 0 |
| ഹഠയോഗപ്രദീപിക (സവ്യാഖ്യാനം) | 0 | 8 |
| പ്രബന്ധരത്നാവലി ഭാഷാവ്യാഖ്യാനം | 1 | 0 |
| പ്രബന്ധമാല്യം | 0 | 8 |
| വേലുത്തമ്പിദളവാ | 0 | 8 |
| മുഹമ്മദുനബി | 2 | 0 |
| അഹിഭയം അഥവാ കേരളകാളിദാസൻ | 1 | 8 |
| അംഗനാചുംബനം, മൂന്നുഭാഗങ്ങൾ | 2 | 4 |
| പ്രേമധാമം അഥവാ സുവർണ്ണകുമാരി | 0 | 12 |
| താരാഭായി | 1 | 0 |
| കമലാഭായി | 1 | 0 |
| മരതകമണി | 0 | 12 |
| അരമനരഹസ്യം | 1 | 0 |
| കാലന്റെ കൊലയറ | 1 | 0 |
| ചിത്രലേഖ | 0 | 12 |
| അമരസിംഹൻ | 0 | 12 |
| ഹോരാഫലരത്നാവലി | 0 | 8 |
| കേരളീയപ്രശ്നരത്നം | 0 | 6 |
| മഹാമനുഷ്യാലയചന്ദ്രിക | 0 | 6 |
| അഷ്ടാംഗഹൃദയം അരുണോദയം എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയതു് | | |
| സൂത്രസ്ഥാനം ഒന്നാംഭാഗം | 1 | 4 |
| ,, രണ്ടാംഭാഗം | 1 | 4 |
| ശാരീരസ്ഥാനം | 1 | 0 |
| നിദാനം | 1 | 4 |
| ചികിത്സിതസ്ഥാനം ഒന്നാംഭാഗം | 1 | 8 |
| രസരാജതരംഗിണി ഒന്നാംഭാഗം | 1 | 0 |
| ,, രണ്ടാംഭാഗം | 1 | 8 |
| ദാമ്പത്യശാസ്ത്രം | 0 | 8 |
| കാമകലാസഞ്ചികകൾ മുഴുവൻ | 1 | 8 |
| തയ്യൽഅദ്ധ്യാപകൻ | 0 | 8 |
| തയ്യൽപ്രബോധിനി | 0 | 5 |
| ജപ്പാൻ | 0 | 9 |
| പ്രണയപാശം | 1 | 0 |
| കുസുമോത്സവം | 1 | 8 |
| വാസിനി | 0 | 12 |
| ഇന്ദിര | 1 | 0 |
| പ്രണയപ്രതികാരം | 1 | 0 |
| മായാമണ്ഡലം | 1 | 8 |
| സെസിലിയുടെ പ്രണയം | 0 | 4 |

പള്ളിക്കൂടങ്ങളിലേക്കു ആവശ്യമുള്ള സകല റിക്കാർട്ടുകളും സ്റ്റേഷനറി സാമാനങ്ങൾ മുതലായവയും എപ്പോഴും മിതമായവിലയ്ക്കു ഇവിടെ കിട്ടുന്നതാണു്.

## ശ്രീരാമവിലാസം ബുക്ക്ഡിപ്പോ

കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.